കെ.എസ്.എ-കെ.ടി.എം.പി.18/430/17 തീയതി: 29.3.17

# കോട്ടയം ജില്ലാപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലാപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.01.2016 മുതൽ 31.01.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 67 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ 22.3.17 ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി റംലാബീവി പി.എ. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.02.2017- 20.03.2017 | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | | |
| ബാച്ച് ലീഡർ | ശ്രീ.എസ്.ഷൈജു | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ബാച്ച്-1(പൊതുമരാമത്ത് പ്രവൃത്തികളുടെ ഓഡിറ്റ്) | ശ്രീ.സാബു സി. ജോർജ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.നടരാജൻ പി.ബി. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി മായ ആർ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സജി പി.ആർ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മുഹ്സിൻ ഫൈസൽ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീ.രാജേഷ് എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ദർശന വി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ശിവരാജ് പി. | ഓഡിറ്റർ |
| ബാച്ച്-2 (ഭരണ നിർവ്വഹണച്ചെലവുകൾ, പ്രവർത്തന ചെലവുകൾ, വാർഷിക ധനകാര്യ പത്രികയുടെ പരിശോധന, ദൈനംദിന സാമ്പത്തിക ഇടപാടുകളുടെ പരിശോധനയും സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഓഡിറ്റും) | ശ്രീ.എം.എൻ.രാധാകൃഷ്ണൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി സുലത ഡി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ലേഖ വി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മനു എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ലൂക്കോസ് കുര്യൻ | ഓഡിറ്റർ(ഹ.ഗ്രേ.) |
| ബാച്ച്-3 (ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഓഫീസർ, ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസർ, ജില്ലാ സാമൂഹ്യനീതി ഓഫീസർ എന്നിവർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഓഡിറ്റ്) | ശ്രീമതി രേഖ ആർ. | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീമതി ശ്രീലത ആർ.ബി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ജോർജ്ജുകുട്ടി ജോസഫ് | ഓഡിറ്റർ(ഹ.ഗ്രേ) |
| ബാച്ച്-4 (വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ-കൃഷി എന്നിവർ നടപ്പിലാക്കിയ പ്രോജക്ടുകളും ജില്ലാ വിത്തുൽപാദനകേന്ദ്രം-കോഴാ, വാലാച്ചിറ, ജില്ലാ കൃഷിത്തോട്ടം-കോഴാ എന്നീ സ്ഥാപനങ്ങളിലെ സാമ്പത്തിക വിനിമയങ്ങളുടെ ഓഡിറ്റും) | ശ്രീ.പി.ജി.പ്രസാദ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സ്മിത ജി. നായർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സുമേഷ് പി.വി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഷാജിമോൻ പി.ബി. | ഓഡിറ്റർ |
| ബാച്ച്-5 [(മൃഗസംരക്ഷണ ഡെപ്യൂട്ടി ഡയറക്ടർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഓഡിറ്റ്) ബാച്ച്-2 പ്രകാരമുള്ള ജോലികൾക്ക് പുറമെ] | ശ്രീമതി സുലത ഡി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മനു എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ബാച്ച്-6 (അലോപ്പതി, ആയുർവേദം, ഹോമിയോ, സിദ്ധ എന്നീ വിഭാഗങ്ങളുടെ ജില്ലാതല മെഡിക്കൽ | ശ്രീമതി ഇന്ദുലേഖ എ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| ഓഫീസർമാർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ എന്നിവർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഓഡിറ്റ്) | ശ്രീമതി സുനിത എം.എസ്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ബാച്ച്-7(മണർകാട് പൗൾട്രി ഫാമിലെ സാമ്പത്തിക ഇടപാടുകളുടെ ഓഡിറ്റ്) | ശ്രീ.രതീഷ് സി.ആർ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സുധ ജേക്കബ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി നിർമ്മല ജിമ്മി | 01.04.2015-31.10.2015 |
| | ശ്രീ.ജോഷി ഫിലിപ്പ് | 01.11.2015-31.03.2016 |
| സെക്രട്ടറി | ശ്രീ.വിൽസൺ മാത്യൂ | 01.04.2015-31.05.2015 |
| | ശ്രീ.രാജൻ വി ആർ (എഫ്.ഒ. ചാർജ് സെക്രട്ടറി) | 01.06.2015- 23.09.2015 |
| | ശ്രീ.അശോക് ടി.എസ്. (സെക്രട്ടറി-ഇൻ-ചാർജ്ജ്) | 24.09.2015- 31.03.2016 |

നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര്, വകുപ്പ് | പേര് | കാലയളവ് |
|---|---|---|
| ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം | ഡോ.എ.ജി.അനിൽകുമാർ | 01.04.2015-22.05.2015 |
| | ഡോ.ശശീന്ദ്രൻ നായർ | 23.05.2015-10.07.2015 |
| | ഡോ.മഞ്ജു സെബാസ്റ്റ്യൻ | 11.07.2015-31.03.2016 |
| എക്സിക്യൂട്ടീവ് എൻജിനീയർ,<br>എൽ എസ് ജി ഡി, കോട്ടയം | ശ്രീമതി സി.കെ.ജിജി | 01.04.2015-31.03.2016 |
| ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം | ശ്രീമതി ജസ്സി ജോസഫ് | 01.04.2015-30.06.2015 |
| | ശ്രീ.പി.പി.പോൾ | 01.07.2015-03.10.2015 |
| | ശ്രീ.സി.എ.സന്തോഷ് | 04.10.2015-05.10.2015 |
| | ശ്രീ.പി.പി.പോൾ | 06.10.2015-20.10.2015 |
| | ശ്രീ.സി.എ.സന്തോഷ് | 21.10.2015-31.03.2016 |
| ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം | ശ്രീ.ടോം സി. ആന്റണി | 01.04.2015-31.03.2016 |
| ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ | ശ്രീമതി അനുരാധ ബി.എസ്. | 01.04.2015-31.03.2016 |
| ജില്ലാ സാമൂഹ്യനീതി ഓഫീസർ | ശ്രീ.ജെബിൻ ലോലിത സെയ്ൻ | 01.04.2015-19.04.2015 |

| | | |
|---|---|---|
| | ശ്രീ.സുരേഷ് കുമാർ പി. | 20.04.2015-30.06.2015 |
| | ശ്രീ.ജെബിൻ ലോലിത സെയ്ൻ | 01.07.2015-19.07.2015 |
| | ശ്രീ.സുരേഷ് കുമാർ പി. | 20.07.2015-27.10.2015 |
| | ശ്രീമതി ശിവന്യ എസ്.എൻ. | 28.10.2015-30.10.2015 |
| | ശ്രീ.പൊന്നപ്പൻ കെ.എൻ. | 31.10.2015-10.11.2015 |
| | ശ്രീമതി ശിവന്യ എസ്.എൻ. | 11.11.2015-31.03.2016 |
| ഫാം സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം, കോഴാ | ശ്രീമതി യു.കവിത | 01.04.2015-07.08.2015 |
| | ശ്രീ.കെ.എസ്.പ്രദീപ് | 08.08.2015-16.08.2015 |
| | ശ്രീമതി സാലി ജോസഫ് | 17.08.2015-31.03.2016 |
| അസിസ്റ്റന്റ് ഡയറക്ടർ, റീജിയണൽ പൗൾട്രി ഫാം, മണർകാട് | ഡോ.രാജേഷ് വി.ആർ. | 01.04.2015-09.03.2016 |
| | ഡോ.മായാ ജെയിംസ് | 10.03.2016-31.03.2016 |
| അസിസ്റ്റന്റ് ഡയറക്ടർ, സംസ്ഥാന വിത്തുൽപാദന കേന്ദ്രം, വാലാച്ചിറ | ശ്രീമതി സിസി കുര്യൻ | 01.04.2015-31.03.2016 |
| അസിസ്റ്റന്റ് ഡയറക്ടർ, സംസ്ഥാന വിത്തുൽപാദന കേന്ദ്രം, കോഴാ | ശ്രീമതി ലിസ്സമ്മ തോമസ് | 01.04.2015-10.07.2015 |
| | ശ്രീമതി ആഷാ വർഗീസ് | 11.07.2015-31.03.2016 |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1--പൊതുഅവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |

| | |
|---|---|
| 1-8 | ആഭ്യന്തരനിയന്ത്രണം |
| 1-9 | മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2--വരവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷികകണക്കുകളുടെ അവലോകനം |
| 2-2 | ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ട് നിലനിർത്തുന്നു |
| 2-3 | എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ വാണിജ്യ ബാങ്കിൽ അക്കൗണ്ട് തുടങ്ങിയത് ക്രമവിരുദ്ധം |
| 2-4 | ഇ-ടെൻഡർ നടപടികളുടെ ഭാഗമായി ഓൺലൈൻ ബാങ്കിംഗ് സമ്പ്രദായത്തിലൂടെ വരവ് വെക്കപ്പെടുന്ന ടെൻഡർ ഫീ, ഇ എം ഡി ഫീ വരവ് /റീഫണ്ട് വിനിമയം വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല |
| 2-5 | ഏറ്റുമാനൂർ ഗവ: വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ വളപ്പിലുണ്ടായിരുന്ന 30 വർഷം പഴക്കമുള്ള കെട്ടിടം അപ്രത്യക്ഷമായി- അധികൃതരുടെ അനാസ്ഥ- ഉത്തരവാദികളെ കണ്ടെത്തി നടപടി സ്വീകരിച്ചിട്ടില്ല |
| 2-6 | അവകാശികളില്ലാത്ത സ്ഥിരനിക്ഷേപങ്ങൾ ജില്ലാ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല |
| 2-7 | രസീതു പിരിവ്- ഒടുക്കിൽ കുറവ് |
| ഭാഗം 3--ചെലവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | മാലിന്യ നിർമ്മാർജ്ജന ഫർണസ് നിർമ്മാണം – പ്രവൃത്തിമൂല്യവും നികുതിറിക്കവറികളും കണക്കാക്കിയതിൽ അപാകത |
| 3-2 | സാമൂഹ്യസുരക്ഷാ മിഷന് ജില്ലാപഞ്ചായത്ത് വിഹിതം നൽകൽ – വിശദമായ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല |
| 3-3 | എസ്.എസ്.എ.യ്ക്ക് വിഹിതം നൽകൽ – വിശദമായ വിനിയോഗ വിവരം ലഭ്യമല്ല |
| 3-4 | ജില്ലാ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് തനതുഫണ്ടിൽ നിന്നും തുക ചെലവഴിച്ചിരിക്കുന്നു |
| 3-5 | ഐ.റ്റി.ഡി.പി.-ഭവന നിർമ്മാണ പദ്ധതി |
| 3-6 | മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത പ്രോജക്ട് നടപ്പിലാക്കി – ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 3-7 | ലഭ്യമാക്കാത്ത സ്റ്റീൽ അലമാരയ്ക്ക് വില നൽകിയത് – ജില്ലാ പഞ്ചായത്തിന് നഷ്ടം |

| | |
|---|---|
| 3-8 | പദ്ധതി മുൻകൂർ പിൻവലിക്കൽ – സർക്കാർ ഉത്തരവിന് വിരുദ്ധം |
| 3-9 | ഗവൺമെന്റ് സ്കൂളുകൾക്ക് കമ്പ്യൂട്ടറൈസ്ഡ് ലൈബ്രറി പ്രോജക്ട് നിർവ്വഹണത്തിലെ വീഴ്ചകൾ – പദ്ധതിപ്പണത്തിന്റെ പാഴ്ചെലവ് |
| 3-10 | വിദ്യാജ്യോതി – വിദ്യാശ്രീ പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ |
| 3-11 | ഫാം വിപുലീകരണത്തിന് അലങ്കാരച്ചെടികൾ വാങ്ങൽ- മാതൃസസ്യങ്ങൾ പൂർണമായി ലഭ്യമായിട്ടില്ല |
| 3-12 | വിവിധ പ്രോജക്ടുകൾക്ക് മോണിട്ടറിങ് ചാർജ് നൽകിയത് അനുവദനീയമല്ല |
| 3-13 | സ്കൂളുകളിൽ കംപ്യൂട്ടർ ക്ലിനിക്ക്- രേഖകൾ ഓഡിറ്റിന് ലഭ്യമായില്ല |
| 3-14 | പട്ടികവർഗവിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സൈക്കിൾ വാങ്ങൽ- രേഖകൾ അപൂർണ്ണം |
| 3-15 | സൈക്കിൾ വിതരണം (എസ്.സി.പി.) പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ |
| 3-16 | മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നുള്ള നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്കിയത്- രേഖകളിൽ അവ്യക്തത |
| 3-17 | പന്ത്രണ്ടാം പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായി പൊതുമരാമത്ത് പ്രവൃത്തി നടപ്പാക്കി |
| 3-18 | ഗുണഭോക്തൃസമിതി നിർവഹണം നടത്തിയ പ്രോജക്ട് – മാർഗരേഖ പാലിച്ചിട്ടില്ല |
| 3-19 | കൺവീനർ പ്രവൃത്തിയിൽ യഥാർത്ഥ ചെലവ് പരിഗണിക്കാതെ എസ്റ്റിമേറ്റ് നിരക്ക് നൽകി- ജില്ലാ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം |
| 3-20 | തൃക്കൊടിത്താനം- കോട്ടമുറിപ്പീടിക റോഡ് പുനരുദ്ധാരണം- നടപടികളിൽ അപാകത |
| 3-21 | ആദ്യമെറ്റലിങ് മാത്രമായി റോഡ് പ്രോജക്ട് നടപ്പാക്കി. |
| 3-22 | റോഡ് റീടാറിങ് – കരാറിൽ ഏർപ്പെടാൻ കാലതാമസമുണ്ടായിട്ടും തുടർനടപടികൾ സ്വീകരിച്ചില്ല |
| 3-23 | തിടനാട് പഞ്ചായത്ത് വാർഡ് 14- മൂന്നാം തോട് നസ്രത്ത് മഠം ചിറ്റാറ്റിൻകര റോഡ് മെയിന്റനൻസ് അപാകതകൾ |
| 3-24 | ആർപ്പൂക്കര പഞ്ചായത്തിലെ മണലേപ്പള്ളി കാട്ടടി റോഡ് പുനരുദ്ധാരണം- പൊതുമരാമത്ത്/ ജനറൽ കമ്മിറ്റി തീരുമാനങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പാക്കി |
| 3-25 | മുണ്ടക്കയം ഗ്രാമപഞ്ചായത്ത് – വേലനിലം- കളംഭാഗം തൊമ്മൻ റോഡ് നിർമാണം- നിർദിഷ്ടവീതിയിൽ റോഡ് നിർമാണം നടത്തിയില്ല- കമ്മിറ്റി തീരുമാനം/ ജനകീയ ആവശ്യം- പരിഗണിച്ചില്ല |

| | |
|---|---|
| 3-26 | ആവശ്യമായ അളവിൽ മെറ്റൽ ഉപയോഗിച്ചിട്ടില്ല- അധികം നൽകിയ തുക നിരാകരിക്കുന്നു. |
| 3-27 | അയർക്കുന്നം പഞ്ചായത്തിലെ ഗ്രർഖണ്ഡസാരി കുടിവെള്ളപദ്ധതി- ഗുണഭോക്തൃസമിതി മുഖേനയുള്ള നിർവഹണമാർഗരേഖ പാലിച്ചില്ല |
| 3-28 | റോഡ് പുനരുദ്ധാരണം- ടെൻഡർ നടപടികൾ കാലാവധി ദീർഘിപ്പിച്ച് നൽകിയത്- എന്നിവയിലെ അപാകതകൾ |
| 3-29 | തലപ്പലം വായനശാല കെട്ടിടം നിർമാണം- അപാകതകൾ |
| 3-30 | നീണ്ടൂർ എസ്.കെ.വി.എച്ച്.എസ്. എസ്. മെയിന്റനൻസ്- അപാകതകൾ |
| 3-31 | ചുറ്റുമതിൽ നിർമാണ്- അധികനിരക്ക് നൽകി |
| 3-32 | 0.35 എം.എം. കനമുള്ള ജി.ഐ. ട്രഫോഡ് ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിങ്- കൃത്യമായ നിരക്ക് നിർണയിക്കാതെ അലുമിനിയം ഷീറ്റിന്റെ നിരക്ക് നൽകി. |
| 3-33 | ഡി.ആർ. മേസൺറി- അധികനിരക്ക് നൽകി |
| 3-34 | പി.വി.സി. സീലിങ്- കൺവീനർക്ക് നൽകിയത് അധിക നിരക്ക് |
| 3-35 | കുമരകം പഞ്ചായത്തിലെ ഒന്നാം വാർഡ് - ആശാരിമറ്റം കോളനി അടിസ്ഥാനസൗകര്യവികസനം- കരാർ രേഖകളിൽ കൃത്രിമം- നടപടിക്രമങ്ങളിൽ അപാകത |
| 3-36 | എച്ച്.ഡി.പി.ഇ. പൈപ്പ് സ്ഥാപിക്കുന്നതിന് നൽകിയത് അധികനിരക്ക് |
| 3-37 | ഡേറ്റാ തയ്യാറാക്കിയതിലെ അപാകതമൂലം 70854 രൂപ അധികച്ചെലവ് |
| 3-38 | കുരോപ്പട ഗ്രാമപഞ്ചായത്തിലെ പറയരുകുന്ന്- വലിയ പാറ- കോളനി പുനരുദ്ധാരണം- നടപടിക്രമങ്ങളിൽ അപാകത |
| 3-39 | കൊഴുവനാൽ ടൗൺ കുടിവെള്ളപദ്ധതി- എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയ ഇനങ്ങൾ നിർവഹിച്ചതായി കാണുന്നില്ല |
| 3-40 | കോക്കനട്ട് പൈലിങ് പ്രവൃത്തി- എല്ലാ ഘടകങ്ങളും നിർവഹിക്കാതിരുന്നതിനാൽ പാഴ്ച്ചെലവ് |
| 3-41 | ഇടക്കുന്നം സ്കൂളിന് ചുറ്റുമതിൽ- ജില്ലാ പഞ്ചായത്തിന് അധികച്ചെലവ് |
| 3-42 | നബാർഡ് സഹായത്തോടെയുള്ള പാമ്പാടി ഡിവിഷനിലെ കാർഷികവിപണനകേന്ദ്രം കെട്ടിടനിർമാണം- ബാങ്ക് ഗ്യാരണ്ടി പുതുക്കിയില്ല.- നടപടിക്രമങ്ങളിൽ അപാകത |
| 3-43 | മുരിക്കുംവയൽ ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ ഉപേക്ഷിക്കപ്പെട്ട കെട്ടിടനിർമാണം- തുടർനടപടി സ്വീകരിക്കുന്നതിൽ വീഴ്ച |

| | |
|---|---|
| 3-44 | നെടുങ്കുന്നം - ഇടത്തനാട്ട് പടി പാടശേഖരം വികസനം- സമിതിക്ക് ഗുണഭോക്തൃവിഹിതം തിരികെ നൽകാനുള്ള തീരുമാനം ക്രമപ്രകാരമല്ല. |
| 3-45 | കാലാവധിക്കുള്ളിൽ നിർമാണം പൂർത്തിയാക്കാത്തതിന് സർക്കാർ ഉത്തരവ് പ്രകാരം നടപടി സ്വീകരിക്കുകയോ ഫൈൻ ഈടാക്കുകയോ ചെയ്തിട്ടില്ല. |
| 3-46 | കരാർ ചമയ്ക്കുന്നതിന് കാലതാമസം വരുത്തിയതിന് പിഴ ഈടാക്കിയിട്ടില്ല. |
| 3-47 | നികുതി കോമ്പൗണ്ട് ചെയ്യൽ- നിർദിഷ്ട ഫോമിലുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കുന്നില്ല |
| 3-48 | വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു. |
| 3-49 | തെരുവുനായ നിയന്ത്രണം- കോട്ടയം ജില്ല- സമഗ്ര എ.ബി.സി. പ്രോഗ്രാം- നടപടിക്രമങ്ങളിൽ അപാകത- ലക്ഷ്യം കൈവരിച്ചില്ല |
| 3-50 | മിഷൻ 2020 (ജനറൽ) മിഷൻ 2020 (എസ്.സി.പി.) എന്നീ പ്രോജക്ടുകളുടെ നടത്തിപ്പിലെ അപാകതകൾ |
| 3-51 | സ്കൂളുകളിൽ യോഗ പരിശീലനം- പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ സംബന്ധിച്ച് |
| 3-52 | മണർകാട് റീജിയണൽ പോൾട്രി ഫാം |
| 3-53 | കെട്ടിടനിർമാണം ആവശ്യാധിഷ്ഠിതമല്ലാതെ ഫണ്ട് വിനിയോഗം മാത്രം ലക്ഷ്യമിട്ട് നടപ്പാക്കുന്നു. |
| 3-54 | ഔദ്യോഗികവാഹനങ്ങളുടെ ഉപയോഗവും പരിപാലനവും- സർക്കാർ നിർദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല. |
| ഭാഗം 4--പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിര നിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |

| | |
|---|---|
| അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2015-16 |
| അനുബന്ധം-2 | ബാലൻസ് ഷീറ്റ് 31.03.2016 തീയതിയിൽ |
| അനുബന്ധം-3 | ഇൻകം & എക്സ്പെൻഡിച്ചർ പത്രിക 2015-16 |
| അനുബന്ധം-4 | രസീപ്റ്റ് & പേയ്മെന്റ് പത്രിക 2015-16 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 17.03.2015 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം (+) / (-) |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 19,18,60,497 | 33,32,22,763 | | 141362266 | (-)26.92 |
| വരവ് | 4,66,02,10,005 | 36,25,41,618 | 4,29,76,68,387 | | (+)85.56 |
| ആകെ | 4,85,20,70,502 | 69,57,64,381 | 4,15,63,06,121 | | (+)74.92 |
| ചെലവ് | 4,59,97,01,180 | 59,52,05,672 | 40,04,49,508 | | (+)43.01 |
| നീക്കിയിരിപ്പ് | 25,23,69,322 | 10,05,58,709 | 15,18,10,613 | | |

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214(3) പ്രകാരം ബജറ്റ് സവിസ്തരവും വാസ്തവികവുമായിരിക്കേണ്ടതും മുൻവർഷത്തെ യഥാർത്ഥ വരവിൽനിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതുമാണെന്നുമാണ്. എന്നാൽ മുൻവർഷത്തെ യഥാർത്ഥ വരവുമായി താരതമ്യം ചെയ്തല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.7.16 | 31.7.16 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 33,32,22,763 |
| വരവ് | 36,25,41,618 |
| ആകെ | 69,57,64,381 |
| ചെലവ് | 59,52,05,672 |
| നീക്കിയിരിപ്പ് | 10,05,58,709 |

## 1-5 ഫണ്ട് വിനിയോഗം

19.09.2015ലെ ജി.ഒ.(പി)/419/2015/ഫിൻ പ്രകാരം 2015-16 വർഷം ഡി.പി.എഫ്.എ-II(ബി), II(സി) എന്നിവ ക്ലോസ് ചെയ്ത് പ്രസ്തുത അക്കൗണ്ടുകളിൽ 31.10.2015 ൽ നീക്കിയിരിപ്പുണ്ടായിരുന്ന തുകകൾ ഡി.പി.എഫ്.എ.-II(എ)-യിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനും പ്രസ്തുത തുക ഉൾപ്പെടെ വികസന ഫണ്ട് ജനറൽ വിഭാഗത്തിന് ഉപയോഗിക്കുന്നതിനും ടി തുക പൂർണ്ണമായും തീരുന്ന മുറയ്ക്ക് ആവശ്യമായ തുക കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിക്കുന്നതിനും നിർദേശിച്ചിരുന്നു. കൂടാതെ ഡി.പി.എഫ്.എ.-III-യിൽ നീക്കിയിരിപ്പുണ്ടായിരുന്ന തുക പൂർണ്ണമായും തീരുന്ന മുറയ്ക്ക് കൺസോളിഡേറ്റഡ് ഫണ്ടിൽ പിൻവലിക്കുന്നതിനും അനുവദിച്ചിരുന്നു. ആയതിനാൽ 2015-16 വർഷം ബജറ്റ് വിഹിതമായി സർക്കാർ അനുവദിച്ച തുക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ മാത്രം ഉൾപ്പെടുന്നു. വാർഷിക ധനകാര്യപത്രികയിലെ RP-31 ഷെഡ്യൂളിൽ ഉൾപ്പെടുന്നത് കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥരുടെ റിക്വിസിഷൻ പ്രകാരം പിൻവലിച്ച തുക മാത്രമാണ്. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ട്രഷറി സ്റ്റേറ്റ്മെന്റ്, കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നുമുള്ള ഗ്രാന്റ് അലോക്കേഷൻ എന്നീ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ ഫണ്ടുകളുടെ ചെലവിന്റെ വിശദാംശങ്ങൾ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ളതും, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ളതും ചുവടെ ചേർക്കുന്നു

വാർഷിക ധനകാര്യപത്രിക പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 11,16,52,565 | 10,47,17,250+ 3,79,56,681 (ട്രാൻസ്ഫർ ക്രഡിറ്റ്) + 63,38,000 (നബാർഡ് വിഹിതം) | 26,06,64,496 | 26,06,64,496 | | 0 |
| വികസനഫണ്ട് എസ്.സി.പി. | 6,65,13,863 | 5,17,54,808 | 11,82,68,671 | 8,48,60,336 | 3,34,08,335 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 51,00,938 | 1,47,22,549 | 1,98,23,487 | 1,52,75,141 | 45,48,346 | |
| സംരക്ഷണഗ്രാന്റ് | 4,69,88,919 | 4,86,17,078 | 9,56,05,997 | 9,56,05,997 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| റോഡ് | | | | | | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2,39,05,866 | 1,68,61,607 | 4,07,67,473 | 4,07,67,473 | 0 | |

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (സഞ്ചിത നിധിയിലേക്ക് തിരികെ എടുത്തത്) |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 11,16,52,565 | 27,29,24,000 | 38,45,76,565 | 25,54,68,967 | 12,92,07,598 |
| വികസനഫണ്ട് എസ്.സി.പി. | 6,65,13,863 | 8,05,65,000 | 14,70,78,863 | 8,48,60,336 | 6,22,18,527 |
| വികസനഫണ്ട് ടി.എസ്.പി. | 51,00,938 | 1,53,41,000 | 2,04,41,938 | 1,52,75,141 | 51,66,797 |
| സംരക്ഷണഗ്രാന്റ് റോഡ് | 4,69,88,919 | 6,85,05,000 | 11,54,93,919 | 8,15,77,066 | 3,39,16,853 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2,39,05,866 | 5,73,45,000 | 8,12,50,866 | 5,47,96,404 | 2,64,54,462 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 750 | 1,43,02,40,305 | 462 | 51,44,68,515 | ഇല്ല | 288 | 61.60 |

വിവിധയിനങ്ങളിൽ വകയിരുത്തിയ തുകയും ചെലവും സംബന്ധിച്ച വിവരം

| വിഭവസ്രോതസ്സ് | വകയിരുത്തിയത് | ചെലവ് |
|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 38,17,11,967 | 25,54,68,967 |
| വികസനഫണ്ട് എസ്.സി.പി. | 14,30,98,863 | 8,48,60,336 |
| വികസനഫണ്ട് ടി.എസ്.പി. | 2,04,41,938 | 1,52,75,141 |

| | | |
|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | 11,54,93,919 | 8,15,77,066 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 8,12,50,866 | 5,47,96,404 |
| തനത് ഫണ്ട് | 4,46,76,868 | 1,72,95,072 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 24,33,20,000 | - |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 17,38,00,000 | - |

2015-16 വാർഷിക പദ്ധതിക്ക് ഉത്തരവ് നം.490/2015/DPC/DPO/KTM തീയതി 24.06.2016 പ്രകാരം അന്തിമ അംഗീകാരം ലഭിച്ചു.

പദ്ധതി ആസൂത്രണം, നിർവ്വഹണം

പദ്ധതി രൂപീകരണത്തിന്റെ വർക്കിങ്ങ് ഗ്രൂപ്പ് യോഗങ്ങൾ 13.01.2015 തീയതിയിലും വികസനസെമിനാർ 15.01.2015 തീയതിയിലും കൂടിയിട്ടുണ്ട്. വർക്കിങ്ങ് ഗ്രൂപ്പുകൾ ഒരിക്കൽ മാത്രമേ യോഗം ചേർന്നിട്ടുള്ളൂ, പദ്ധതികളുടെ മോണിട്ടറിംഗ് നടത്തിയിട്ടില്ല. സ്പിൽ ഓവർ ഉൾപ്പെടെ 750 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ തൻവർഷം നിർവ്വഹിച്ചത് 462 എണ്ണം മാത്രമാണ്. വികസനഫണ്ട്- പൊതുവിഭാഗം 67 ശതമാനവും, വികസനഫണ്ട്- പ്രത്യേക ഘടക പദ്ധതി 59 ശതമാനവും മാത്രം ചെലവഴിച്ചു. അധികാരപരിധിയിൽപ്പെടാത്ത വൈദ്യുതിലൈൻ എക്സ്റ്റൻഷൻ പദ്ധതികൾ തൻവർഷവും നടപ്പാക്കിയിട്ടുണ്ട്.

പൊതുമരാമത്ത് പ്രവൃത്തികളുടെ ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് തുടങ്ങിയവയിലെ അപാകതകൾ

എക്സിക്യൂട്ടീവ് എഞ്ചിനീയർ മേധാവിയായി പ്രവർത്തിക്കുന്ന ജില്ലാപഞ്ചായത്ത് എഞ്ചിനീയറിങ്ങ് വിഭാഗം നിയമപരമായി ഏൽപ്പിച്ചിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിലും ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിലും പദ്ധതി നിർവ്വഹണമാർഗ്ഗരേഖയ്ക്കും പൊതുമരാമത്ത് മാന്വലിനും അനുസൃതമായി സാങ്കേതിക വിഷയങ്ങളിൽ കൃത്യമായി ഇടപെടുന്നതിലും വീഴ്ച്ച വരുത്തിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംക്ഷിപ്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- പൊതുമരാമത്ത് പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നതിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നില്ല. ജില്ലാപഞ്ചായത്തിന്റെ കാര്യത്തിൽ ഗ്രാമസഭക്ക് തുല്യമായ ജന പ്രതിനിധികളുടെ യോഗത്തിൽ മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച് പ്രസക്തമായ ചർച്ചകൾ നടക്കുന്നതായി കാണുന്നില്ല.
- ജില്ലാപഞ്ചായത്തിന് ഏറ്റെടുക്കാവുന്ന പ്രോജക്ടുകളുടെ അടങ്കൽ 15 ലക്ഷംആണെങ്കിലും (പരിധി ബാധകമല്ലാത്തവ ഒഴികെ) കുറഞ്ഞ അടങ്കൽ ഉള്ള പ്രോജക്ടുകളും ഏറ്റെടുത്തിട്ടുള്ളതായി കാണുന്നു.
- ജില്ലാപഞ്ചായത്ത് പ്രവൃത്തികൾ വിവിധ അയൽസഭാ പ്രദേശങ്ങളിൽ നടക്കുന്നതിനാൽ, അയൽസഭകളുടെ പൊതുയോഗ തീരുമാനപ്രകാരം മാത്രം നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കാവൂ എന്നിരിക്കെ ഗുണഭോക്തൃ സമിതിരൂപീകരണം സംബന്ധിച്ച്പോലും അവ്യക്തതകൾ നിലനില്ക്കുന്നു.
- കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് ഭാഗീകമായ എസ്റ്റിമേറ്റ് തയ്യാറാക്കാനോ അംഗീകാരം നല്കാനോ പാടില്ല എന്നിരിക്കെ ഭാഗീകമായി പ്രവൃത്തി ഏറ്റെടുത്ത് ഫൈനൽ ബിൽ എന്ന രീതിയിൽ തുക നൽകിയതായി ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.ഉദാ.(വാഴൂർ ഗവ.സ്കൂൾ ലാബ്)
- കുടിവെള്ള പ്രോജക്ടുകൾ ഭാഗികമായി ഏറ്റെടുക്കരുതെന്ന് നിർദ്ദേശം ഉണ്ടെങ്കിലും പ്രസ്തുത നിർദേശംപാലിക്കാത്തതുമൂലം തൻ വർഷം ഭാഗിക പ്രവൃത്തികൾ ഏറ്റെടുക്കേണ്ടിവന്ന നിരവധി സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
- അടങ്കൽതുക ഉയർത്തിക്കാട്ടുന്നതിനായി വ്യത്യസ്ത സ്ഥലങ്ങളിലെ പ്രവൃത്തികൾ കൂട്ടിച്ചേർത്ത് ഒറ്റ പ്രോജക്ടായി ചെയ്യുന്നതിന് വിലക്കുണ്ടെങ്കിലും അടിസ്ഥാന സൗകര്യ വികസനം എന്ന പേരിൽ വിവിധ കോളനികളിലെ പ്രവൃത്തികൾ ഒറ്റ പ്രവൃത്തി എന്ന നിലയിൽ ഒന്നിച്ച് ചെയ്തതായി ഭൗതിക പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.
- ജില്ലാപഞ്ചായത്തുകളുടെ മരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി നൽകേണ്ടത്. എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയർ നിർദ്ദേശിക്കുന്ന സൂപ്രണ്ടിംഗ് എഞ്ചിനീയർ ആണെങ്കിലും കോട്ടയം ജില്ലാപഞ്ചായത്തിൽ സാങ്കേതിക അനുമതി നല്കിയിട്ടുള്ളത് നിർവ്വഹണ ഉദ്യോഗസ്ഥനായ എക്സിക്യൂട്ടീവ് എഞ്ചിനീയർ ആണ്.
- 5 ലക്ഷത്തിന് മുകളിലുള്ള പ്രവൃത്തികളിൽ E-Tender നിർബന്ധമാണെങ്കിലും ഡിജിറ്റൽ സിഗ്നേച്ചർ, നിസ്സാരമായ

കുറവുകൾ എന്നിവയുടെ പേരിൽ ടെണ്ടർ നിരസിക്കരുത് എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ഇത് പരിഗണിക്കാതെ കൂടിയ ടെണ്ടർകുറവ് ഓഫർ ചെയ്തിട്ടുള്ളവരുടെ ടെണ്ടറുകൾ നിസാര കാരണങ്ങളുടെ പേരിൽ നിരസ്സിച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

- പുതുക്കിയ പി.ഡബ്ലിയു.ഡി മാനവലിലെ സമയക്രമം പാലിക്കാതെയും കരാർപ്രകാരമുള്ള പിഴ ഈടാക്കാതെയും പ്രവൃത്തി കാലാവധി ദീർഘിപ്പിച്ച് നല്കിയിട്ടുണ്ട്.
- DSRൽ ഉൾപ്പെട്ടിട്ടില്ലാത്ത ധാരാളം പ്രവൃത്തികൾ തൻ വർഷം ചെയ്യേണ്ടി വന്നിട്ടുണ്ട്. കൃത്യമായ സ്പെസിഫിക്കേഷൻ, നിരക്ക്, എന്നിവയുടെ അഭാവത്തിൽ തയ്യാറാക്കിയ ഒബ്സേർവ്ഡ് ഡാറ്റകളിൽ അപാകതകൾ കടന്നു വരുകയും സ്ഥാപനത്തിന് ധനനഷ്ടം ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. ആയവ ഖണ്ഡികകളായി റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
- വർക്ക് ഫയലുകളിൽ കൃത്യമായ മോണിറ്ററിങ്ങ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. നിർവ്വഹണഉദ്യോഗസ്ഥന്റെ പൂർത്തീകരണ സാക്ഷ്യപത്രം ഉൾപ്പെടുത്തുന്നുണ്ടെങ്കിലും ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകളുടെ മോണിറ്ററിങ്ങ് റിപ്പോർട്ട് ഉൾപ്പെടുത്തുന്നില്ല.
- ടെൻഡർ അംഗീകരിക്കുന്ന കരാറുകാരൻ കരാർ ചമയ്ക്കുവാൻ കാലതാമസം വരുത്തുന്ന സാഹചര്യത്തിൽ കരാർ ചമയ്ക്കുന്നതിനോടൊപ്പം ഈടാക്കേണ്ട പിഴ ബിൽ തുകയിൽ നിന്നും റിക്കവറിയായി ഈടാക്കി വരുന്നു. പ്രസ്തുത നടപടി ഒട്ടും തന്നെ യുക്തിസഹമല്ല. ക്രമപ്രകാരമല്ലാത്ത ഇത്തരം നടപടുകൾ കർശനമായി ഒഴിവാക്കേണ്ടതാണ്.
- പ്രാഥമിക എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് പ്രവൃത്തി നടത്തിയശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കിയത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതുക്കി എസ്റ്റിമേറ്റ് തയ്യാറാക്കി മുൻകൂർ അംഗീകാരം ലഭ്യമാക്കിയതിന് ശേഷം മാത്രം പ്രവൃത്തി നിർവ്വഹിക്കേണ്ടതിന് പകരം എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് പ്രവൃത്തി നിർവ്വഹിച്ച് തുടർന്ന് ആയത് സാധൂകരിച്ച് നൽകുന്നത് ഒരു പതിവ് രീതിയായി നടപ്പിലാക്കുന്നു. ഇത്തരം നടപടികൾ ഒഴിവാക്കേണ്ടതാണ്.
- ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ എല്ലാ മരാമത്ത് പ്രവൃത്തികളുടേയും എസ്റ്റിമേറ്റ് പ്രവൃത്തി ഏറ്റെടുക്കുന്ന പ്രദേശത്തെ ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് എഞ്ചിനീയർ തയ്യാറാക്കി ജില്ലാ പഞ്ചായത്തിലേയ്ക്ക് അംഗീകാരത്തിനായി അയക്കുന്നതിന്റെ സാങ്കേതികക്ഷമത ശരിയായി പരിശോധിക്കുന്നതിൽ വീഴ്ച്ച ഉണ്ടായിട്ടുണ്ട്. സുലേഖ സോഫ്റ്റ്വെയറിലൂടെ ജനറേറ്റ് ചെയ്ത പ്രോജക്ട് പ്രൊഫോർമയിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ പ്രവൃത്തിയുടെ സാങ്കേതികക്ഷമത പരിശോധിച്ചതായി ലോഗിൻ പാസ്‌വേർഡ് ഉപയോഗിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതിന്റെ ആധികാരികത വ്യക്തമല്ല.

2015-16 വർഷം നടന്ന ടാറിംഗ് പ്രവൃത്തികളിൽ DSR പ്രകാരമുള്ള നിരക്ക് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. മാർക്കറ്റ് നിരക്ക് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറവുള്ളപ്പോൾ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ നല്കിയതുമൂലം കരാറുകാർക്ക് കി.ഗ്രാം ഏകദേശം 26 രൂപയും കൺവീനർക്ക് 20 രൂപയും അധികം ലഭിക്കുന്ന സാഹചര്യം ഉണ്ടായി. മാർക്കറ്റ് നിരക്ക് കുറഞ്ഞ് നില്കുമ്പോൾ കോസ്റ്റ് ഇൻഡക്സ് ഒഴിവാക്കാൻ സാങ്കേതിക അനുമതി നല്കുന്ന ഉദ്യോഗസ്ഥന് DSR പ്രകാരം അനുമതിയുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തുകൾക്ക് ഉൾപ്പെടെ ഉണ്ടായ നഷ്ടം കുറക്കാൻ കഴിയുമായിരുന്ന നടപടി പ്രസ്തുത ഉദ്യോഗസ്ഥർ സ്വീകരിക്കാതിരുന്നത് തികച്ചും നിരുത്തരവാദപരമായി പദ്ധതി നിർവ്വഹണം നടത്തിയതിന് ദൃഷ്ടാന്തമായി ഓഡിറ്റ് വിലയിരുത്തുന്നു.

<u>ജില്ലാപഞ്ചായത്ത് എഞ്ചിനീയറിങ്ങ് വിഭാഗം-പ്രവർത്തനക്ഷമതയിലെ കുറവും ചുമതലാ നിർവ്വഹണത്തിലെ വീഴ്ച്ചകളും</u>

ജില്ലാ പഞ്ചായത്തിലെ എഞ്ചിനീയറിങ്ങ് വിഭാഗത്തിന്റെ നിയമപരമായ ചുമതലകളും പ്രസ്തുത ചുമതല വഹിക്കുന്നതിനുള്ള ശേഷിയും ഓഡിറ്റിൽ വിലയിരുത്തുകയുണ്ടായി. ജില്ലാ പഞ്ചായത്തിന്റെ എഞ്ചിനീയറിങ്ങ് വിഭാഗത്തിലെ നിലവിലുള്ള ഉദ്യോഗസ്ഥ ഘടന ചുവടെ ചേർക്കുന്നു.

| ക്ര.നം | തസ്തിക | അനുവദിച്ചിട്ടുള്ള തസ്തിക | നിലവിലുള്ള തസ്തിക | നിലവിലുള്ള ഒഴിവ് |
|---|---|---|---|---|
| 1 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1 | 1 | 0 |
| 2 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1 | 1 | 0 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 1 | 1 | 0 |

| | | | | |
|---|---|---|---|---|
| 4 | ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ | 1 | 1 | 0 |
| 5 | ജൂനിയർ സൂപ്രണ്ട് | 1 | 1 | 0 |
| 6 | ഓവർസിയർ (ഫസ്റ്റ് ഗ്രേഡ്) | 3 | 3 | 0 |
| 7 | ഓവർസിയർ (സെക്കന്റ് ഗ്രേഡ്) | 1 | 1 | ഒരാൾ ശൂന്യവേതനാവധിയിൽ |
| 8 | ക്ലാർക്ക്/സീനിയർ ക്ലാർക്ക് | 4 | 4 | ഒരാൾ ശൂന്യവേതനാവധിയിൽ |
| 9 | കമ്പ്യൂട്ടർ അസിസ്റ്റന്റ് | 2 | 2 | 0 |
| 10 | ഓഫീസ് അറ്റൻഡന്റ് | 3 | 3 | ഒരാൾ ശൂന്യവേതനാവധിയിൽ |

കോട്ടയം ജില്ലയിലെ വിവിധ ഡിവിഷനുകളിൽ ഏറ്റെടുക്കുന്ന എസ്റ്റിമേറ്റുകളുടെ സൂക്ഷ്മ പരിശോധന, സാങ്കേതികാനുമതി നൽകൽ, നിർവ്വഹണരീതിക്കനുസൃതമായ ടെണ്ടർ നടപടികൾ സ്വീകരിക്കൽ, കരാർ ചമയ്ക്കൽ, പൊതുവായ മേൽനോട്ടം, ഏകോപനം, ബിൽ തയ്യാറാക്കൽ, മോണിറ്ററിങ്, തുടങ്ങിയ നേരിട്ടുള്ള ചുമതലകളാണ് ജില്ലാപഞ്ചായത്ത് എഞ്ചിനീയറിങ് വിഭാഗത്തിൽ നിക്ഷിപ്തമായിട്ടുള്ളത്. ജില്ലാ പഞ്ചായത്തിന്റെ റോഡ്, കെട്ടിട ആസ്തികളുടെ പരിപാലനം, ആസ്തി രജിസ്റ്ററുകളുടെ പരിപാലനം, പുതുക്കൽ തുടങ്ങിയവയും എഞ്ചിനീയറിങ് വിഭാഗത്തിൽ നിക്ഷിപ്തമായ ചുമതലകളാണ്. വിവിധ സെക്ഷനുകളുടെ ചുമതല ബ്ലോക്ക് അടിസ്ഥാനത്തിലാണ് നിർണ്ണയിച്ച് നൽകിയിട്ടുള്ളത്. ഒരു ക്ലാർക്ക്, ഒരു ഓവർസീയർ (DB Sections) എന്നിവർക്ക് ശരാശരി 3 ബ്ലോക്ക് ഡിവിഷനിലെ മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട മേൽസൂചിപ്പിച്ച ചുമതലകൾ നിർവ്വഹിക്കേണ്ടി വരുന്നുണ്ട്. ഓരോ വർഷത്തേയും പദ്ധതിയിൽ ഉൾപ്പെടുന്ന 600 ലേറെ മരാമത്ത് പ്രോജക്ടുകൾ, എം എൽ എ മാരുടെ പ്രാദേശിക വികസന/ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുന്ന 200 ലേറെ പ്രോജക്ടുകൾ, ലോകബാങ്ക് ധനസഹായത്തോടെ നിർവ്വഹിക്കപ്പെടുന്ന തദ്ദേശമിത്രം പ്രോജക്ടുകൾ എന്നിവയുമായി ബന്ധപ്പെട്ട ചുമതലകൾ നിർവ്വഹിക്കുന്നതിന് നിലവിൽ മതിയായ ജീവനക്കാരുടെ അഭാവം മൂലം സാധിക്കുന്നില്ലെന്നും ഇത് ഓഫീസ് പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതായും എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിച്ചെലവിന്റെ സിംഹഭാഗവും മരാമത്ത് പ്രവത്തികൾക്ക് വേണ്ടി ചെലവഴിക്കുന്നതിനാൽ ഇത്തരം ചെലവുകളുടെ ഗുണപരതയും ഭൗതീക നേട്ടവും വിലയിരുത്തേണ്ടത് ഏറ്റവും ആവശ്യമാണ്. കൂടാതെ ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള കെട്ടിട/കെട്ടിട ഇതര ആസ്തികളുടെ സമഗ്രമായ മെയിന്റനൻസ് പ്ലാൻ തയ്യാറാക്കി ആവശ്യമായ പ്രവൃത്തികൾ മുൻഗണനാടിസ്ഥാനത്തിൽ എറ്റെടുക്കുന്നതിനും ആസ്തി രജിസ്റ്റർ കാലീകമായി പുതുക്കുന്നതിനും പ്രാധാന്യം നൽകേണ്ടതുണ്ട്. മാത്രമല്ല ഓരോ വർഷത്തേയും പദ്ധതി രൂപീകരണത്തിന് മുമ്പായും പഞ്ചവൽസര പദ്ധതി തയ്യാറാക്കുന്നതിന് മുമ്പായും സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കേണ്ടത് ഏറ്റവും ആവശ്യമാണ്. ജീവനക്കാരുടെ അഭാവം ചൂണ്ടിക്കാട്ടി ഇത്തരം പ്രാധാന്യമുള്ള കാര്യങ്ങൾ അവഗണിക്കുന്നത് മൂലം എല്ലാ വർഷവും വാർപ്പ് മാതൃകയിലുള്ള (Typical Projects) പ്രോജക്ട് ഏറ്റെടുക്കുന്നതിനുള്ള പ്രവണത കൂടി വരുന്നതായും പരിമിതമായ വിഭവങ്ങൾ ആവശ്യാധിഷ്ഠിതമായും ഏറ്റവും അടിയന്തിരാവശ്യങ്ങൾ നിർവ്വഹിക്കപ്പെടുന്നവിധം വിനിയോഗിക്കുന്നതിൽ പരാജയപ്പെടുന്നതായും ഓഡിറ്റ് വിലയിരുത്തുന്നു. ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ തയ്യാറാക്കി നൽകുന്ന എസ്റ്റിമേറ്റിലെ നിരക്കുകളുടെ, പ്രത്യേകിച്ചും ഒബസേർവ്ഡ് ഡാറ്റയുടെ, കൃത്യത പരിശോധിക്കൽ, പ്രവൃത്തിയുടെ സാങ്കേതികക്ഷമത പരിശോധിക്കൽ, ഒരു മരാമത്ത് പ്രവൃത്തിയുടെ വിവിധ തലങ്ങളിൽ എറ്റെടുത്തതും ഇനി ഏറ്റെടുക്കാനുള്ളതുമായ പ്രവൃത്തികളുടെ വിവരം റിപ്പോർട്ട് ചെയ്യൽ, ആകെ മൂലധനച്ചെലവ് (വിവിധ തലങ്ങളിലൂടെ ചെലവഴിച്ചത്) നിർണ്ണയിക്കൽ, ഭൗതീകനേട്ടം വിലയിരുത്തൽ തുടങ്ങിയ അതിപ്രധാനപ്രക്രിയകളും ഫലപ്രദമായി നടപ്പിലാകുന്നില്ലയെന്ന് ഓഡിറ്റിൽ നടത്തിയ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ജില്ലാപഞ്ചായത്ത് അധികൃതരുടേയും സർക്കാരിന്റേയും സജീവ ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം – സാങ്കേതികപരവും അല്ലാത്തതുമായ അപാകതകൾ

കോട്ടയം ജില്ലാ പഞ്ചായത്ത് തൻവർഷം നിർവ്വഹിച്ച മരാമത്ത് പ്രവർത്തികളുടെ ഓഡിറ്റിൽ കണ്ടെത്തിയ സാങ്കേതികപരവും അല്ലാത്തതുമായ അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം 3ലെ വിവിധ ഖണ്ഡികകളിലായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഓരോ പ്രവർത്തികളുടേയും ഫയലുകൾ പ്രാഥമികമായി വിശകലനം ചെയ്തതിൽ ഉത്തരവാദികളായി കണ്ടെത്തിയവരുടെ പേര് വിവരങ്ങളും ഓരോരുത്തരുടെയും ബാധ്യത തുകയും ഈ റിപ്പോർട്ടിലെ ഭാഗം 4, ഖണ്ഡിക 4-8ൽ (ഓഡിറ്റ് പ്രത്യവലോകനം) ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം (-)34.59 ശതമാനം വ്യതിയാനം ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 0 | 0 | 0 | 0 |
| നികുതിയേതര വരവുകൾ | 2,35,67,066 | 1,73,25,061 | 62,42005 | (-)26.48 |
| മറ്റുവരവുകൾ | 2,19,801 | 3,48,392 | 128591 | (+)50.503 |
| ആകെ | 2,37,86,867 | 1,76,73,453 | 6113414 | (-)34.59 |

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

അടിസ്ഥാന രജിസ്റ്ററുകളായ ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. ഇ-ടെൻഡർ പ്രകാരമുള്ള വരവുകൾക്ക് അനുബന്ധ രേഖകളും രജിസ്റ്ററുകളും സൂക്ഷിച്ചിട്ടില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മേൽനോട്ടം തൃപ്തികരമല്ല. ഏറ്റുമാനൂർ ഗവ:വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിന്റെ പഴയ കെട്ടിടം കാണാതായത് സംബന്ധിച്ച് അന്വേഷണം ത്വരിതപ്പെടുത്തുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.11.2015 - 30.11.2015 | 2014-15 രണ്ടാം ഘട്ടം | 30.11.2015 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.03.2015 | 2014-15 | എൽ ബി എ (എച്ച് ക്യൂ) 11/8A-2308/44, 19.06.2015 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

ജില്ലാ പഞ്ചായത്തിന്റെ 2015-16 ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം തൻവർഷ പ്രവർത്തന നഷ്ടം 2,72,82,413/- രൂപയാണ്. ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 43,26,79,197/- രൂപയും ചെലവ് 45,88,96,995/- രൂപയുമാണ്. റസീറ്റ് & പേമെന്റ് പത്രിക പ്രകാരം തൻവർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) 69,57,64,381/- രൂപയും ആകെ ചെലവ്(നീക്കിയിരിപ്പ് ഒഴികെ) 59,52,05,672/- രൂപയുമാണ്. 31.03.2016 ലെ കാഷ്/ബാങ്ക് നീക്കിയിരിപ്പ് 10,05,58,709/- രൂപയാണ്. 31.03.2016 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആകെ ആസ്തിമൂല്യം 56,09,71,481/- രൂപയും ആകെ ബാധ്യതകളുടെ മൂല്യം(ജനറൽ ഫണ്ട് ഒഴികെ) 42,95,67,932/- രൂപയുമാണ്. പ്രസ്തുത തീയതിയിലെ ജില്ലാ പഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് 13,14,03,549/- രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട്. മേൽവിവരിച്ച

പ്രകാരമുള്ള ധനകാര്യ പത്രിക പരിശോധിച്ച് വിശകലനം ചെയ്തതിൽ നിന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. 26.07.2011 ലെ ജി.ഒ.(എം.എസ്.)152/11 എൽ.എസ്.ജി.ഡി.യിലെ നിർദ്ദേശങ്ങൾ പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.
2. ബാലൻസ് ഷീറ്റ് ബി- 7 ഷെഡ്യൂളിൽ ബാധ്യതയായി കാണിച്ചിരിക്കുന്ന ഡെപ്പോസിറ്റ് പഞ്ചായത്തിലെ ഡെപ്പോസിറ്റ് രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
3. ട്രഷറി സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിന്റെ 31.03.16 ലെ നീക്കിയിരിപ്പ് (ബാലൻസ് ഷീറ്റിലെ ബി17 ഷെഡ്യൂൾ) ട്രഷറിയിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.
4. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ സ്ഥാപനങ്ങളിൽ നിക്ഷേപിച്ചിട്ടുള്ള ക്രമീകരിച്ചിട്ടില്ലാത്ത തുകകളുടെ വിവരങ്ങൾ ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.
5. ബി 9 ഷെഡ്യൂളിലെ ബാധ്യതകളുടെ കൃത്യത ഉറപ്പാക്കാനാവുന്നില്ല.
6. ബി 4 ഷെഡ്യൂളിൽ നബാർഡ് സഹായമായി ലഭിച്ചതിൽ ബാക്കി 11,42,471/- രൂപ ബാധ്യതയായികാണിച്ചിട്ടുണ്ട്. പ്രസ്തുത തുക ഡി.പി.എഫ്.എ II (എ) ൽ നിക്ഷേപിച്ചിരുന്നതാണ്. ഡി.പി.എഫ്.എ II (എ)ൽ ഉണ്ടായിരുന്ന തുക മുഴുവൻ 20.02.2016ൽ വിനിയോഗിച്ചിട്ടുള്ളതിനാൽ ടി തുക കൃത്യമല്ല.
7. ബി 4 ഷെഡ്യൂളിലെ ചുവടെ ചേർക്കുന്ന ശീർഷകങ്ങളിലെ തുകകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല

| ശീർഷകം | തുക |
|---|---|
| 320700201- Contribution of Joint venture Projecst(for Revenue Expenditure) – from Municipalities) | 9,00,000 |
| 320700203- Contribution of Joint venture Projecst(for Revenue Expenditure) – from Village Panchayats | 65,10,803 |
| 320700204- Contribution of Joint venture Projecst(for Revenue Expenditure) – from Block Panchayats | 33,99,999 |
| 320800101- Beneficiary Contributions | 38,677 |
| 320200305- Grants, Funds and Contributions for Specific Purposes- Other Development Fund and State Sponsored schemes | 40,98,681 |

8. ക്ലോസിംഗ് സ്റ്റോക്കിന്റെ(ബി-14 ഷെഡ്യൂൾ) കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.
9. ജില്ലാ പഞ്ചായത്തിന് തൊഴിൽ നികുതി ഇനത്തിൽ വരവില്ലാത്തതാണ്. എന്നാൽ തൊഴിൽ നികുതി 21,850 രൂപ വരവുള്ളതായി RP-3 ഷെഡ്യൂളിൽ കാണിച്ചിട്ടുണ്ട്.
10. കോട്ടയം ജില്ലാ പഞ്ചായത്ത്, ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവയുടെ പൊതുമാരാമത്ത് പ്രവൃത്തികളുടെ ഇ-ടെൻഡർ നടപടികളുടെ ഭാഗമായി ഓൺലൈൻ സമ്പ്രദായത്തിലൂടെ ഈടാക്കിയ ടെൻഡർ ഫീ ഇനത്തിലുള്ള തുകയും(ഫോറം വില+വാറ്റ്), ഇ.എം.ഡി ഫീ ഇനത്തിലുള്ള തുകയും, ടിയിനത്തിൽ ജില്ലാ പഞ്ചായത്തിനുള്ള വരുമാനം ബന്ധപ്പെട്ട വരുമാന ഹെഡിലും, ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾക്കും, സംസ്ഥാന സർക്കാരിനുള്ള വിഹിതം ബാധ്യത ഹെഡിലും അക്കൗണ്ട് ചെയ്യുന്നില്ല. ആയതിനാൽ ഇപ്രകാരം വരവ് വെക്കപ്പെടുന്ന ടെൻഡർ ഫീ, ഇ എം ഡി ഫീ വരവ് /റീഫണ്ട് എന്നിവയുടെ വിനിമയം വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല.

## 2-2 ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ട് നിലനിർത്തുന്നു

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ എസ്.ബി.റ്റി സിവിൽ സ്റ്റേഷൻ ബ്രാഞ്ചിൽ സെക്രട്ടറിയുടെ പേരിലുള്ള 57008127336 നമ്പരായുള്ള ഇടപാടുകളില്ലാത്ത സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നിലനിർത്തിയിട്ടുള്ളതായി കാണുന്നു. 31.03.2016 ൽ പ്രസ്തുത അക്കൗണ്ടിൽ 11,22,668 നീക്കിയിരിപ്പുണ്ട്. തൻവർഷം 43,594 രൂപ പലിശ ലഭിച്ചിട്ടുള്ളതല്ലാതെ മറ്റ് ഇടപാടുകളൊന്നും അക്കൗണ്ടിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത തുക ഏത്

ഇനത്തിലുള്ളതാണെന്ന് വ്യക്തമാക്കേണ്ടതും, ഇടപാടുകളില്ലാത്ത അക്കൗണ്ട് നിലനിർത്തിയിരിക്കുന്നതിന് വിശദീകരണം നൽകേണ്ടതുമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.21 ന് മറുപടി നൽകിയില്ല.

## 2-3 എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ വാണിജ്യ ബാങ്കിൽ അക്കൗണ്ട് തുടങ്ങിയത് ക്രമവിരുദ്ധം

കോട്ടയം ജില്ലാ പഞ്ചായത്ത് എൽ എസ് ജി ഡി വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ എസ് ബി റ്റി ട്രഷറി ബ്രാഞ്ചിൽ 67135362290 നമ്പർ എസ് ബി അക്കൗണ്ടിൽ നിലവിൽ(7.3.17) 5754701/-രൂപ ബാലൻസ് അവശേഷിക്കുന്നു. പ്രസ്തുത അക്കൗണ്ടിന്റെ 2.12.10 മുതലുള്ള പാസ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമായത് പരിശോധിച്ചതിൽ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ മുഖേന തുക വരവ് വന്നതായും മറ്റ് അക്കൗണ്ടുകളിലേയ്ക്ക് തുക ട്രാൻസ്ഫർ ചെയ്തതായും കാണുന്നു.പ്രസ്തുത അക്കൗണ്ടിലേയ്ക്ക് വരവ് വെയ്ക്കപ്പെട്ട തുക ഏതിനത്തിലുള്ളതാണെന്ന് വ്യക്തമാക്കേണ്ടതും ഇപ്രകാരം ഒരു അക്കൗണ്ട് നിലനിർത്തുന്നത് ഏതെങ്കിലും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണെങ്കിൽ പ്രസ്തുത വിവരം അറിയിക്കേണ്ടതുമാണ്.പ്രസ്തുത അക്കൗണ്ടിലെ സാമ്പത്തിക വിനിമയങ്ങളും നീക്കിയിരിപ്പ് വിവരങ്ങളും ജില്ലാപഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിച്ചിട്ടില്ല. പദ്ധതി വിഹിതമിനത്തിലുള്ള തുക വാണിജ്യബാങ്ക് അക്കൗണ്ടിൽ നിക്ഷേപമായി സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല. ഇതിനു സമാനമായി മറ്റ് നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി വിഹിതം നിക്ഷേപിക്കുന്നതിന് ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.58/17.03.2017ന് മറുപടി ലഭ്യമാക്കിയില്ല.

## 2-4 ഇ-ടെൻഡർ നടപടികളുടെ ഭാഗമായി ഓൺലൈൻ ബാങ്കിംഗ് സമ്പ്രദായത്തിലൂടെ വരവ് വെക്കപ്പെടുന്ന ടെൻഡർ ഫീ, ഇ എം ഡി ഫീ വരവ് /റീഫണ്ട് വിനിമയം വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല

കോട്ടയം ജില്ലാ പഞ്ചായത്ത്, ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവയുടെ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെൻഡർ നടപടികളുടെ ഭാഗമായി ഓൺലൈൻ സമ്പ്രദായത്തിലൂടെ ഈടാക്കിയ ടെൻഡർ ഫീ ഇനത്തിലുള്ള തുകയും(ഫോറം വില+വാറ്റ്), ഇ.എം.ഡി ഫീ ഇനത്തിലുള്ള തുകയും എൽ എസ് ജി ഡി എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള എസ്.ബി.ടി, കളക്ടറേറ്റ് ശാഖയിലുള്ള ബാങ്ക് അക്കൗണ്ടിൽ(നം.67255971951) വരവ് വെക്കുന്നുണ്ട്. ടി അക്കൗണ്ട് പരിശോധിച്ചതിൽ 2015-16 വർഷം 94,26,197 രൂപ വരവ് വന്നതായും, 65,40,692 ഡെബിറ്റ് ചെയ്ത് 31.03.2016 ൽ 49,05,451 രൂപ നീക്കിയിരിപ്പുള്ളതായും കാണുന്നു(ഓഡിറ്റ് വേളയിൽ 26.12.2016ൽ 6126308 രൂപ നീക്കിയിരിപ്പുണ്ട്). എന്നാൽ ടിയിനത്തിൽ ജില്ലാ പഞ്ചായത്തിനുള്ള വരുമാനം ബന്ധപ്പെട്ട വരുമാന ഹെഡിലും, ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾക്കും, സംസ്ഥാന സർക്കാരിനുള്ള വിഹിതം ബാധ്യത ഹെഡിലും അക്കൗണ്ട് ചെയ്യുന്നില്ല. കൂടാതെ പ്രസ്തുത വരവ് സംബന്ധിച്ച രജിസ്റ്ററുകളോ മറ്റ് അനുബന്ധ രേഖകളോ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകയുടെ കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല. ഗണ്യമായ തുകയുടെ സാമ്പത്തിക വിനിമയം സംബന്ധിച്ച് സബ്സിഡിയറി രജിസ്റ്ററുകൾ സൂക്ഷിക്കാത്ത നടപടി ക്രമപ്രകാരമല്ല. ഇതു സംബന്ധമായി തികഞ്ഞ അവ്യക്തതയാണ് നിലനിൽക്കുന്നത്. ആയതിനാൽ അപാകതകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്(ഇതേ വിഷയം സംബന്ധിച്ച് 04.03.2017ൽ നൽകിയ 17/2015-16 നമ്പർ ഓഡിറ്റ് എൻക്വയറിക്കും, 18.03.2017ൽ നൽകിയ 66/2015-16 നമ്പർ ഓഡിറ്റ് എൻക്വയറിക്കും മറുപടി ലഭ്യമാക്കിയില്ല).

## 2-5 ഏറ്റുമാനൂർ ഗവ: വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ വളപ്പിലുണ്ടായിരുന്ന 30 വർഷം പഴക്കമുള്ള കെട്ടിടം അപ്രത്യക്ഷമായി- ഉത്തരവാദികളെ കണ്ടെത്തി നടപടി സ്വീകരിച്ചിട്ടില്ല

ഏറ്റുമാനൂർ ഗവ: വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ വളപ്പിലുണ്ടായിരുന്ന 30 വർഷം പഴക്കമുള്ളതും ആസ്തി രജിസ്റ്റർ പ്രകാരം 246.6 ച.മീറ്റർ വിസ്തീർണ്ണമുണ്ടായിരുന്നതുമായ കെട്ടിടം 03.03.2014 ൽ അപ്രത്യക്ഷമായിരുന്നു. പ്രസ്തുത വിഷയത്തിൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നടത്തിയ അന്വേഷണത്തിൽ ഉത്തരവാദിത്തം സ്കൂൾ ഹെഡ്മിസ്ട്രസ്സിൽ നിക്ഷിപ്തമാണെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധമായി ഹെഡ്മിസ്ട്രസ്സ് പോലീസിൽ പരാതി നൽകിയിരുന്നുവെങ്കിലും അന്വേഷണപുരോഗതിവിവരം വ്യക്തമല്ല(അന്വേഷണം ത്വരിതപ്പെടുത്തുന്നതിനുള്ള

തുടർനടപടി സ്വീകരിക്കുന്നതിന് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറെ 06.08.2015 ലെ ജില്ലാ പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ 7-ാം നമ്പർ തീരുമാനപ്രകാരം ചുമതലപ്പെടുത്തിയിരുന്നു). ഈ വിഷയം സംബന്ധിച്ച് നടത്തിയ അന്വേഷണത്തിന്റെ പുരോഗതി അറിയിക്കുവാൻ സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് ,ഏറ്റുമാനൂർ നോട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ 22.02.2016 ൽ ആവശ്യപ്പെട്ടിരിന്നതായി ഫയലിൽ നിന്നും വ്യക്തമാകുന്നു. ഫയൽ പരിശോധിച്ചതിൽ നാളിതുവരെ ഇതു സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടില്ലായെന്ന് വ്യക്തമാകുന്നു. ആസ്തിയുടെ സംരക്ഷണച്ചുമതലയുള്ള ഉദ്യോഗസ്ഥന്റെയോ ഭരണസമിതിയുടെയോ അറിവോടെയല്ലാതെ കെട്ടിടം അപ്രത്യക്ഷമായെന്നത് വിശ്വസനീയമല്ല. നാളിതുവരെ വിഷയത്തിൽ തുടർനടപടി സ്വീകരിക്കാത്തത് ഭരണസമിതിയുടേയും ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. പോലീസ് അന്വേഷണത്തിന്റെ പുരോഗതി അന്വേഷിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-6 അവകാശികളില്ലാത്ത സ്ഥിരനിക്ഷേപങ്ങൾ ജില്ലാ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. വിഭാഗത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട സെക്യൂരിറ്റി ഡെപോസിറ്റ്, പെർഫോമൻസ് ഗ്യാരന്റി, നിരതദ്രവ്യം തുടങ്ങിയ സ്ഥിരനിക്ഷേപങ്ങളുടെ വിനിമയം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളത് പരിശോധിച്ചതിൽ പ്രസ്തുത രജിസ്റ്ററുകൾ പ്രകാരം 2004 വർഷം മുതലുള്ള സ്ഥിരനിക്ഷേപങ്ങൾ നിലവിലും(2017) തിരികെ നൽകാതെ അവശേഷിക്കുന്നതായി കാണുന്നു. തിരികെ ലഭിക്കുന്നതിന് നിയമാനുസൃത കാലാവധി കഴിഞ്ഞിട്ടും നാളിതുവരെ അപേക്ഷ ലഭിക്കാത്ത നിക്ഷേപങ്ങൾ ജില്ലാ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയതായി കാണുന്നില്ല. മേൽപറഞ്ഞ പ്രകാരം ജില്ലാ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്ന നിക്ഷേപങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി ആയവ മുതൽക്കൂട്ടേണ്ടതാണ്. നടപടി പൂർത്തിയാക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-7 രസീതു പിരിവ്- ഒടുക്കിൽ കുറവ്

08.01.16 മുതലുള്ള രസീതു പിരിവ്/ഒടുക്ക് പരിശോധനയിൽ ചുവടെ കൊടുത്തിരിക്കുന്ന ദിവസങ്ങളിലെ പിരിവുതുക ജില്ലാപഞ്ചായത്തിൽ ഒടുക്കിയതിൽ കുറവു വരുത്തിയിട്ടുള്ളതായി കാണുന്നു. ആയത് അടിയന്തിരമായി ഒടുക്കേണ്ടതാണ്.

| തീയതി | ആകെ വരവ് | ഒടുക്കിയത് | കുറവ് | റിമാർക്സ് |
|---|---|---|---|---|
| 16.06.16 | 4681- | 4651- | 30- | രസീത്.നം. 12230/66/16.6.16.ആകെ തുകയായ 100-ൽ 70- മാത്രമേ ഒടുക്കിയിട്ടുള്ളു. |
| 11.02.17 | 83889- | 83687- | 202-(176+26 വാറ്റ്) | രസീത്.നം. 12306/22/11.2.17.തുക 202-. ഒടുക്കിയിട്ടില്ല. |
| | | ആകെ | 232-(206+26വാറ്റ്) | |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മാലിന്യനിർമ്മാർജനഫർണസ് നിർമ്മാണം - പ്രവൃത്തിമൂല്യവും നികുതിറിക്കവറികളും കണക്കാക്കിയതിൽ അപാകത

| | |
|---|---|
| പ്രോജക്ട് നമ്പർ | 654/16 |
| അടങ്കൽ | 425000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി, ജില്ലാപഞ്ചായത്ത് |
| എസ്റ്റിമേറ്റ് തുക | 425000/- |

ജില്ലാപഞ്ചായത്ത് കോമ്പൗണ്ടിൽ മാലിന്യനിർമ്മാർജ്ജന ഫർണസ് നിർമ്മിക്കുന്നതിനുവേണ്ടിയുള്ള മേൽപ്രോജക്ടിന്റെ നിർവ്വഹണച്ചുമതല പഞ്ചായത്ത്കമ്മിറ്റിയുടെ 9.7.15-ലെ I (1)-ാം നമ്പർ തീരുമാനപ്രകാരം സോഷ്യോ എക്കണോമിക് യൂണിറ്റിനെ ഏൽപ്പിക്കുകയും യൂണിറ്റുമായി 20.8.15-ൽ കരാറിലേർപ്പെട്ട് ചുവടെ ചേർക്കും പ്രകാരം 4,24,525/-രൂപ ചെലവഴിച്ച് പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു.

| തുക | ബിൽ നം | റിമാർക്സ് |
|---|---|---|
| 85000 | 363/15/3.9.15 | നിർമിതിക്ക് അഡ്വാൻസ് നൽകിയത് |
| 311604 | 622/15/11.12.15 | നിർമിതിക്ക് നൽകിയ തുക |
| 16023 | 623/15/11.12.15 | വാറ്റ് ഒടുക്കിയത് |
| 3966 | 624/15/11.12.15 | ക്ഷേമനിധി വിഹിതം |
| 7932 | 625/15/11.12.15 | ആദായനികുതി |
| ആകെ 424525 | | |

ഫർണസ് നിലവിൽ പ്രവർത്തനക്ഷമമാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടുവെങ്കിലും എസ്റ്റിമേറ്റ്, അളവുപുസ്തകം, ബിൽ എന്നിവയുൾപ്പെടെയുള്ള ഫയൽ പരിശോധിച്ചതിൽ പ്രവൃത്തിയുടെ ആകെ ചെലവ് നിർണയിച്ചതിൽ അപാകതകൾ ഉള്ളതായി ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)എസ്റ്റിമേറ്റിലെ 8-ാമത്തെ ഇനമായ കരാറുകാരന്റെ സ്വന്തം മണ്ണുപയോഗിച്ചുള്ള ഫില്ലിംഗ്പ്രവൃത്തി ക്ക് അനുവദിച്ചിട്ടുള്ള നിരക്ക് 10m3-ന് 5888/-രൂപയാണ്. എന്നാൽ അളവുപുസ്തകപ്രകാരം പ്രസ്തുത ഇനം .87m3 ചെയ്തതിന് 512. 25/-രൂപ മാത്രമാണ് അനുവദനീയമായത് എന്നിരിക്കെ 5122. 56/- രൂപ അനുവദിച്ചു നൽകി. ആയതിനാൽ ഈയിനത്തിൽ 4610/- രൂപ അധികച്ചെലവ് വന്നിട്ടുണ്ട്.

2)പ്രവൃത്തിയുടെ 18-ാമത്തെ ഇനമായ' burning platform with 63mm dia cast iron rod-ന്റെ എസ്റ്റിമേറ്റ് നിരക്ക് 27000/- രൂപയാണ്. എന്നാൽ അളവുപുസ്തകത്തിൽ ബിൽ പ്രകാരമുള്ള തുക അനുവദിക്കുന്നതായി രേഖപ്പെടുത്തി 27000/-രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും ബിൽ ഹാജരാക്കിയിട്ടില്ല.

3)വിവിധ വ്യാസത്തിലുള്ള പുകക്കുഴലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് സാധനവിലയും ലേബർചാർജ്ജും ഉൾപ്പെടെ 19-ാം ഇനമായി ഉൾപ്പെടുത്തിയിരുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ്തുക 72000/-രൂപ മാത്രമാണെന്നിരിക്കെ വിവിധ ബില്ലുകളുടെ അടിസ്ഥാനത്തിൽ അളവുപുസ്തകപ്രകാരം അനുവദിച്ച തുക 87233.95/-രൂപയാണ്. എന്നാൽ സാധനങ്ങൾ, ലേബർചാർജ്, മെഷീൻവാടക, കയറ്റിറക്കുകൂലി എന്നീയിനങ്ങളിൽ ചെലവഴിച്ച തുകയുടെ ബില്ലുകൾ/കൈപ്പറ്റുരസീതുകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

4) 21-ാമത്തെ ഇനമായി ഉൾപ്പെടുത്തിയിരുന്ന പ്രവൃത്തിയുടെ (Earthing Pit) എസ്റ്റിമേറ്റ്തുക 1500/-മാത്രമാണെങ്കിലും എം.ബുക്ക് പ്രകാരം3000/-രൂപ അനുവദിച്ചുകാണുന്നു. അധികച്ചെലവിനെ സാധൂകരിക്കുന്ന രേഖകളോ ബന്ധപ്പെട്ട എൻജിനീയറുടെ റിപ്പോർട്ടോ ഇല്ലാത്തതിനാൽ എസ്റ്റിമേറ്റിലധികരിച്ച് തുക അനുവദിച്ചതിന്റെ കാരണം വ്യക്തമല്ല.

5)നികുതിറിക്കവറികൾ പ്രവൃത്തിയുടെ ആകെമൂല്യത്തെ അടിസ്ഥാനമാക്കിയാണ് കണക്കാക്കേണ്ടതെന്നിരിക്കെ വേലമൂല്യത്തോടൊപ്പം 8% അഡ്മിനിസ്ട്രേറ്റീവ്ചാർജ്ജ്കൂടി ഉൾപ്പെട്ട തുകയ്ക്കാണ് റിക്കവറികൾ കണക്കാക്കി അടവാക്കിയിട്ടുള്ളത്. ആയതിനാൽ ഈയിനത്തിലും 2393/രൂപയുടെ അധികച്ചെലവുണ്ടായിട്ടുണ്ട്.

ഫയൽപരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട മേൽഅപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.14) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽസാഹചര്യത്തിൽ 8-ാമത്തെ ഇനമായ മണ്ണ്ഫില്ലിംഗ് പ്രവൃത്തിക്ക് 4610/- രൂപ അധികം നൽകിയത് അംഗീകരിക്കുന്നില്ല. കൂടാതെ ബില്ലുകൾ ഹാജരാക്കാതെ അളവുപുസ്തകത്തിൽ ബില്ലുകൾ പ്രകാരമുള്ള തുകയെന്ന് രേഖപ്പെടുത്തി അനുവദിച്ച 1,59,234/- (27000+87233.95) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുകയും ചെയ്യുന്നു.. അധികം നൽകിയ 4610 രൂപ നിർവ്വഹണ ഏജൻസിയിൽനിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ചെലവുരേഖകളുടെ അഭാവത്തിൽ തടസ്സപ്പെടുത്തിയ 159234/-രൂപയുടെ ഓഡിറ്റ്തടസ്സം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-2 സാമൂഹ്യ സുരക്ഷാ മിഷന് ജില്ലാപഞ്ചായത്ത് വിഹിതം നൽകൽ -വിശദമായ

വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

പ്രോജക്റ്റ് നം.S004/16

വികസന ഫണ്ട് -25,00,000

ചെലവ് -25,00,000 (ഡി.ഡി.നം.860460 തീ.13.10.15)

സാമൂഹ്യസുരക്ഷാ മിഷൻ നടപ്പിലാക്കുന്ന വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾക്കായി 2015-16 വർഷം 25,00,000 രൂപ എക്സിക്യൂട്ടീവ് ഡയറക്ടർ,കേരള സാമൂഹ്യ സുരക്ഷാ മിഷന് നൽകിയിട്ടുണ്ട്.ടി തുക വിനിയോഗിച്ചത് സംബന്ധിച്ച സാക്ഷ്യപത്രം ജില്ലാപഞ്ചായത്തിന് നൽകിയിട്ടുണ്ട്.തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പിന്റെ 27.3.15 ലെ 8736/എഫ്.എം.3/2015 ത.സ്വ.ഭ.വ. പ്രകാരം കേരളാ സാമൂഹ്യസുരക്ഷാ മിഷന് പ്രവർത്തന ഫണ്ടിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംഭാവന നൽകുന്ന തുക അതാത് സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ ഗുണഭോക്താക്കൾക്ക് തന്നെ സേവനമായി നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.കോട്ടയം ജില്ലാപഞ്ചായത്ത് സാമൂഹ്യസുരക്ഷാമിഷന് നൽകിയ 25,00,000 രൂപ ജില്ലാപഞ്ചായത്ത് പരിധിയിൽപെട്ട ഏതെല്ലാം ഗുണഭോക്താക്കൾക്ക് നൽകി എന്നത് സംബന്ധിച്ച വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ഹാജരാക്കിയിട്ടില്ല.ആയതിനാൽ സാമൂഹ്യസുരക്ഷാ മിഷന് നൽകിയ 25,00,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 എസ്.എസ്.എയ്ക്ക് വിഹിതം നൽകൽ -വിശദമായ വിനിയോഗ വിവരം ലഭ്യമല്ല

2015-16 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി എസ്.എസ്.എ പ്രവർത്തനങ്ങൾക്കായി 1,10,00,000 രൂപ ജില്ലാപഞ്ചായത്ത് പ്രോജക്റ്റ് ഓഫീസർ, എസ്.എസ്.എ കോട്ടയത്തിന് നൽകിയിട്ടുണ്ട്. തുക വിനിയോഗിച്ചത് സംബന്ധിച്ച പൊതുവായ വിനിയോഗസാക്ഷ്യപത്രം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം. | തുക | ചെലവഴിച്ച തുക | ഡി.ഡി.നം./തീയതി |
|---|---|---|---|
| S003/16 | 50,00,000 | 50,00,000 | 880391തീ.23.1.16 |
| S0020/16 | 60,00,000 | 60,00,000 | 880656തീ.23.1.16 |
| ആകെ | 1,10,00,000 | 1,10,00,000 | |

ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകളിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായി കേന്ദ്രവിഹിതമുൾപ്പെടെ ചെലവഴിച്ച തുകയുടെ ഘടകങ്ങൾ തിരിച്ചുള്ള വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. ഇവ ലഭ്യമാക്കേണ്ടതും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എസ്.എസ്.എ പ്രവർത്തനങ്ങൾ വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കേണ്ടതുമാണ്. ജില്ലാ പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ച തുക എന്ന നിലയിൽ പ്രോജക്റ്റ് നിർവഹിക്കപ്പെട്ടതിന്റെയും ഭൗതിക നേട്ടം കൈവരിച്ചതിന്റെയും വിവരങ്ങൾ ജില്ലാപഞ്ചായത്ത് തലത്തിൽ വിലയിരുത്തപ്പെട്ടില്ല. എസ്.എസ്.എ.യിൽ നിന്നുള്ള ഘടകങ്ങൾ തിരിച്ചുള്ള വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 1,10,00,000 രൂപയുടെ ചെലവ്ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 ജില്ലാ പഞ്ചായത്തിന്റ അനിവാര്യ ചുമതലയിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിരിക്കുന്നു

ജില്ലാപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ടൈപ്പിസ്റ്റായി ജോലി ചെയ്ത ശ്രീമതി ശ്രീലത എം.പി.എന്നയാൾക്ക് ജില്ലാപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ശമ്പളം നൽകിയിട്ടുണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയർ എൽ.എസ്.ജി.ഡി വിഭാഗത്തിൽ ഉണ്ടാകുന്ന വേക്കൻസികളിൽ നിയമനം നടത്തുകയെന്നത് ജില്ലാപഞ്ചായത്തിന്റെ പൊതുചുമതലകളിലോ, അനിവാര്യ ചുമതലകളിലോ പെടുന്ന കാര്യമല്ല. എഞ്ചിനീയറിംഗ് വിഭാഗത്തിൽ ടൈപ്പിസ്റ്റ് തസ്തികയിൽ ഉണ്ടായ ഒഴിവ് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായിരുന്നു. എന്നാൽ ടൈപ്പിസ്റ്റ് വേക്കൻസിയിൽ ജില്ലാപഞ്ചായത്ത് നിയമനം നടത്തി വേതനമിനത്തിൽ 123910 രൂപ നൽകിയിട്ടുണ്ട്. ടിയാൾക്ക് നൽകിയ വേതനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | നൽകിയ തുക | ചെക്ക് നം./തീയതി |
|---|---|---|

| | | |
|---|---|---|
| 3/15 | 10,000 | 1916199/17.04.15 |
| 4/15 | 9600 | 1681328/13.5.15 |
| 5/15 | 10,000 | 1681359/5.6.15 |
| 6/15 | 9600 | 696732/4.7.15 |
| 7/15 | 9600 | 696790/15.08.15 |
| 8/15 | 8800 | 891627/10.09.15 |
| 9/15 | 8800 | 891668/6.10.15 |
| 10/15 | 8800 | 520505/6.11.2015 |
| 11/15 | 9600 | 520566/7.12.15 |
| 12/15 | 9200 | 99715/6.01.16 |
| 1/16 | 9600 | 99757/8.2.16 |
| 2/16 | 9600 | 553316/4.03.16 |
| 3/16 | 9600 | 553400/8.04.16 |
| ഓണം അലവൻസ് | 1110 | 891622/4.09.15 |
| ആകെ | 123910 | |

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 173-ാം വകുപ്പ് 5-ാം പട്ടികയിൽ ജില്ലാപഞ്ചായത്തുകളുടെ പൊതുവായ ചുമതലകളും, മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള ചുമതലകളിൽ ഉൾപ്പെടാത്ത കാര്യമാണ് എൽ.എസ്.ജി.ഡി.വിഭാഗത്തിലേയ്ക്ക് ടൈപ്പിസ്റ്റിനെ നിയമിച്ച് വേതനം നൽകുകയെന്നത്. ഇപ്രകാരം 2015-16 വർഷം 123910 രൂപ ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി എൽ.എസ്.ജി.ഡി. ഡിവിഷനിലെ സ്ഥിരമുള്ള രണ്ട് ടൈപ്പിസ്റ്റുമാരിൽ ഒരാൾ പെൻഷനാകുകയും ഒരാൾ പ്രൊമോഷൻ ട്രാൻസ്ഫറായി പോകുകയും ചെയ്തതിനാൽ എൽ.എസ്.ജി.ഡി. ഓഫീസിലെ ദൈനംദിനപ്രവർത്തനങ്ങൾ തടസ്സപ്പെടുന്നുവെന്നും അടിയന്തിരസാഹചര്യത്തിൽ താത്കാലികമായെങ്കിലും ടൈപ്പിസ്റ്റുമാരെ നിയമിച്ചു തരണമെന്നുള്ള എക്സിക്യൂട്ടീവ് എൻജിനിയറുടെ അപേക്ഷയുടെ അടിസ്ഥാനത്തിലാണ് ഒരു ടൈപ്പിസ്റ്റിനെ താത്കാലികമായി നിയമിച്ചിട്ടുള്ളതെന്നും അറിയിച്ചു. നിയമിച്ചതിനോടൊപ്പം തന്നെ യഥാസമയം പി.എസ്.സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ വേക്കൻസികൾ റിപ്പോർട്ട് ചെയ്ത് അടിയന്തിരമായി സ്ഥിരനിയമനം നടത്തണമെന്നും പ്രത്യേകനിർദേശം നൽകിയതായും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എൻജിനിയർ, എൽ.എസ്.ജി.ഡി. ഡിവിഷനിലുള്ള താത്കാലിക നിയമനങ്ങൾ തുടർന്ന് പോകുന്നത് സംബന്ധിച്ച് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്നും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.

എൽ.എസ്.ജി.ഡി. ഓഫീസുകളിൽ ഉണ്ടാകുന്ന ഒഴിവിൽ നിയമനം നടത്തേണ്ടത് ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത കാര്യമായതിനാൽ ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-5 ഐ.റ്റി.ഡി.പി- ഭവന നിർമ്മാണ പദ്ധതി

ജില്ലാ പഞ്ചായത്തിന്റെ ഐ.റ്റി.ഡി.പി- ഭവന നിർമ്മാണ പദ്ധതി 105 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി 2007-08 വർഷം ആരംഭിച്ചു. 2015-16 ന്റെ തുടക്കത്തിൽ 19 പേർ ഭവന നിർമ്മാണം പൂർത്തിയാക്കുവാൻ അവശേഷിച്ചിരുന്നു. 2015-16 ൽ ഒരു ഗുണഭോക്താവ് മാത്രമാണ് ഭവന നിർമ്മാണം പൂർത്തിയാക്കിയത്. ഇനി 18 പേർ നിർമ്മാണം പൂർത്തിയാക്കുവാൻ അവശേഷിക്കുന്നു. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പഞ്ചായത്ത് | ഇതു വരെ നല്കിയ ഗഡു | ഇതു വരെ നല്കിയ തുക | ഇനി നല്കാനുള്ള ഗഡു | ഡി.പി.സി അംഗീകാര പ്രകാരം ഇനി നല്കാനുള്ള തുക | പുതുക്കിയ സർക്കുലർ ഉത്തരവ് പ്രകാരം ഇനി നല്കാനുള്ള |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | തുക |
| 1 | ചെല്ലമ്മ കാർത്ത്യായനി,<br>തിരുവമ്പാടി ലക്ഷം വീട്,<br>ഞീഴൂർ പി.ഒ, കോട്ടയം | ഞീഴൂർ | 1,2,3 | 85000 | 4 | 37500 | 45000 |
| 2 | ബിനോ ഉണ്ണി,<br>വെട്ടിക്കാട്ടിൽ,<br>കാവുകണ്ടം, കടനാട് പി.ഒ | കടനാട് | 1,2 | 50000 | 3, 4 | 137500 | 165000 |
| 3 | വത്സ എൻ.എസ്.,<br>ഐ.എച്ച്.ഡി.പി.കോളനി,<br>ചെമ്മനത്തുകര പി.ഒ., വൈക്കം | ടി.വി.പുരം | 1,2 | 50000 | 3,4 | 137500 | 165000 |
| 4 | ലീല എം.കെ.<br>മുരുപ്പേൽ, കരിനിലം പി.ഒ. | മുണ്ടക്കയം | 1,2,3 | 85000 | 4 | 37500 | 45000 |
| 5 | സുജാത മനോജ്<br>കിണറ്റുങ്കൽ, കരിനിലം പി.ഒ. | മുണ്ടക്കയം | | 105000 | 2,3,4 | 212500 | 165000 |
| 6 | തങ്കച്ചൻ ഇ.എൻ.,<br>ഈട്ടിയ്ക്കൽ,<br>കൊമ്പുകുത്തി, കുപ്പക്കയം പി.ഒ. | കോരുത്തോട് | 1,2 | 50000 | 3,4 | 137500 | 16500 |
| 7 | പ്രകാശൻ കെ.കെ.,<br>കോച്ചേരിയിൽ, കുപ്പക്കയം പി.ഒ. | കോരുത്തോട് | 1,2 | 50000 | 3,4 | 137500 | 165000 |
| 8 | ബിനീഷ്,<br>പ്ലാക്കൽ, കുപ്പക്കയം പി.ഒ. | കോരുത്തോട് | 1,2 | 50000 | 3,4 | 137500 | 165000 |
| 9 | കെ.പി.ഗംഗാധരൻ,<br>കോസടിയിൽ, മടുക്ക പി.ഒ. | കോരുത്തോട് | 1,2,3 | 85000 | 4 | 37500 | 45000 |
| 10 | ഗോപാലകൃഷ്ണൻ,<br>പച്ചിയ്ക്കൽ,<br>വെള്ളാനി, അടുക്കം പി.ഒ. | തലനാട് | 1,2,3 | 85000 | 4 | 37500 | 45000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 11 | മാധവി ഗോപാലൻ,<br>അരീപ്ലാക്കൽ,<br>മേലുകാവ് പി.ഒ., കോലാനി | മേലുകാവ് | 1,2,3 | 172500 | 4 | 37500 | 22500 |
| 12 | ഷൈലമ്മ ബേബി,<br>തോട്ടത്തിൽ,<br>ചൊവ്വൂർ പി.ഒ., മങ്കൊമ്പ് | മൂന്നിലവ് | 1,2,3 | 85000 | 4 | 37500 | 45000 |
| 13 | ലളിത ശശി,<br>പന്തടിക്കളം,<br>സചിവോത്തമപുരം പി.ഒ., കുറിച്ചി | കുറിച്ചി | 1,2,3 | 85000 | 4 | 37500 | 45000 |
| 14 | കുമാരി,<br>മാധവശ്ശേരി കോളനി,<br>തിരുവാർപ്പ് പി.ഒ., കോട്ടയം | തിരുവാർപ്പ് | 1,2,3 | 85000 | 4 | 37500 | 45000 |
| 15 | വിലാസിനി,<br>വെട്ടുവഴിയിൽ,<br>ഉദയനാപുരം പി.ഒ., വൈക്കം | ഉദയനാപുരം | 1,2,3 | 107500 | 4 | 37500 | 22500 |
| 16 | മാധവി ഗോപാലൻ,<br>കല്ലാശ്ശേരിൽ, മടുക്ക പി.ഒ. | കോരുത്തോട് | 1,2,3 | 85000 | 4 | 37500 | 45000 |
| 17 | ഭവാനി,<br>കുഴിമാക്കൽ,<br>കൊമ്പുകുത്തി, കുപ്പക്കയം പി.ഒ. | കോരുത്തോട് | 1,2,3 | 107500 | 4 | 37500 | 22500 |
| 18 | ഉദയശ്രീ പ്രകാശ്,<br>കണിയാംകുന്ന്,<br>ഇടപ്പള്ളി, മണർകാട് | മണർകാട് | 1,2,3 | 150000 | 4 | 37500 | 45000 |

അവികസിതമായ സ്ഥലങ്ങളിൽ താമസിയ്ക്കുന്നവർക്ക് ഭവനനിർമ്മാണത്തിനുള്ള സാധനസാമഗ്രികൾ എത്തിയ്ക്കുന്നതിനുള്ള സൗകര്യം ലഭ്യമല്ലാത്തതിനാലാണ് നിർമ്മാണം പൂർത്തിയാക്കാത്തത്. സാമൂഹിക സന്നദ്ധസംഘടനകളെ ഉൾക്കൊള്ളിച്ചുകൊണ്ട് പഞ്ചായത്ത് ഭരണസമിതി മുൻകൈയ്യെടുത്ത് ഭവനനിർമ്മാണം പൂർത്തീകരിയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 3-6 മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത പ്രോജക്ട് നടപ്പിലാക്കി-ചെലവ് തുക തടസ്സപ്പെടുത്തുന്നു.

ക്ഷീരസംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ടായി 5000/- രൂപ വീതം നൽകുന്നതാണ് പദ്ധതി. ടി പദ്ധതിയുടെ ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 678/16, 801/16 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം |
| ഫണ്ടിനം | വികസനഫണ്ട് |
| ചെലവ് | 1)ബിൽ നം.1/15-16/23.9.15- 10,00,000<br>2)ബിൽ നം.2/15-16/23.9.15- 15,00,000 |

ജി.ഒ.(എം.എസ്) നം 362/13/തസ്വഭവ തീയതി 16.11.13 പ്രകാരമുള്ള മാർഗ്ഗരേഖയിൽ ടിയിനത്തിന് ആനുകൂല്യം നൽകുന്നതിന് വ്യവസ്ഥയില്ല. ടി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനത്തിന് ആനുകൂല്യം നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. 2015-16 വർഷത്തെ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് സർക്കാരിൽനിന്നും അനുമതി ലഭിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക് മറുപടിയായി 2014-15 വർഷം പദ്ധതി നടപ്പാക്കുന്നതിന് അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് 2015-16 വർഷവും പദ്ധതി നടപ്പാക്കിയതെന്ന് മറുപടി ലഭ്യമാക്കിയിരുന്നു. ആയത് അംഗീകരിക്കാവുന്നതല്ല. 2015-16 വർഷത്തേയ്ക്ക് പദ്ധതി നടപ്പാക്കുന്നതിന് അംഗീകാരം വാങ്ങിയിട്ടില്ലാത്തതിനാൽ ചെലവ് തുക 25,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 ലഭ്യമാക്കാത്ത സ്റ്റീൽ അലമാരയ്ക്ക് വില നല്കിയത്.ജില്ലാ പഞ്ചായത്തിന് നഷ്ടം

പ്രോജക്ട് നം. 816/16
നിർവഹണ ഉദ്യോഗസ്ഥൻ -വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ
ചെലവ് -6439468/
ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം.

ടി പ്രോജക്ട് പ്രകാരം ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ഗവ.ഹൈസ്കൂളുകൾ, ഹയർസെക്കന്ററി സ്കൂളുകൾ എന്നിവയ്ക്ക് ബെഞ്ച്, ഡസ്ക്, സ്റ്റീൽ അലമാര എന്നിവ വിതരണം ചെയ്യുന്നതിനായി ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്-4429 എന്ന സ്ഥാപനവുമായി കരാറിലേർപ്പെടുകയും, 900 വീതം ബെഞ്ച്, ഡെസ്ക്, 45 സ്റ്റീൽ അലമാര തുടങ്ങിയ ഫർണിച്ചർ വിതരണം ചെയ്തതിന് വില, നികുതികൾ, കടത്തുകൂലി ഉൾപ്പെടെ 6439468/ രൂപ ഡി.ഡി നം 880385/18.1.16 പ്രകാരം (ബിൽ നം.07/15-16 തീ.16.1.16) സ്ഥാപനത്തിന് നല്കുകയും ചെയ്തു.
ഉപകരണങ്ങളുടെ വിതരണം സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ (ARTCO ഹാജരാക്കിയത്.) 900 ബെഞ്ചുകൾ, 900 ഡെസ്കുകൾ, 44 അലമാരകൾ എന്നിവയാണ് വിതരണം ചെയ്തതായി കാണുന്നത്. സ്കൂളുകളിൽ നിന്ന് ലഭ്യമായ രേഖകൾ പ്രകാരവും 44 അലമാരകൾ വിതരണം ചെയ്തതായിട്ടാണ് ബോധ്യപ്പെട്ടത്. എന്നാൽ 45 അലമാരകൾക്ക് വില നല്കിയതിലൂടെ ഒരു അലമാരയുടെ വില അധികമായി സ്ഥാപനത്തിന് നല്കിയിട്ടുണ്ട്.
അധികം നല്കിയ തുക =7853/ + VAT. 14.5% ,1139/ ആകെ = 8992/.
(ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.52/17.3.2017) മറുപടി ലഭിച്ചില്ല.)
സ്ഥാപനം ലഭ്യമാക്കാത്ത ഇനത്തിനും വില നല്കിയതിലൂടെ ജില്ലാ പഞ്ചായത്തിന് ഉണ്ടായ നഷ്ടം ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്ന് തിരികെയീടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവഹണ ഉദ്യോഗസ്ഥനായ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-8 പദ്ധതിപണം മുൻകൂർ പിൻവലിക്കൽ- സർക്കാർ ഉത്തരവിന് വിരുദ്ധം

വിദ്യഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ 2015-16 വർഷം വിവിധ പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണം ആരംഭിക്കുന്നതിന് മുമ്പ് തന്നെ പ്രോജക്റ്റിന്റെ ആകെ അടങ്കൽ തുക റിക്വസിഷനിലൂടെ ജില്ലാപഞ്ചായത്തിനോടാവശ്യപ്പെടുകയും അലോട്ട്മെന്റായി ലഭിക്കുന്ന തുക മുൻകൂറായി മാറി വിദ്യഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ പേരിലുള്ള SBT കോട്ടയത്തിന്റെ 57051893693 നമ്പർ ജനറൽ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുകയും ചെയ്യുന്നു. പ്രോജക്ട് നിർവ്വഹണം നടത്തിയ ശേഷം ചെക്കു മുഖേന തുക ചെലവ് ചെയ്യുകയും ബാക്കി വരുന്ന തുക ജില്ലാപഞ്ചായത്തിലേക്ക് തിരികെ അടയ്ക്കുകയും ചെയ്യുന്ന രീതിയാണ് തുടരുന്നത് . ഇത് 12.04.16 ലെ 177/2006 നമ്പർ സർക്കാർ ഉത്തരവിന് വിരുദ്ധമാണ്. ഇപ്രകാരംഅടുത്ത സാമ്പത്തിക വർഷം പകുതിയാകുമ്പോഴാണ് പ്രോജക്ട് പൂർത്തിയാക്കി തുക തിരികെ അടയ്ക്കുന്നത്. മുൻ റിപ്പോർട്ടുകളിൽ പ്രസ്തുത അപാകത ചൂണ്ടിക്കാട്ടിയിട്ടുണ്ടെങ്കിലും പരിഹരിച്ചിട്ടില്ല. ഭാവിയിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 ഗവൺമെന്റ് സ്കൂളുകൾക്ക് കമ്പ്യൂട്ടറൈസ്ഡ് ലൈബ്രറി പ്രോജക്ട് നിർവ്വഹണത്തിലെ വീഴ്ചകൾ–പദ്ധതിപണത്തിന്റെ പാഴ് ചെലവ്

നിർവ്വഹണോദ്യോഗസ്ഥൻ- വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ

2015-16 വർഷം ജില്ലാ പഞ്ചായത്ത് ഗവൺമെന്റ് സ്കൂളുകൾക്ക് കമ്പ്യൂട്ടറൈസ്ഡ് ലൈബ്രറി നടപ്പാക്കുന്നതിന് 5 പ്രോജക്ടുകളിലായി 56 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ചിരുന്നു. പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം. | പ്രോജക്ട് നം., പേര് | അടങ്കൽ | ചെലവ് | ചെലവിന്റെ വിശദാംശങ്ങൾ |
|---|---|---|---|---|
| 1 | 814/16 കോട്ടയം ജില്ലാ പഞ്ചായത്ത് 2015-16 ഗവൺമെന്റ് സ്കൂളുകൾക്ക് കമ്പ്യൂട്ടറൈസ്ഡ് ലൈബ്രറി | 50,00,000 | 50,00,000 | ബിൽ നം-17/15-16 തീയതി 30.03.16 |
| 2 | 513/16 താഴത്തുവടകര ജി.എച്ച്.എസ്.എസ്. നം നെടുംകുന്നം ജി.എച്ച്.എസ്.എസ് നം കമ്പ്യൂട്ടറൈസ്ഡ് ലൈബ്രറി | 2,00,000 | 2,00,000 | ബിൽ നം-18/15-16 തീയതി 22.03.16 |
| 3 | 515/16 AJJMHSS തലയോലപ്പറമ്പ് VMBSHSS തലയോലപ്പറമ്പ് എന്നീ സ്കൂളുകൾക്ക് കമ്പ്യൂട്ടറൈസ്ഡ് ലൈബ്രറി | 2,00,000 | 2,00,000 | ബിൽ നം-16/15-16 തീയതി 22.03.16 |
| 4 | 510/16<br>HSS തൃക്കോതമംഗലം സ്കൂളിൽ മൾട്ടിമീഡിയ റൂം കമ്പ്യൂട്ടറൈസ്ഡ് ലൈബ്രറി | 1,00,000 | 1,00,000 | ബിൽ നം-19/15-16 തീയതി 30.03.16 |
| 5 | 512/16 വടക്കേക്കര സ്കൂളിൽ കമ്പ്യൂട്ടറൈസ്ഡ് ലൈബ്രറി | 1,00,000 | 1,00,000 | ബിൽ നം-20/15-16 തീയതി 30.03.16 |
| ആകെ | | 56,00,000 | 56,00,000 | |

സ്കൂൾ ലൈബ്രറിയുടെ ഉൾവശം പെയിന്റ് ചെയ്ത് ആകർഷകമാക്കി ഫർണീച്ചർ ശാസ്ത്രീയമായി ക്രമീകരിക്കുക, ലൈബ്രറിയിലെ മുഴുവൻ പുസ്തകങ്ങളും ഡ്യൂയി ഡെസിമൽ ക്ലാസിഫിക്കേഷൻ സ്കീമിൽ വർഗ്ഗീകരിച്ച് അലമാരകളിൽ ക്രമീകരിച്ച് ലേബൽ ചെയ്യുക, ലൈബ്രറിയുടെ പ്രവർത്തനങ്ങൾക്കായി യു.പി.എസ്. ഉൾപ്പെടെ പുതിയ കമ്പ്യൂട്ടർ ലിനക്സ് (എഡ്യൂ ഉബുണ്ടു) വിൻഡോസ് എന്നീ രണ്ട് ഓപ്പറേറ്റിംഗ് സിസ്റ്റംസ് ഇൻസ്റ്റാൾ ചെയ്യുക, സൗജന്യ വാറന്റി സേവനങ്ങൾ ഉറപ്പ് നൽകുന്ന ഒരു ലൈബ്രറി മാനേജ്മെന്റ് സോഫ്റ്റ്‌വെയർ രണ്ട് ഓപ്പറേറ്റിംഗ് സിസ്റ്റത്തിലും ഒരു പോലെ പ്രവർത്തിപ്പിക്കാൻ പറ്റിയത് ഇൻസ്റ്റാൾ ചെയ്യുക, മിനിമം മൂന്ന് വർഷത്തെ സൗജന്യ അപ്ഡേറ്റിംഗ് സേവനം ലഭ്യമാക്കുക, മുഴുവൻ പുസ്തകങ്ങളുടേയും ഡാറ്റാ എൻട്രി പൂർത്തീകരിച്ച് അവയിൽ സ്പൈൻ ലേബൽ, ബാർകോഡ് ലേബൽ എന്നിവ പതിക്കൽ എന്നിവയായിരുന്നു പ്രോജക്ടിൽ ഉൾപ്പെട്ടിരുന്നത്. പ്രോജക്ട് നടപ്പാക്കുന്നതിന് ഇ-ടെന്റർ നടപടികൾ സ്വീകരിച്ചിരുന്നെങ്കിലും പാർച്ച്മെന്റ് ലൈബ്രറി ഓർഗനൈസേഷൻ എന്ന സ്ഥാപനം മാത്രമാണ് 55,90,000/- രൂപ ക്വോട്ട് ചെയ്ത് ടെണ്ടർ/റീടെണ്ടർ നടപടികളിൽ പങ്കെടുത്തത് ആയതിന് M/s.പാർച്ച്മെന്റ് ലൈബ്രറി ഓർഗനൈസേഷൻ താഴെ പറയുന്ന രീതിയിൽ ടെണ്ടർ സമർപ്പിച്ചിരുന്നു

| ഇനം | നിരക്ക് | തുക |
|---|---|---|
| പെയിന്റ് ചെയ്യുന്നതിന് | 5000 രൂപ നിരക്കിൽ 52 സ്കൂളുകൾക്ക് | 2,60,000 |
| കമ്പ്യൂട്ടർ | 20000 രൂപ നിരക്കിൽ 52 സ്കൂളുകൾക്ക് | 10,40,000 |
| ലൈബ്രറി മാനേജ്മെന്റ് സോഫ്റ്റ്‌വെയർ, ബാർകോഡ് സ്കാനർ | 7934 രൂപ നിരക്കിൽ 52 സ്കൂളുകൾക്ക് | 4,12,568 |
| ലൈബ്രറി ഓട്ടോമേഷൻ | 13 രൂപ നിരക്കിൽ 298264 ബുക്കുകൾ (52 സ്കൂളുകളിലായി) | 38,77,432 |
| ആകെ | | 55,90,000 |

പർച്ചേസ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കമ്പനിയുമായി നെഗോഷിയേഷൻ നടപടികളിലൂടെ 1 യൂണിറ്റിന് 750/- രൂപ കുറവ് ചെയ്ത് 106750/- രൂപ നിരക്കിൽ M/s.പാർച്ച്മെന്റ് ലൈബ്രറി ഓർഗനൈസേഷന് വർക്ക് ഓർഡർ നൽകി. പ്രവൃത്തി പൂർത്തീകരിച്ചതായി വിവിധ സ്കൂളുകളുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന് 5510000 രൂപ നൽകിയിട്ടുമുണ്ട്.

പ്രോജക്ട് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഇ-ടെണ്ടർ മുഖേനയാണ് പ്രവൃത്തി നിർവ്വഹിച്ചത്. എന്നാൽ ടെണ്ടർ ഫോം വില, ഇ.എം.ഡി. എന്നിവയുടെ ക്രഡിറ്റ് വിവരം പരിശോധിക്കാനുള്ള രേഖകൾ ലഭ്യമാക്കിയില്ല.
2. ടെണ്ടർ ഉറപ്പിച്ച് നൽകിയ സ്ഥാപനത്തിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് സ്വീകരിച്ചതായി കാണുന്നില്ല.
3. വിവിധ സ്കൂളുകൾക്ക് കമ്പ്യൂട്ടറുകളും യു.പി.എസും ബാർ കോഡ് സ്കാനറും സ്ഥാപനം നൽകിയിട്ടുണ്ട്. എന്നാൽ ക്യാഷ് ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ളതു തന്നെയാണൊ വാങ്ങി നൽകിയത് എന്നുറപ്പാക്കാനായില്ല. വാങ്ങിയ സാധനങ്ങളുടെ വാറന്റി കാർഡുകൾ ഫയലിൽ ലഭ്യമല്ല. നേരിൽ പരിശോധന നടത്തിയ 6 സ്കൂളുകളിലും Windows 7 Professional operating system മാത്രമാണ് ഇൻസ്റ്റാൾ ചെയ്തിട്ടുള്ളത്.
4. പ്രോജക്ട് നടപ്പാക്കുന്നതിന് മുൻപ് ഓരോ സ്കൂൾ ലൈബ്രറിയിലും സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ബുക്കുകളുടെ എണ്ണം വിവിധ സ്കൂൾ എച്ച്.എം./പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ എത്ര ബുക്കുകളാണ് ക്ലാസിഫൈ, കാറ്റലോഗ് ചെയ്ത് ഡേറ്റാ എൻട്രി നടത്താനുണ്ടായിരുന്നത് എന്നതിന്റെ കണക്കുകൾ ലഭ്യമല്ല.
5. സ്ഥാപനത്തിന് ആകെ 2,98,264 ബുക്കുകൾ വർഗ്ഗീകരിച്ച് ഡേറ്റാ എൻട്രി നടത്തിയതിന് 13/- രൂപ നിരക്കിൽ 38,77,432/- രൂപ നൽകിയിട്ടുണ്ട്. സ്കൂളുകളിൽ നിന്നും ക്ലാസിഫൈ ചെയ്ത ബുക്കുകളുടെ എണ്ണം സാക്ഷ്യപ്പെടുത്തി നൽകിയതിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചത്. എന്നാൽ സ്കൂളുകളിൽ നിന്ന് ലഭിച്ച സാക്ഷ്യപത്രങ്ങളിലെ ബുക്കുകളുടെ എണ്ണം കണക്കാക്കിയാൽ 2,44,348 എണ്ണം മാത്രമാണ് വരുന്നത്. ഓരോ സ്കൂളുകളിലെ ലൈബ്രറി പെയിന്റ് ചെയ്യുന്നതിനും ലൈബ്രറി മാനേജ്മെന്റ് സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്തതിനും ബാർകോഡ് സ്കാനർ ലഭ്യമാക്കിയതിനുമായി 12934/- രൂപ നിരക്കിൽ 672568/- രൂപ സ്ഥാപനത്തിന് നൽകിയിട്ടുമുണ്ട്. ഇതിൽ ലൈബ്രറി പെയിന്റ് ചെയ്യുന്നതിന് 5,000/- രൂപ വീതമാണ് വകയിരുത്തിയിരുന്നത്. എന്നാൽ ഓഡിറ്റ് ടീം 17.03.2017 ൽ താഴെ പറയുന്ന സ്കൂളുകളിൽ നടത്തിയ പരിശോധനയിൽ ലൈബ്രറി റൂം പെയിന്റ് ചെയ്തിട്ടില്ലായെന്നും ബുക്കുകൾ പൂർണ്ണമായും വർഗ്ഗീകരിച്ച് ഡാറ്റാ എൻട്രി നടത്തിയിട്ടില്ലായെന്നും (ലൈബ്രറി സോഫ്റ്റ്‌വെയറിൽ നിന്നും ജനറേറ്റ് ചെയ്ത അക്സഷൻ രജിസ്റ്റർ പ്രകാരം) ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്കൂളിന്റെ പേര് | എച്ച്.എം. നൽകിയ സാക്ഷ്യപത്രം പ്രകാരം ഡാറ്റാ എൻട്രി നടത്തിയ ബുക്കുകൾ | library software report പ്രകാരം ഡാറ്റാ എൻട്രി നടത്തിയ ബുക്കുകൾ |
|---|---|---|---|
| 1 | ജി.എച്ച്.എച്ച്.എസ്. കുമരകം | 17176 | 1588 |

| | | | |
|---|---|---|---|
| 2 | സെന്റ് ജോർജ്ജ് ഗവ.വി.എച്ച്എസ്.എസ്. പുതുപ്പള്ളി | 11568 | 2905 |
| 3 | ഗവ.എച്ച്.എസ്.എസ്.തോട്ടക്കാട് | 10300 | 3489 |
| 4 | ഗവ.എച്ച്.എസ്.എസ്.ചെങ്ങളം | 4519 | 2341 |
| | ആകെ | 43563 | 10323 |

ആകെ 52 സ്കൂളുകളുടെ ലൈബ്രറി പെയിന്റ് ചെയ്യുന്നതിനും 2,98,264 ലൈബ്രറി ബുക്കുകൾ വർഗ്ഗീകരിച്ച് ഡാറ്റാ എൻട്രി നടത്തിയതിനുമാണ് സ്ഥാപനത്തിന് തുക നൽകിയത്. എന്നാൽ 4 സ്കൂളുകളിൽ പരിശോധന നടത്തിയതിൽ എച്ച്.എം.സാക്ഷ്യപത്രം നൽകിയത് പ്രകാരം ബുക്കുകൾ വർഗ്ഗീകരിച്ച് ഡാറ്റാ എൻട്രി നടത്തിയിട്ടില്ല എന്ന് വ്യക്തമായി. ഇതിലൂടെ നാല് സ്കൂളുകളിൽ മാത്രം 452120 രൂപ അധികം നൽകിയിട്ടുണ്ട് {(43563-10323)x13+(5000x4)}.ഇതിൽ നിന്നും ബാക്കിയുള്ള സ്കൂളുകളിലും വർഗ്ഗീകരണം പൂർത്തിയാകാതെയാണ് തുക അനുവദിച്ചത് എന്ന് ഓഡിറ്റ് അനുമാനിക്കുന്നു. ശരിയായ പരിശോധന കൂടാതെ കണക്കുകൾ പെരുപ്പിച്ച് തുക അനുവദിക്കാനിടയായത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. നാല് സ്കൂളുകളിൽ മാത്രമായി നടത്തിയ അധികചെലവിലൂടെ ഉണ്ടായ നഷ്ടം 4,52,320 രൂപ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കി സർക്കാർ ഫണ്ടിലൊടുക്കേണ്ടതാണ്

6. പ്രോജക്ട് മോണിട്ടറിംഗ് ചാർജ്ജിനത്തിൽ ഡി.ഡി.ഇ. 20,000/- രൂപ കൈപ്പറ്റിയിട്ടുണ്ട്. മോണിട്ടറിംഗ് ചാർജ്ജിനായി പ്രോജക്ടിൽ തുക വകയിരുത്തിയിട്ടില്ല. കൂടാതെ പ്രോജക്ടിന്റെ മോണിട്ടറിംഗ് നടത്തേണ്ടത് വിദ്യാഭ്യാസം, സംസ്കാരം കലാകായിക യുവജനക്ഷേമം എന്ന വർക്കിംഗ് ഗ്രൂപ്പാണ്. ആയതിനാൽ മോണിട്ടറിംഗ് ചാർജ്ജിനത്തിൽ കൈപ്പറ്റിയ തുക ഓഡിറ്റ് അംഗീകരിക്കുന്നില്ല (ഖ.3-12 കാണുക).

1. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. (എൻക്വയറി നം.64 തീ.18.03.2017) ഈ സാഹചര്യത്തിൽ നഷ്ടം തിട്ടപ്പെടുത്തുന്നതിന് കൂടുതൽ അന്വേക്ഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-10 വിദ്യാജ്യോതി- വിദ്യാശ്രീ പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നമ്പർ-31/16

നിർവ്വഹണോദ്യോഗസ്ഥൻ-വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ

അടങ്കൽ-40,00,000(വികസനഫണ്ട്)

ചെലവ്-40,00,000(ബിൽ നം-14/15-16 തീയതി 24.2.16)

SSLC പരീക്ഷയിൽ കുട്ടികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി പത്താം ക്ലാസിലെ സി ഗ്രേഡ് വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് 2016 ജനവരി 12 മുതൽ 18 പ്രവർത്തിദിവസങ്ങളിൽ സായാഹ്ന ക്ലാസുകൾ നടത്തുന്നതിനും സെക്കണ്ടറി, ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽ 100% വിജയം കൈവരിച്ച സ്കൂളുകളേയും എല്ലാ വിഷയങ്ങൾക്കും A+ ലഭിച്ച കുട്ടികളേയും ആദരിക്കുന്നതിനുമായി തയ്യാറാക്കിയതാണ് മേൽ പ്രോജക്ട്. സായാഹ്ന ക്ലാസ്സുകളിൽ പങ്കെടുത്ത ഓരോ കുട്ടിക്കും 17.5 രൂപ വീതം റിഫ്രഷ്മെന്റിനായി തുക നൽകുന്നതിനാണ് പ്രോജക്ടിൽ വകയിരുത്തിയത്. ക്ലാസ്സുകൾ നടത്തി ഹാജരും വൗച്ചറും സ്കൂളുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നു. പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.ജില്ലാ പഞ്ചായത്തിന്റെ അധീനതയിലല്ലാത്ത താഴെ പറയുന്ന സ്കൂളുകൾക്ക് ആനുകൂല്യം നൽകി

| സ്കൂൾ | നൽകിയ തുക | ചെക്ക് നമ്പർ |
|---|---|---|
| Pala Govt. HSS | 17,640 | 85035 |
| Pala St. Marys GHSS | 24,570 | 85061 |

| | | |
|---|---|---|
| Pala St.Thomas HSS | 13,860 | 85062 |
| Karappuzha Govt.HSS | 8,190 | 226486 |
| Kottayam Govt.Model HSS | 3,465 | 226489 |
| Changanacherry Govt.HSS | 6,615 | 226484 |
| Nattakom VHSS | 12,600 | 226494 |
| Baker Memorial GHSS | 37,485 | 226511 |
| Changanacherry St.Annes GHS | 27,090 | 226512 |
| Changanacherry St.Joseph GHSSS | 5,040 | 226513 |
| Changanacherry SBHSS | 83,790 | 226514 |
| Kottayam CMS College HSS | 32,130 | 226525 |
| Kottayam Holy Family HSS | 17,640 | 226526 |
| KottayamMD Seminary HSS | 51,030 | 226527 |
| Kottayam MT Seminary HSS | 25,200 | 226528 |
| Kottayam Mount Carmel HSS | 31,815 | 226529 |
| Kottayam NSSHSS | 8,820 | 226530 |
| Kottayam St. Annes GHSS | 11,020 | 226531 |
| Kottayam St.joseph GHS | 13,545 | 226532 |
| Pallom BI GHS | 35,595 | 226549 |
| Pallom CMS HS | 27,090 | 226550 |
| Perunna NSSBoys VHSS | 34,335 | 226556 |
| Perunna NSS Girls HSS | 22,050 | 226557 |
| Puthenagadi St.Thomas HS | 3,150 | 226558 |

| | | |
|---|---|---|
| SH Mount HSS | 6,300 | 226558 |
| St.Thomas Girls HSS, Changanacherry | 51,975 | 226615 |
| Vaikom Govt. Boys HSS | 7,560 | 85085 |
| Vaikom Govt. Girls HSS | 20,160 | 85086 |
| Vaikom SMSNHSS | 35,595 | 85111 |
| Vaikom St. Lt. Therases GHSS | 12,285 | 352224 |
| Total | 6,87,640 | |

മേൽ സ്കൂളുകൾ നഗരസഭയുടെ നിയന്ത്രണത്തിലുള്ളവയാണ്. ജില്ലാ പഞ്ചായത്തിന്റെ അധികാരപരിധിയിൽ വരാത്ത സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയില്ല. ആയതിനാൽ ജില്ലാ പഞ്ചായത്തിന് കൈമാറി ലഭിക്കാത്ത സ്കൂളുകൾക്ക് നൽകിയ ആനുകൂല്യം ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

2. മോണിട്ടറിംഗ് ചാർജിനത്തിൽ തുക കൈപ്പറ്റി

പ്രോജക്ട് പ്രകാരം പ്രോജക്ടിന്റെ വാങ്ങൽ, വിതരണം എന്നിവ മോണിറ്ററിംഗ് നടത്തേണ്ടത് വിദ്യാഭ്യാസം, സംസ്കാരം, കലാകായികയുവജനക്ഷേമം എന്ന വർക്കിങ്ങ് ഗ്രൂപ്പാണ്. എന്നാൽ മോണിട്ടറിംഗ് ചാർജിനത്തിൽ നാലു DEO മാർ 7,000 രൂപ വീതവും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ 15,000 രൂപയും ഉൾപ്പെടെ ആകെ 43,000 രൂപ കൈപ്പറ്റിയിട്ടുണ്ട്. പ്രോജക്ടുകൾ ശരിയായ വിധത്തിൽ നിർവ്വഹണം നടത്തുക എന്നത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചുമതലയാണ്. ആയതിന് പ്രത്യേകം തുക കൈപ്പറ്റിയത് ശരിയായ നടപടിയല്ല.(ഖ: 3-12 കാണുക)

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (എൻക്വയറി 53/16.3.17) മറുപടി ലഭ്യമാക്കിയില്ല.

## 3-11 ഫാം വിപുലീകരണത്തിന് അലങ്കാരച്ചെടികൾ വാങ്ങൽ-മാതൃസസ്യങ്ങൾ പൂർണ്ണമായി ലഭ്യമായില്ല

പ്രോജക്ട് നമ്പർ-508/16

അടങ്കൽ-1,50,000(തനത് ഫണ്ട്)

ചെലവ്-1,30,900

നിർവ്വഹണോദ്യോഗസ്ഥ-ഫാം സൂപ്രണ്ട്, ജില്ലാകൃഷിത്തോട്ടം

ഫാം വിപുലീകരണത്തിനായി കോഴായിലെ ജില്ലാകൃഷിത്തോട്ടത്തിൽ നെയിംബോർഡുകൾ, ചെടിച്ചട്ടികൾ, ഫ്ലവർ പ്ലാന്റുകൾ എന്നിവ വാങ്ങുകയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. പ്രോജക്ടിന്റെ ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക | സ്ഥാപനം | ഡിഡി നമ്പർ/തീയതി |
|---|---|---|---|
| നെയിംബോർഡുകൾ-1150 എണ്ണം | 75900 | kerala Agro Industries Corpn. | 350674/3.5.16 |
| ചെടിച്ചട്ടികൾ-150 എണ്ണം | 15000 | സംഘമൈത്രി | 350649/15.4.16 |
| ഫ്ലവർ പ്ലാന്റുകൾ | 40000 | കാർഷിക സർവ്വകലാശാല, വെള്ളാനിക്കര | 350686/9.5.16 |

ഫ്ലവർ പ്ലാന്റുകൾ ലഭ്യമാക്കാൻ 40,000 രൂപയാണ് കാർഷിക സർവ്വകലാശാലയ്ക്ക് നൽകിയത്. എന്നാൽ 18,960 രൂപയുടെ പ്ലാന്റുകൾ മാത്രമാണ് ലഭ്യമായത്. ബാക്കി പ്ലാന്റുകൾ ലഭ്യമാക്കാൻ 21.2.17 ൽ ഫാം സൂപ്രണ്ട് കാർഷിക സർവ്വകലാശാലയ്ക്ക് കത്തെഴുതിയെങ്കിലും (നമ്പർ B75/16 തീയതി 21.2.17) നാളിതുവരെ ബാക്കി ഫ്ലവർ പ്ലാന്റുകൾ ലഭ്യമായിട്ടില്ല. പ്ലാന്റുകൾ അടിയന്തിരമായി ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അവശേഷിക്കുന്ന 21,040 രൂപ തിരികെ ലഭ്യമാക്കി ജില്ലാപഞ്ചായത്തിൽ അടവാക്കുകയോ ചെയ്യേണ്ടതാണ്.

## 3-12 വിവിധ പ്രോജക്ടുകൾക്ക് മോണിട്ടറിംഗ് ചാർജ് നൽകിയത് അനുവദനീയമല്ല

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ തൻവർഷം നിർവ്വഹിച്ച വിവിധ പ്രോജക്ടുകൾക്ക് ചുവടെ ചേർക്കും പ്രകാരം മോണിട്ടറിംഗ് ചാർജ് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പേര് | അടങ്കൽ/ചെലവ് | മോണിട്ടറിംഗ് ചാർജ് | ബിൽ നമ്പർ/തീയതി |
|---|---|---|---|---|
| 1 | 34/16, നാടൻ പന്ത്കളി പരിശീലനം | 5,00,000(വികസനഫണ്ട്)<br>3,50,000 | 10,000 | 22/15-16 30.3.16 |
| 2 | 805/16, ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് (എസ്.ടി)സൈക്കിൾ | 10,00,000(വികസനഫണ്ട്)<br>10,00,000 | 8,900 | 23/15-16 30.3.16 |
| 3 | 36/16, യോഗപരിശീലനം | 5,00,000(വികസനഫണ്ട്)<br>5,00,000 | 15,000 | 9/15-16 13.1.16 |
| 4 | 804/16, ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് (എസ്.സി)സൈക്കിൾ | 76,00,000(വികസനഫണ്ട്)<br>76,00,000 | 50,700 | 6/15-16 30.10.15 |
| 5 | so.666/16, ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് (എസ്.സി)സൈക്കിൾ | 20,00,000(വികസനഫണ്ട്)<br>20,00,000 | 25,200 | 2/15-16 18.8.15 |
| 6 | 814/16, കമ്പ്യൂട്ടറൈസ്ഡ് ലൈബ്രറി | 50,00,000(മെയിന്റനൻസ് ഗ്രാന്റ്-NR)<br>50,00,000 | 20,000 | 17/15-16 31.3.16-5000000 |
| 7 | 31/16, വിദ്യാജ്യോതി | 40,00,000(വികസനഫണ്ട്)<br>40,00,000 | 43,000 | 14/15-16 24.2.16 |
| | | ആകെ | 1,72,800 | |

മേൽ പ്രോജക്ടുകളിൽ ക്രമനമ്പർ 1 മുതൽ 6 വരെയുള്ള പ്രോജക്ടുകളുടെ ധനകാര്യവിശകലനത്തിൽ മോണിട്ടറിംഗ് ചാർജിന് തുക വകയിരുത്തിയിട്ടില്ല. പ്രോജക്ടുകൾക്ക് മേൽനോട്ടം വഹിക്കുക എന്നത് നിർവ്വഹണോദ്യോഗസ്ഥന്റെ പ്രാഥമിക കർത്തവ്യമാണ്. ആയതിന് മോണിട്ടറിംഗ് ചാർജ് എഴുതി വാങ്ങിയ നടപടി ക്രമപ്രകാരമല്ല. ക്രമനമ്പർ 7 ന്

മോണിട്ടറിംഗ് ചാർജ് പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും മുനിസിപ്പാലിറ്റിയുൾപ്പെടെയുള്ള സ്കൂളുകൾക്ക് ആനുകൂല്യം നൽകിയത് കൃത്യമായ മോണിട്ടറിംഗിന്റെ അഭാവമാണ് സൂചിപ്പിക്കുന്നത്.നാടൻ പന്ത്കളി മൽസരത്തിന് പന്ത് വാങ്ങൽ, കുട്ടികൾക്ക് ആഹാരം വാങ്ങൽ എന്നിവയുൾപ്പെടെയുള്ള ചെലവുകൾക്ക് അതാത് സ്കൂളുകൾക്ക് തുക കൈമാറിയിട്ടുണ്ട്. അതിൽ ഉൾപ്പെടാതെയാണ് മോണിട്ടറിംഗ് ചാർജ് നിർവ്വഹണോദ്യോഗസ്ഥൻ വാങ്ങിയിരിക്കുന്നത്.

സ്കൂളുകൾക്ക് സൈക്കിൾ വാങ്ങൽ പ്രോജക്റ്റിൽ എം.ടി സെമിനാരി സ്കൂളിൽ സൈക്കിൾ പാർട്സുകൾ സൂക്ഷിക്കുകയും അസംബിൾ ചെയ്ത ശേഷം വിവിധ വിതരണ സെന്ററുകളിൽ എത്തിക്കുകയുമാണ് ചെയ്തിരിക്കുന്നത്. ആയതിന്റെ കൈകാര്യചെലവ് എന്ന രീതിയിലാണ് മോണിട്ടറിംഗ് ചാർജ് വാങ്ങിയിരിക്കുന്നത്. ആയത് പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ക്രമനമ്പർ 6 യാതൊരു മോണിട്ടറിംഗും ഇല്ലാതെ നടന്ന പ്രോജക്റ്റാണെന്ന് സ്കൂളുകളിൽ പ്രാദേശിക പരിശോധന നടത്തിയപ്പോൾ ബോദ്ധ്യമായി. ടി പ്രാജക്റ്റിന്റെ നിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ചകൾ ഉണ്ടായിട്ടുണ്ട്.

യോഗപരിശീലനം വിവിധ സ്കൂളുകളിൽ വച്ചുനടന്ന പ്രോജക്റ്റാണ്. സ്കൂളുകളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായിരുന്നു.മറ്റ് ചെലവുകൾ ഒന്നുമില്ലാതിരിക്കെ ആയതിനും മോണിട്ടറിംഗ് ചാർജ് എഴുതി വാങ്ങിയിരിക്കുകയാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നമ്പർ 68/18.3.17) മറുപടി ലഭ്യമായില്ല. ആയതിനാൽ മോണിട്ടറിംഗ് ചാർജിനത്തിൽ ആകെ ചെലവഴിച്ച 1,72,800 രൂപ നിരാകരിക്കുന്നു.

## 3-13 സ്കൂളുകളിൽ കമ്പ്യൂട്ടർ ക്ലിനിക്ക്-രേഖകൾ ഓഡിറ്റിന് ലഭ്യമായില്ല

പ്രോജക്റ്റ് നമ്പർ-37/16

ചെലവ്-5,00,000(വികസനഫണ്ട്)

ഡിഡി നമ്പർ-880387/18.1.16

നിർവ്വഹണോദ്യോഗസ്ഥൻ-വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ

വിവിധ സ്കൂളുകളിലെ കേടായ കമ്പ്യൂട്ടറുകൾ നന്നാക്കി നൽകുക എന്നതായിരുന്നു പ്രോജക്റ്റിന്റെ ലക്ഷ്യം. ആയതിലേക്കായി ഐ.ടി @ സ്കൂളിന്റെ സഹായം തേടിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 14.12.15, 15.12.15 തീയതികളിലായി നടന്ന ക്യാമ്പിൽ 37 സ്കൂളുകൾ പങ്കെടുത്തതായി ഹാജർ രേഖപ്പെടുത്തിയിട്ടുണ്ട്. കമ്പ്യൂട്ടറുകളുടെ അറ്റകുറ്റപ്പണികൾ ചെയ്തതിനും പുതിയ പാർട്സുകൾ സ്ഥാപിച്ചതിനുമായി കെൽട്രോണിന് അവരുടെ ഇൻവോയിസ് (നമ്പർ ഐ.ടി.ജി.ബി/15-16/6164/സി.എച്ച്.എൻ/392 തീയതി 23.12.15) പ്രകാരം 5,00,000 രൂപ നൽകിയിട്ടുണ്ട്. പ്രോജക്റ്റിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ക്ലിനിക്കിൽ പങ്കെടുത്ത സ്കൂളുകളുടെ എത്ര കമ്പ്യൂട്ടറുകൾ നന്നാക്കിയെന്നോ, ഏതെല്ലാം പാർട്സുകൾ മാറ്റി സ്ഥാപിച്ചെന്നോ വ്യക്തമാക്കുന്ന അതാത് പ്രിൻസിപ്പൽമാരുടെ സാക്ഷ്യപത്രം ലഭ്യമായില്ല. നിലവിൽ കെൽട്രോണിന്റെ ഇൻവോയിസ് പ്രകാരം തുക നൽകുക മാത്രമാണ് ചെയ്തിരിക്കുന്നത്.

2) നന്നാക്കുകയോ ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കുകയോ ചെയ്ത കമ്പ്യൂട്ടറുകളുടെ വാറന്റി പീരിയഡ് സംബന്ധിച്ച രേഖകൾ ലഭ്യമായില്ല.

മേൽ അപാകതകൾക്ക് രേഖാമൂലം മറുപടി ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നമ്പർ 51)മറുപടി ലഭ്യമായില്ല. ആയതിനാൽ ടി ഇനത്തിലുള്ള 5,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-14 പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സൈക്കിൾ വാങ്ങൽ–രേഖകൾ അപൂർണ്ണം

പ്രോജക്റ്റ് നമ്പർ-805/16

ചെലവ്-1000000(വികസനഫണ്ട്)

നിർവ്വഹണോദ്യോഗസ്ഥൻ-വിദ്യാഭ്യാസ ഡെപ്യൂട്ടിഡയറക്ടർ

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 110 ആൺകുട്ടികൾക്കും(Herculese Rockey 26 model) 119 പെൺകുട്ടികൾക്കും (BSA Shine26 model) സൈക്കിൾ വിതരണം ചെയ്യുക എന്നതായിരുന്നു പ്രോജക്റ്റിന്റെ ലക്ഷ്യം. ആയതിന് ചുവടെ ചേർക്കും പ്രകാരം വികസനഫണ്ട് ചെലവഴിച്ചിട്ടുണ്ട്.

| ഇനം | ചെലവ് തുക/ഡിഡി നമ്പർ | തുക കൈപ്പറ്റിയ ആൾ/സ്ഥാപനം |
|---|---|---|
| സൈക്കിളിന്റെ വില | 991100, 84544/11.4.16 | കെൽട്രോൺ, എറണാകുളം |
| മോണിട്ടറിംഗ് ചാർജ്ജ് | 8900, ചെക്ക് നമ്പർ 352226/8.6.16 | വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ |

പ്രോജക്റ്റിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1) ലഭ്യമാക്കിയ രേഖകൾ പ്രകാരം എം.ടി സെമിനാരി എച്ച്.എസ്.എസ്.കോട്ടയം, സെന്റ് തോമസ് എച്ച്.എസ്.എസ്. എരുമേലി, സെന്റ് ജോൺ എച്ച്.എസ്.എസ്. നെടുംകുന്നം എന്നിവടങ്ങളിലായി സൈക്കിളുകൾ വിതരണത്തിനെത്തിച്ചതായി അതാത് സ്കൂളുകളിലെ പ്രിൻസിപ്പൽമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി സൈക്കിളുകൾ ഏതൊക്കെ കുട്ടികൾക്ക് വിതരണം ചെയ്തെന്ന് വ്യക്തമല്ല. കുട്ടികളുടെ അപേക്ഷകൾ, കൈപ്പറ്റുവിവരം, കുട്ടികൾ കൈപ്പറ്റിയതായി അതാതു സ്കൂളുകളിലെ പ്രിൻസിപ്പൽമാരുടെ സാക്ഷ്യപത്രം എന്നിവ ലഭ്യമായില്ല.

2)കുട്ടികളെ തെരഞ്ഞെടുത്ത രീതി വ്യക്തമല്ല. ഗ്രാമപഞ്ചായത്തുകളിലെ ഗ്രാമസഭകൾ അംഗീകരിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ഗുണഭോക്തൃലിസ്റ്റ് ലഭ്യമായില്ല. ടി കുട്ടികൾക്ക് പട്ടികവർഗ്ഗവികസന ഓഫീസിൽ നിന്നോ ഗ്രാമപഞ്ചായത്തിൽ നിന്നോ സമാനമായ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് അതാത് ഓഫീസർമാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) ടെണ്ടർ നടപടികൾ സ്വീകരിക്കാതെ കെൽട്രോണിൽ നിന്നും നേരിട്ട് സൈക്കിളുകൾ വാങ്ങി.

4) തൻവർഷം ടി വിഷയത്തിൽ പർച്ചേസ് കമ്മറ്റി കൂടിയിട്ടില്ല.

5)വികസനഫണ്ടിൽ നിന്നും നിർവ്വഹണോദ്യോഗസ്ഥൻ മോണിട്ടറിംഗ് ചാർജ്ജ് വാങ്ങി. (ഖണ്ഡിക 3-12 കാണുക)

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നമ്പർ 50) മറുപടി ലഭ്യമായില്ല. ആയതിനാൽ അനധികൃതമായി ചെലവഴിച്ച മോണിട്ടറിംഗ് ചാർജ്ജ് (8900 രൂപ) ഒഴികെ ബാക്കി ചെലവ് തുക (9,91,100 രൂപ) തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

## 3-15 സൈക്കിൾ വിതരണം (എസ്.സി.പി.) -പ്രോജക്റ്റ് നടത്തിപ്പിലെ അപാകതകൾ

1) പ്രോജക്റ്റ് വിശകലനം

നിർവ്വഹണോദ്യോഗസ്ഥൻ : ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 666/16 |
| പ്രോജക്റ്റ് പേര് | പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം |
| അടങ്കൽ | 2000000 |
| ഫണ്ടിനം | വികസനഫണ്ട് പൊതുവിഭാഗം സാധാരണ |
| ചെലവ് | 2000000 (സൈക്കിൾ വില 1974800 + മോണിറ്ററിങ് ചാർജ്ജ് 25200)<br>ബിൽ നം.02/15-16, 18.08.15 |

2) പ്രോജക്റ്റ് വിശകലനം

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 804/16 |
| പ്രോജക്റ്റ് പേര് | പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം |
| അടങ്കൽ | 7600000 |
| ഫണ്ടിനം | വികസനഫണ്ട് പൊതുവിഭാഗം സാധാരണ |
| ചെലവ് | 7600000 (സൈക്കിൾ വില 7549300 + മോണിട്ടറിങ് ചാർജ്ജ് 50700) |

| | |
|---|---|
| | ബിൽ നം.06/15-16, 30.10.15 |

ക്രമ നമ്പർ (1) പ്രകാരം ജില്ലയിലെ മുനിസിപ്പാലിറ്റികളുടെ നിയന്ത്രണത്തിലുള്ള സ്കൂളുകൾ ഒഴികെയുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ എസ്.സി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിന് തയ്യാറാക്കിയ പ്രോജക്ട് പ്രകാരം സൈക്കിൾ ഒന്നിന് 4250 രൂപ നിരക്കിൽ 240 ബോയിസ് സൈക്കിളുകളും, സൈക്കിൾ ഒന്നിന് 4400 രൂപ നിരക്കിൽ 217 ഗേൾസ് സൈക്കിളുകളും വാങ്ങി വിതരണം നടത്തിയിട്ടുണ്ട്

ക്രമ നമ്പർ (2) പ്രകാരം ജില്ലയിലെ മുനിസിപ്പാലിറ്റികളുടെ നിയന്ത്രണത്തിലുള്ള സ്കൂളുകൾ ഒഴികെയുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ എസ്.സി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിന് തയ്യാറാക്കിയ പ്രോജക്ട് പ്രകാരം സൈക്കിൾ ഒന്നിന് 4250 രൂപ നിരക്കിൽ 858 ബോയിസ് സൈക്കിളുകളും, സൈക്കിൾ ഒന്നിന് 4400 രൂപ നിരക്കിൽ 887 ഗേൾസ് സൈക്കിളുകളും വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ജില്ലയിലെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന എസ്.സി വിഭാഗത്തിലെ വിദ്യാർത്ഥികളിൽ സൈക്കിൾ ആവശ്യമുള്ള വിദ്യാർത്ഥികളുടെ ലിസ്റ്റ് അതാത് സ്കൂളുകളിൽ നിന്നും വാങ്ങി സൈക്കിൾ വിതരണം ചെയ്യേണ്ടതിനു പകരം സ്കൂളുകളിൽ നിന്നും എസ്.സി വിഭാഗത്തിലെ മൊത്തം വിദ്യാർത്ഥികളുടെ ലിസ്റ്റ് വാങ്ങി ആയതിന്റെ അടിസ്ഥാനത്തിൽ അത്രയും എണ്ണം സൈക്കിൾ വാങ്ങി വിതരണം ചെയ്യുകയാണ് ചെയ്തിട്ടുള്ളത്.

2) സൈക്കിളുകൾ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ, വിദ്യാർത്ഥികൾ കൈപ്പറ്റിയതിന്റെ രേഖകൾ, വിദ്യാർത്ഥികളുടെ അപേക്ഷ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3)കുട്ടികളെ തെരഞ്ഞെടുത്ത രീതി ഫയലിൽ വ്യക്തമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തുകളിലെ ഗ്രാമ സഭകൾ അംഗീകരിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല. ടി കുട്ടികൾക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്നോ, ഗ്രാമ പഞ്ചായത്തിൽ നിന്നോ സമാനമായ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് അതാത് ഓഫീസർമാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) കുട്ടികൾ കോട്ടയം ജില്ലയിലെ സ്ഥിരം താമസക്കാരാണ് എന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

5)ടെൻഡർ നടപടികൾ സ്വീകരിക്കാതെ കെൽട്രോണിൽ നിന്നും നേരിട്ട് സൈക്കിളുകൾ വാങ്ങി.

6) ഈ വിഷയത്തിന് പർച്ചേസ് കമ്മറ്റി കൂടിയിട്ടില്ല.

വികസന ഫണ്ടിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രോജക്ടിൽ ഉൾപ്പെടുത്താതെ മോണിട്ടറിംഗ് ചാർജ് കൈപ്പറ്റി. (ഖണ്ഡിക 3-12 കാണുക)

7) വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ 15.9.15 ൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് സൈക്കിൾ വിതരണത്തിന്റെ ആവശ്യത്തിന് എസ്.സി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് അയച്ച എച്ച് 1/13356/16നമ്പർ കത്തിൽ മുനിസിപ്പാലിറ്റികൾ ഒഴികെയുള്ള സ്കൂളുകളിൽ എട്ടാം സ്റ്റാന്റേർഡിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ ലഭ്യമാക്കാനാണ് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ പിന്നീട് പ്രോജക്ട് നടപ്പാക്കിയപ്പോൾ മുനിസിപ്പാലിറ്റികളുടെ പരിധിയിൽ വരുന്ന ചില സ്കൂളുകളിലെ കുട്ടികൾക്കും സൈക്കിൾ വിതരണം ചെയ്തിട്ടുണ്ട്. ആവശ്യകത നിശ്ചയിക്കാതെ എല്ലാ എസ്.സി. വിദ്യാർത്ഥികളുടെയും കണക്കെടുത്ത് ആയതിന്റെ അടിസ്ഥാനത്തിൽ സൈക്കിൾ വാങ്ങിയതിനാലാണ് പ്രോജക്ട് നടത്തിപ്പിന്റെ ആദ്യഘട്ടത്തിൽ മുനിസിപ്പൽ അതിർത്തിയിലുള്ള സ്കൂളുകൾ ഒഴിവാക്കിയെങ്കിലും പിന്നീട് ഉൾപ്പെടുത്തിയത്. മാത്രമല്ല എല്ലാ മുനിസിപ്പാലിറ്റിയിലെയും എല്ലാ സ്കൂളുകളും ഉൾപ്പെടുത്താതെ ഏതാനും സ്കൂളുകളെ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മുൻസിപ്പാലിറ്റി പരിധിയിൽ വരുന്ന ഹൈസ്കൂളുകളും, ഹയർ സെക്കന്ററി സ്കൂളുകളും ജില്ലാ പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളോ, ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളോ അല്ല എന്നിരിക്കേ ഇപ്രകാരം സൈക്കിൾ വിതരണം നടത്തിയത് ക്രമപ്രകാരമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | വിതരണം ചെയ്തസൈക്കിൾ (ബോയിസ്) | വിതരണം ചെയ്തസൈക്കിൾ (ഗേൾസ്) | ആകെ |
|---|---|---|---|---|
| 1 | സെന്റ് ബെർക്ക്മാൻസ് ഹയർ സെക്കന്ററി സ്കൂൾ ചങ്ങനാശ്ശേരി | 38 | | 38 |

| | | | | |
|---|---|---|---|---|
| 2 | സെൻ്റ് ജോസഫ്സ് ജി.എച്ച്.എസ്.എസ്.ചങ്ങനാശ്ശേരി | | 26 | 26 |
| 3 | എസ്. എം. എസ്. എൻ. എച്ച്.എസ്.എസ്. വൈക്കം | 19 | 13 | 32 |
| 4 | സെൻ്റ് ലിറ്റിൽ തെരാസാസ്സ് ഗേൾസ് എച്ച്.എസ്. എസ്. വൈക്കം | | 18 | 18 |
| 5 | ഗവ.ഗേൾസ് എച്ച്.എസ്.എസ്. വൈക്കം | | 20 | 20 |
| 6 | ഗവ. ബോയിസ് എച്ച്.എസ്.എസ്. വൈക്കം | 21 | | 21 |
| 7 | ഗവ.വൊക്കേഷണൽ എച്ച്.എസ്.എസ്. വൈക്കം വെസ്റ്റ് | 2 | 1 | 3 |
| 8 | സെൻ്റ് ആൻസ് ഗേൾസ് എച്ച്.എസ്.എസ്. | | 31 | 31 |
| 9 | മൗണ്ട് കാർമൽ എച്ച്.എസ്.എസ്. കോട്ടയം | | | |
| | എം.ഡി. സെമിനാരി എച്ച്.എസ്.എസ്. കോട്ടയം | 31 | 12 | 43 |
| | ആകെ | 111 | 152 | 263 |

പ്രോജക്ട് പ്രകാരം മുനിസിപ്പാലിറ്റി പരിധിയിൽ വരുന്ന 10 സ്കൂളുകളിലായി 111 ബോയി സൈക്കിളുകളും, 152 ഗേൾസ് സൈക്കിളുകളും വിതരണം നടത്തിയിട്ടുണ്ട്. ഇത് പ്രകാരം 1140550/രൂപയുടെ (111x4250+152x4400) അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെ അധീനതയിലല്ലാത്ത സ്ഥാപനങ്ങൾക്കായി ചെലവഴിച്ച 1140550 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

8) ഫയൽ പരിശോധനാവേളയിൽ സൈക്കിളുകൾ എല്ലാം വിതരണം ചെയ്തിട്ടുണ്ട് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഓഫീസിൽ നിന്നും അറിയിച്ചത്. എന്നാൽ കാഞ്ഞിരപ്പള്ളി വിദ്യാഭ്യാസ ജില്ലയിലെ മുണ്ടക്കയം സെന്റ്.ജോസഫ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ 5 ലേഡി സൈക്കിളുകൾ വിതരണം ചെയ്യാനവശേഷിക്കുന്നതായി ഓഡിറ്റ് കണ്ടെത്തി. ഇപ്രകാരം ഏതൊക്കെ സ്കൂളുകളിൽ സൈക്കിളുകൾ വിതരണം ചെയ്യാനവശേഷിക്കുന്നു എന്ന് പരിശോധിക്കേണ്ടതാണ്. വിതരണം ചെയ്യാനവശേഷിക്കുന്ന 5 ലേഡി സൈക്കിളുകളുടെ വില 22,000 രൂപ( 4400x5) ഓഡിറ്റിൽ നിരാകരിക്കുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം 60, 61)മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ പ്രോജക്ടുകളുടെ ആകെ ചെലവായ 96,00,000 രൂപയിൽ വിവിധ കാരണങ്ങളാൽ നിരാകരിച്ച 1162550(1140550+22000)+ 75900(25200+50700 മോണിട്ടറിംഗ് ചാർജ്)12,38,450 രൂപ കിഴിച്ച് 83,61,550 രൂപ(9600000-1238450) യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-16 മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നുള്ള നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്കിയത്-രേഖകളിൽ അവ്യക്തത

മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും കുറവ് ചെയ്യുന്ന നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം (നിർമ്മാണ പ്രവൃത്തിയുടെ മൂല്യത്തിന്റെ 1% തുക) 1989-ലെ കേരള കൺസ്ട്രക്ഷൻ വെൽഫെയർ ഫണ്ട് ആക്ട് സെക്ഷൻ 8(2) പ്രകാരം കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് ഒടുക്കുന്നത് നിരീക്ഷിക്കുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. എൽ.എസ്.ജി.ഡി.-യിലെ റിക്വസിഷൻ രജിസ്റ്ററിൽ മരാമത്ത് പ്രവൃത്തി ബില്ലിൽ

കുറവ് ചെയ്യുന്ന മൂല്യവർദ്ധിത നികുതി, ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ രേഖപ്പെടുത്തുന്നുണ്ട്. ട്രഷറിയിൽ നിന്ന് മരാമത്ത് ബില്ലുകൾ നൽകി തുക പിൻവലിക്കുമ്പോൾ മൂല്യവർദ്ധിത നികുതി, ആദായ നികുതി എന്നിവ ബിൽ തുകയിൽ നിന്നും ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് നേരിട്ട് ക്രഡിറ്റ് ചെയ്ത് നൽകുകയും നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഡിമാന്റ് ഡ്രാഫ്റ്റായി നിർവ്വഹണ ഉദ്യോഗസ്ഥന് നല്കുകയുമാണ് ചെയ്യുന്നത്. എന്നാൽ ഈയിനത്തിൽ ലഭിക്കുന്ന ഡിമാന്റ് ഡ്രാഫ്റ്റുകളുടെ വിശദാംശം(നം.,തീയതി,തുക) രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ അവയുടെ ഒടുക്കിന്റെ വിശദാംശംങ്ങൾ നിരീക്ഷിക്കുകയോ ചെയ്യുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥന് നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഇനത്തിൽ ലഭ്യമായ മുഴുവൻ തുകയും കേരള സംസ്ഥാന നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ (KSCWWF) ഫണ്ടിലേക്ക് അടവാക്കിയോ എന്നത് സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നു.

<u>മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്കിയതിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല</u>

രജിസ്റ്ററിൽ വിശദാംശങ്ങൾ രേഖപ്പെടുത്താത്തതുകൊണ്ട് 2015-16 വർഷത്തെ എല്ലാ മരാമത്ത് ബില്ലുകളിൽ നിന്നും കുറവ് ചെയ്ത ക്ഷേമനിധി വിഹിതമിനത്തിലുള്ള തുകകളുടെ ഒടുക്ക് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ജില്ലാ പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 2015-16 വർഷത്തെ ട്രഷറി ബിൽ ബുക്ക്(നം.AD 12716, AC 01600) പ്രകാരം 1 മുതൽ 455 വരെ നമ്പരായി ബില്ലുകൾ നൽകി തുക പിൻവലിച്ചിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ ഫയൽ പരിശോധിച്ചതിൽ ഫയലിൽ 398 ഡിമാന്റ് ഡ്രാഫ്റ്റുകളായി ആകെ 28,20,404/- രൂപ കത്ത് പ്രകാരം KSCWWF സെക്രട്ടറിക്ക് നല്കിയിട്ടുള്ളതായി സൂചിപ്പിച്ചിരിക്കുന്നു. എന്നാൽ പ്രസ്തുത തുക KSCWWF-ഫണ്ടിൽ ഒടുക്കിയ ഔദ്യോഗിക രസീത് ലഭ്യമാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കത്ത് നം./തീയതി | ഡി.ഡി.കളുടെ എണ്ണം | ആകെ തുക |
|---|---|---|---|
| 1. | A3/G1/KCWF/2010/ 06.08.2015 | 32 | 214307 |
| 2. | A3/G1/KCWF/2010/ 08.09.2015 | 25 | 170215 |
| 3. | A3/G1/KCWF/2010/ 12.10.2015 | 7 | 35184 |
| 4. | A3/G1/KCWF/2010/ 03.11.2015 | 7 | 29006 |
| 5. | A3/G1/KCWF/2010/ 06.01.2016 | 34 | 304483 |
| 6. | A3/G1/KCWF/2010/ 02.02.2016 | 19 | 125443 |
| 7. | A3/G1/KCWF/2010/ 05.03.2016 | 31 | 237200 |
| 8. | A3/G1/KCWF/2010/ 23.04.2016 | 243 | 1704566 |
| ആകെ | | 398 | 28,20,404/- |

പ്രസ്തുത വിഷയത്തിലുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/04.03.2017) മറുപടി ലഭിച്ചില്ല. ഒരു സാമ്പത്തിക വർഷം 400 എണ്ണത്തിലധികം മരാമത്ത് പ്രൊജക്ടുകൾ നടത്തുന്നതിനാൽ KSCWWF വിഹിതം ലഭ്യമായതിന്റെ വിനിമയം നിരീക്ഷിക്കുന്നതിന് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. രജിസ്റ്റർ തയ്യാറാക്കി മേൽപറഞ്ഞ വിഷയത്തിലെ ധനവിനിയോഗം ക്രമീകരിക്കേണ്ടതാണ്. തുക അടവാക്കിയതിന്റെ രസീത് KSCWWF-ൽ നിന്നും ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 3-17 12-ാം പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പൊതുമരാമത്ത് പ്രവൃത്തി നടപ്പാക്കി

| | |
|---|---|
| പ്രൊജക്ട് നം. | SO141/16(സ്പിൽ ഓവർ) |
| പ്രൊജക്ടിന്റെ പേര് | തിടനാട് പഞ്ചായത്തിലെ കരിമ്പനോലി-തെക്കേക്കര ഭാഗം നടപ്പാലം നിർമ്മാണം |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| കൺവീനർ | ബെന്നി സെബാസ്റ്റ്യൻ, തെക്കേക്കര, ചെമ്മലമറ്റം പി.ഒ. |
| അടങ്കൽ | 10 ലക്ഷം വികസന ഫണ്ട്(ജനറൽ) |
| ചെലവ് | ആകെ ചെലവ് 8,61,033/- രൂപ<br>2014-15 വർഷം 5,72,754/-<br>2015-16 വർഷം 2,88,279/- (ഡി.ഡി.നം.096932/18.04.2016 പ്രകാരം 2,66,322/- കൺവീനർക്ക് നൽകി) |
| അളവ് പുസ്തകം നം. | 84/2014-15, 200/2014-15 |

സ.ഉ.(എം.എസ്.)362/2013/തസ്വഭവ 16.11.2013 സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് പരിഷ്കരിച്ച മാർഗ്ഗരേഖ ഖ.7.17 പ്രകാരം ജില്ലാ പഞ്ചായത്തുകൾ നടപ്പാലങ്ങളുടെ നിർമ്മാണത്തിനുള്ള പ്രോജക്ടുകൾ പൊതുവിഭാഗത്തിലോ പ്രത്യേക ഘടക പദ്ധതിയിലോ ഏറ്റെടുക്കുവാൻ പാടുള്ളതല്ല. ജില്ലാ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിലോ വിഷയാടിസ്ഥാനത്തിലുള്ള ചുമതലയിലോ പ്രസ്തുത പ്രോജക്ട് നിർദ്ദേശിച്ചിട്ടില്ല(1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 173(1) വകുപ്പ് 5-ാം പട്ടിക). മേൽപറഞ്ഞ നിയമത്തിനും സർക്കാർ നിർദ്ദേശത്തിനും വിരുദ്ധമായിട്ടാണ് തിടനാട്-കരിമ്പനോലി തെക്കേക്കര ഭാഗം നടപ്പാലം നിർമ്മാണ പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത്. കൂടാതെ കരിമ്പനോലി റോഡിൽ നിന്നും സ്വകാര്യ വ്യക്തിയുടെ സ്ഥലത്തേക്കാണ് പാലം നിർമ്മിച്ചിട്ടുള്ളത് എന്നത് ഫയലിൽ വ്യക്തമാണ്. ലാന്റ് റിലിങ്ക്യുഷ്മെന്റ് സർട്ടിഫിക്കറ്റ് മാത്രമാണ് ഫയലിലുള്ളത്. പ്രൊജക്ട് പൂർത്തീകരണ സാക്ഷ്യപത്ര പ്രകാരം 25.02.2016 തീയതിയിൽ പ്രവൃത്തി പൂർത്തിയാക്കി.

മേൽപറഞ്ഞ അപാകതയ്ക്കുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.30/09.03.2017) മറുപടി ലഭിച്ചില്ല. സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പാക്കിയതിനാൽ തൻവർഷ ചെലവ് തുക 2,88,279/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-18 ഗുണഭോക്തൃസമിതി നിർവ്വഹണം നടത്തിയ പ്രോജക്ട് - മാർഗരേഖ പാലിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് | മുളക്കുളം പഞ്ചായത്തിലെ നടുപ്പറമ്പിൽ കോളനി വികസനം പൂർത്തീകരണം |
| പ്രോജക്ട് നമ്പർ | 628/16 |
| അളവുപുസ്തകം | 304/15-16 |
| കൺവീനർ | രാജൻ വി.ജി. |
| കരാർ നം. | 160/EE/LSGD/15-16 dt 25.01.2016 |
| അടങ്കൽ | 300000/-(വികസനഫണ്ട് എസ്.സി.പി) |
| ചെലവ് | 293215/-ഡി.ഡി നം.131091തീ.20.4.16 |
| പൂർത്തീകരണ കാലാവധി | 6 മാസം |

ഗുണഭോക്തൃസമിതി നിർവ്വഹണം നടത്തിയ ഈ പ്രോജക്ടിന്റെ അളവുപുസ്തകം പ്രകാരം പ്രവൃത്തിയുടെ ആകെ മൂല്യം 276618/- രൂപയാണ്. എന്നാൽ ഗുണഭോക്തൃസമിതി യോഗത്തിൽ അംഗീകരിച്ച വരവ് -ചെലവ് കണക്കുകൾ പ്രകാരം 259755/- രൂപ മാത്രമാണ് ഈ പ്രവൃത്തിക്ക് ചെലവഴിച്ചിട്ടുള്ളത്. ഫയലിൽ ലഭ്യമാക്കിയിട്ടുള്ളതും ഈ തുകയുടെ ചെലവുകൾ വ്യക്തമാക്കുന്ന ബില്ലുകളും വൗച്ചറുകളും മാത്രമാണ്. ഗുണഭോക്തൃസമിതി മാർഗരേഖ പ്രകാരം പ്രവൃത്തിക്ക് കരാർ ഉടമ്പടിയിലെ നിരക്കുകൾ പ്രകാരമുള്ള ബിൽ തുകയോ ഗുണഭോക്തൃസമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ ഏതാണ് കുറവ് അതാണ് ഗുണഭോക്തൃസമിതിക്ക് നൽകാവുന്നത്. ഈ പ്രവൃത്തിക്ക് ഗുണഭോക്തൃസമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയേക്കാൾ 16863/-രൂപ അധികം നൽകിയതായി കാണുന്നു. ഇതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കാത്തതിനാൽ പ്രോജക്ടിന്റെ ചെലവ് തുക 2932151 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഗുണഭോക്തൃസമിതി നിർവ്വഹണം നടത്തുന്ന പ്രോജക്ടുകളുടെ കാര്യത്തിൽ സംസ്ഥാന ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃസമിതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 3-19 കൺവീനർ പ്രവൃത്തിയിൽ യഥാർത്ഥ ചെലവ് പരിഗണിക്കാതെ എസ്റ്റിമേറ്റ് നിരക്ക് നല്കി-ജില്ലാപഞ്ചായത്തിന് സാമ്പത്തിക നഷ്ടം

| | |
|---|---|
| പ്രോജക്ട് | നെന്മേനി കടിവെള്ള പദ്ധതി. |
| പ്രോജക്ട് നമ്പർ | 157/15-16 |
| കൺവീനർ | റോബിൻജോസ്, പുറപ്പന്താനം, വേലനിലം |
| അടങ്കൽതുക,ഫണ്ടിനം | 10,00,000/- (വികസനഫണ്ട്) |
| ആകെ ചെലവ് | 988755/- |
| കൺവീനർക്ക് തുക നല്കിയതിന്റെ വിവരം | 462264/-(ഡി.ഡി.നം823401/11.4.15)<br>451868/-(ഡി.ഡി.നം474850/05.8.15) |
| എഗ്രിമെന്റ് നമ്പർ | 160/EE/LSGD/14-15 Dt.12.02.2015 |
| അളവുപുസ്തകം | 188/14-15 Dt.10.3.2015 |

2014-15, 15-16 വർഷങ്ങളിലായി കോട്ടയം ജില്ലയിലെ മലയോര മേഖലയായ കാഞ്ഞിരപ്പള്ളി താലൂക്കിലെ വിവിധ പഞ്ചായത്തുകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കുടിവെള്ള പദ്ധതികൾക്ക് ജില്ലാപഞ്ചായത്തിൽ നിന്നും ഫണ്ട് അനുവദിക്കുകയും പ്രോജക്ട് തയ്യാറാക്കി പമ്പിംഗ് ലൈൻ, വിതരണ ലൈൻ തുടങ്ങിയവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. 2012ലെ ഷെഡ്യൂൾ ഓഫ് റേറ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത HDPE പൈപ്പാണ് പല സ്ഥലത്തും ഉപയോഗിച്ചിട്ടുള്ളത്. ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കിയാണ് നിരക്ക് നിർണ്ണയിച്ചിരിക്കുന്നത്. കാഞ്ഞിരപ്പള്ളി താലൂക്കിലെ നെന്മേനി കുടിവെള്ള പദ്ധതിക്ക് കൺവീനർ ഹാജരാക്കിയ അംഗീകൃത വ്യാപാരിയുടെ ബില്ലിലെ തുക ഒബ്സേർവ്ഡ് ഡാറ്റ പ്രകാരമുള്ള തുകയേക്കാൾ വളരെയധികം കുറവാണ് എന്ന് കാണുന്നു. കൺവീനർ എഞ്ചിനീയറിംഗ് വിഭാഗം നിർദ്ദേശിച്ചിരുന്നതിന് വിരുദ്ധമായി ഗുണനിലവാരവും തന്മൂലം വിലയും കുറഞ്ഞ പൈപ്പ് ഉപയോഗിച്ചു എന്നുള്ള നിഗമനത്തിലാണ് എത്തുന്നത്. വിവിധ അളവുകളുള്ള HDPE പൈപ്പുകൾക്ക് ഒബ്സേർവ്ഡ് ഡാറ്റ പ്രകാരം വകയിരുത്തിയ തുകയും കൺവീനർ ഹാജരാക്കിയ ബില്ലിന്റെ അടിസ്ഥാനത്തിലുള്ള യഥാർത്ഥ തുകയും ചുവടെചേർക്കുന്നു.(അവസാന കോളത്തിൽ കൺവീനർ ഹാജരാക്കിയ രജിസ്റ്റേഡ് വ്യാപാരിയുടെ ബില്ലിലെ തുകയനുസരിച്ച് നിരക്ക് കണക്കാക്കിയിരിക്കുന്നു)

63 എം.എം HDPE പൈപ്പ് 10കെജി/ച.സെ.മീ(100മീറ്റർ)

| ക്ര.നം | അളവ് | വിശദീകരണം | ഒബ്സേർവ്ഡ് ഡാറ്റ(മീറ്ററിന്225രൂപ) | | വ്യാപാരിയുടെ ബില്ലിലെതുകയനുസരിച്ച് നല്കാവുന്നനിരക്ക്(155)+5%VAT-162.75 |
|---|---|---|---|---|---|
| | | | യൂണിറ്റ്നിരക്ക് | തുക | |
| 1 | 100മീ | 63എം.എംHDPEപൈപ്പ് 10കെ.ജി/ച.സെ.മീ | 225 | 22500 | 16275 |
| 2 | | 5% സ്പെഷ്യൽസ് | | 1125 | 813.75 |
| 3 | 0.28 | മസ്ദൂർ (കൺവേയൻസ്) | 377 | 150.56 | 105.56 |
| 4 | 0.25 | ഫിറ്റർ(ജോയിന്റിംഗ്& അലൈൻമെന്റ്) | 456 | 114 | 114 |
| 5 | 0.25 | മസ്ദൂർ (ടെസ്റ്റിംഗ്) | 377 | 94.25 | 94.25 |

| | | | | | |
|---|---|---|---|---|---|
| 6 | | ടോൾസ്(LS) | | 12 | 12 |
| 7 | | ലൈറ്റിംഗ്(LS) | | 10 | 10 |
| | | | | 24005.81 | 17424.56 |
| | | 1മീറ്ററിന് | | 240 | 174 |

50 എം.എം HDPE പൈപ്പ് 10കെജി/ച.സെ.മീ(100മീറ്റർ)

| ക്രം.നം | അളവ് | വിശദീകരണം | ഒബ്സേർവ്ഡ് ഡാറ്റ(മീറ്ററിന്207രൂപ) | | വ്യാപാരിയുടെ ബില്ലിലെ നിരക്കനുസരിച്ച് നല്കാവുന്ന തുക (98.80)+5%VAT-103.74 |
|---|---|---|---|---|---|
| | | | യൂണിറ്റ്നിരക്ക് | തുക | |
| 1 | 100മീ | 50എം.എംHDPEപൈപ്പ് 10കെ.ജി/ച.സെ.മീ | 207 | 20700 | 10374 |
| 2 | | 5% സ്പെഷ്യൽസ് | | 1035 | 518.7 |
| 3 | 0.28 | മസ്ദൂർ (കൺവേയൻസ്) | 377 | 105.56 | 105.56 |
| 4 | 0.25 | ഫിറ്റർ(ജോയിന്റിംഗ്& അലൈൻമെന്റ്) | 456 | 114 | 114 |
| 5 | 0.25 | മസ്ദൂർ (ടെസ്റ്റിംഗ്) | 377 | 94.25 | 94.25 |
| 6 | | ടോൾസ്(LS) | | | 12 |
| 7 | | ലൈറ്റിംഗ്(LS) | | | 10 |
| | | | | 22048.81 | 11228.51 |
| | | 1മീറ്ററിന് | | 220 | 112 |

40 എം.എം HDPE പൈപ്പ് 10കെജി/ച.സെ.മീ(100മീറ്റർ)

| ക്രം.നം | അളവ് | വിശദീകരണം | ഒബ്സേർവ്ഡ് ഡാറ്റ(മീറ്ററിന്118രൂപ) | | വ്യാപാരിയുടെ ബില്ലിലെ തുക(63.81)+5%VAT-67 |
|---|---|---|---|---|---|
| | | | യൂണിറ്റ്നിരക്ക് | തുക | |
| 1 | | 40എം.എം HDPEപൈപ്പ് 10കെ.ജി/ച.സെ.മീ | 118 | 11800 | 6700 |

| | | | | | |
|---|---|---|---|---|---|
| 2 | | 5% സ്പെഷ്യൽസ് | | 590 | 335 |
| 3 | 0.28 | മസ്ദൂർ (കൺവേയൻസ്) | 377 | 105.56 | 105.56 |
| 4 | 0.25 | ഫിറ്റർ(ജോയിന്റിംഗ്& അലൈൻമെന്റ്) | 456 | 114 | 114 |
| 5 | 0.25 | മസ്ദൂർ (ടെസ്റ്റിംഗ്) | 377 | 94.25 | 94.25 |
| 6 | | ടോൾസ്(LS) | | 12 | 12 |
| 7 | | ലൈറ്റിംഗ്(LS) | | 10 | 10 |
| | | | | 12725.81 | 7370.81 |
| | | 1മീറ്ററിന് | | 127 | 74 |

32 എം.എം HDPE പൈപ്പ് 10കെജി/ച.സെ.മീ(100മീറ്റർ)

| ക്ര.നം | അളവ് | വിശദീകരണം | ഒബ്സേർവ്ഡ് ഡാറ്റ(മീറ്ററിന്98രൂപ) | | വ്യാപാരിയുടെ ബില്ലിലെ തുക(41.53)+5%VAT-43.61 |
|---|---|---|---|---|---|
| | | | യൂണിറ്റ്നിരക്ക് | തുക | |
| 1 | | 32എം.എംHDPEപൈപ്പ് 10കെ.ജി/ച.സെ.മീ | 98 | 9800 | 4361 |
| 2 | | 5% സ്പെഷ്യൽസ് | | 490 | 218.05 |
| 3 | 0.28 | മസ്ദൂർ (കൺവേയൻസ്) | 377 | 105.56 | 105.56 |
| 4 | 0.25 | ഫിറ്റർ(ജോയിന്റിംഗ്& അലൈൻമെന്റ്) | 456 | 114 | 114 |
| 5 | 0.25 | മസ്ദൂർ (ടെസ്റ്റിംഗ്) | 377 | 94.25 | 94.25 |
| 6 | | ടോൾസ്(LS) | | 12 | 12 |
| 7 | | ലൈറ്റിംഗ്(LS) | | 10 | 10 |
| | | | | 10625.81 | 4914.86 |
| | | 1മീറ്ററിന് | | 106 | 49 |

25 എം.എം HDPE പൈപ്പ് 10കെജി/ച.സെ.മീ(100മീറ്റർ)

| ക്ര.നം | അളവ് | വിശദീകരണം | ഒബ്സേർവ്ഡ് ഡാറ്റ(മീറ്ററിന് രൂപ) | | വ്യാപാരിയുടെ ബില്ലിലെ തുക(33.29)+5%VAT-34.95 |
|---|---|---|---|---|---|
| | | | യൂണിറ്റ്നിരക്ക് | തുക | |

| | | | | | |
|---|---|---|---|---|---|
| 1 | | 25എം.എം HDPE പൈപ്പ് 10കെ.ജി/ച.സെ.മീ | ഡാറ്റ ലഭ്യമല്ല | | 3495 |
| 2 | | 5% സ്പെഷ്യൽസ് | | | 174.75 |
| 3 | 0.28 | മസ്ദൂർ (കൺവേയൻസ്) | | | 105.56 |
| 4 | 0.25 | ഫിറ്റർ(ജോയിന്റിംഗ്& അലൈൻമെന്റ്) | | | 114 |
| 5 | 0.25 | മസ്ദൂർ (ടെസ്റ്റിംഗ്) | | | 94.25 |
| 6 | | ടോൾസ്(LS) | | | 12 |
| 7 | | ലൈറ്റിംഗ്(LS) | | | 10 |
| | | | | | 4005.56 |
| | | 1മീറ്ററിന് | | 70 | 40 |

ഈ പ്രവൃത്തിയുടെ ഫയൽ പ്രകാരം നിലവിലുള്ള കുടിവെള്ള പദ്ധതിയുടെ വിവിധ ഭാഗങ്ങളിലായി പൈപ്പ്ലൈൻ സ്ഥാപിക്കുക മാത്രമാണ് ഈ പ്രോജക്ട് പ്രകാരം ചെയ്തിട്ടുള്ളത്. അളവുപുസ്തകം പേജ് 24 മുതലുള്ള രേഖപ്പെടുത്തലുകൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള HDPE പൈപ്പിന്റെ അളവ്, നല്കിയ തുക, കൺവീനറുടെ കണക്ക് പ്രകാരമുള്ള യഥാർത്ഥ ചെലവ് എന്നിവ ചുവടെ ചേർക്കുന്നു.

| ക്ര.നം | പൈപ്പ് | അളവ് | നല്കിയതുക | ബില്ല് പ്രകാരമുള്ള യഥാർത്ഥ ചെലവ് അടിസ്ഥാനമാക്കിയുള്ള നിരക്ക് | തെറ്റായ ഡാറ്റ മൂലം അധികം നല്കിയത് |
|---|---|---|---|---|---|
| 1 | 63mm HDPE 10kg/cm2 | 501 M | @240/M<br>120240/- | @174/M<br>87174/- | 33066/- |
| 2 | 50mm HDPE 10kg/cm2 | 1523 M | @220/M<br>335060/- | @112/M<br>170576/- | 164484/- |
| 3 | 40mm HDPE 10kg/cm2 | 713+<br>576<br>1289M | @127/M<br>163703/- | @74/M<br>95386/- | 68317/- |
| 4 | 32mm HDPE 10kg/cm2 | 856+<br>277<br>1133 M | @106/M<br>120098/- | @49/M<br>55517/- | 64581/- |
| 5 | 25mm HDPE 10kg/cm2 | 258+<br>427+<br>497<br>1182M | @70/M<br>82740/- | @40/M<br>47280/- | 35460/- |

| | |
|---|---|
| ആകെ | 365908/- |

കൺവീനറുടെ യഥാർത്ഥചെലവിൽ അധികരിച്ച് തുക നല്കിയതിലൂടെ പഞ്ചായത്തിന് അധികച്ചെലവ് വരുത്തിയതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ഗുണഭോക്തൃസമിതി വഴി നടത്തിയ പ്രവൃത്തിയിൽ കൺവീനറുടെ യഥാർത്ഥ ചെലവ് എസ്റ്റിമേറ്റ് നിരക്കിൽ കുറവായതിനാൽ യഥാർത്ഥ ചെലവ് നല്കാതെ എസ്റ്റിമേറ്റ് നിരക്ക് നല്കിയതു മൂലം ജില്ലാപഞ്ചായത്തിന് ഉണ്ടായ നഷ്ടം 3,65,908/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ജി.ഒ(പി) 177/2006 ധനം തീയതി 12.4.06 പാലിച്ച് സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-20 തുക്കൊടിത്താനം-കോട്ടമുറിപ്പീടികപ്പടി റോഡ് പുനരുദ്ധാരണം-നടപടികളിൽ അപാകത

| | |
|---|---|
| പ്രോജക്ട് | തുക്കൊടിത്താനം-കോട്ടമുറിപ്പീടികപ്പടി റോഡ് പുനരുദ്ധാരണം |
| പ്രോജക്ട് നം. | 367/16 |
| അടങ്കൽ | 10 ലക്ഷം (സംരക്ഷണ ഗ്രാന്റ് - റോഡ്) |
| കരാറുകാരൻ | ജോസഫ് എബ്രഹാം, വാലുകണ്ടത്തിൽ, അമര പി.ഒ., മാടപ്പള്ളി |
| ചെലവ് | 8,51,322/- രൂപ<br>800243/- രൂപ ഡി.ഡി. നം.096716 തീയതി 18.04.2016 ആയി കരാറുകാരന് നല്കി |
| അളവ് പുസ്തകം | 199/2012-13 |
| എസ്റ്റിമേറ്റ് തുക | 9,93,363/- |
| എഗ്രീഡ് പി.എ.സി. | 9,12,901/- |

പ്രസ്തുത പ്രോജക്ട് 11.02.2015-ലെ 70/2014-15 നമ്പരായി ടെൻഡർ ചെയതപ്പോൾ ആകെ ലഭിച്ച ഒരു ടെൻഡർ സിംഗിൾ ടെൻഡറായി അംഗീകരിച്ച് (എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 8.1% കുറവ്) കരാർ ഉറപ്പിച്ചു. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 24.02.2015-ലെ AB4-148/15 പ്രകാരം സെലക്ഷൻ നോട്ടീസ് നൽകി. എന്നാൽ നോട്ടീസ് തീയതിക്ക് ശേഷം 1 മാസം കഴിഞ്ഞ് 24.03.2015-ലാണ് കരാർ ചമച്ചത്(നം.280/EE/LSGD/2014-15). നിയമാനുസൃതമായ ഫൈൻ (1% PAC, 9129/- രൂപ) ഈടാക്കി കരാർ ചമയ്ക്കാമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഫയലിൽ സൂചിപ്പിച്ചെങ്കിലും ആയത് ഈടാക്കിയതായി കാണുന്നില്ല. 04.05.2015 ലാണ് പൂർത്തീകരണ കാലാവധി 6 മാസം നിശ്ചയിച്ച് കരാറുകാരന് സൈറ്റ് കൈമാറിയത്. പ്രോജക്ട് പൂർത്തീകരണ സാക്ഷ്യപത്ര പ്രകാരം 28.11.2015 ലാണ് പ്രവൃത്തി പൂർത്തിയാക്കിയത്. 30.11.2015 വരെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കണമെന്ന് കരാറുകാരൻ അപേക്ഷ നൽകിയങ്കിലും ആയത് അനുവദിച്ചതായി കാണുന്നില്ല. എന്നാൽ പ്രവൃത്തി പൂർത്തിയാക്കി 3 മാസങ്ങൾക്ക് ശേഷം 24.03.2016-ലാണ് 25 ദിവസം കൂടി ആവശ്യപ്പെട്ട് അതേ നമ്പരായി 30.11.2015 വരെയുള്ള ഉപകരാർ ചമച്ചത്. പ്രവൃത്തി പൂർത്തിയാക്കിയശേഷം പിന്നീട് കരാർ ചമച്ച നടപടി ക്രമപ്രകാരമല്ല.

മേൽപറഞ്ഞ അപാകതകൾക്കുള്ള മറുപടിയും പിഴ പലിശയിനത്തിൽ ജില്ലാ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന് വിശദീകരണവും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.47/15.03.2017) മറുപടി ലഭ്യമായില്ല. മരാമത്ത് പ്രവൃത്തിയുടെ നടത്തിപ്പിൽ പ്രസ്തുത അപാകതകൾ ഒഴിവാക്കേണ്ടതാണ്. ഫൈൻ ഇനത്തിലുള്ള 9129/- രൂപ ഈടാക്കി ജില്ലാ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-21 ആദ്യ മെറ്റലിംഗ് മാത്രമായി റോഡ് പ്രോജക്ട് നടപ്പാക്കി

2015-16 വർഷം നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന റോഡ് പ്രവൃത്തികൾ ആദ്യമെറ്റലിംഗ് മാത്രമായി മാത്രമായി എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പാക്കിയതായി കാണുന്നു. WBM സെറ്റിംഗിനാവശ്യമായ സമയം കഴിഞ്ഞാലുടൻ തന്നെ തുടർപണികൾ നടത്തിയില്ലെങ്കിൽ മെറ്റലിംഗ് ഇളകിപ്പോകുന്നതിനും അടുത്ത ഘട്ടത്തിൽ മെറ്റലിംഗ് പ്രവൃത്തി ആവർത്തിക്കേണ്ടതായും വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം.,/പ്രോജക്ട് | ചെലവ് | ഡി.ഡി.നം./തീയതി |
|---|---|---|---|
| 1 | SO 293/16,തലയോലപ്പറമ്പ് പഞ്ചായത്തിലെ തെവലക്കാട് -കന്യാകോൺ റോഡ് മെറ്റലിംഗ് | 890951/- | (ഡി.ഡി നം.823041dt 18.04.15,ഡി.ഡി നം.863182 dt 15.12.15) |
| 2 | 410/14-15,പനച്ചിക്കാട് പഞ്ചായത്ത് പ്ലാമൂട് -ചാന്നാനിക്കാട് റോഡ് പുനരുദ്ധാരണം | 1052647/- | 823301/04.04.15, 096912/18.4.16 |

റോഡ് നിർമ്മാണപ്രവൃത്തികൾ നടത്തുമ്പോൾ ആദ്യമെറ്റലിംഗ് മാത്രമായി ചുരുക്കി പ്രോജക്ട് തയ്യാറാക്കാതെ പ്രവർത്തി പൂർത്തീകരിക്കുന്നതിനുള്ള ഇനങ്ങൾ ഉൾപ്പെടുത്തിയ പൂർണ്ണ പ്രോജക്ട് തയ്യാറാക്കുന്നതിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-22 റോഡ് റീടാറിംഗ് -കരാറിലേർപ്പെടാൻ കാലതാമസമുണ്ടായിട്ടും തുടർനടപടികൾ സ്വീകരിച്ചില്ല

| | |
|---|---|
| പ്രോജക്ട് | മണർകാട് പഞ്ചായത്തിലെ പൊടിമറ്റം- അപ്പച്ചിപ്പടി റോഡ് റീ ടാറിംഗ് |
| പ്രോജക്ട് നമ്പർ | SO500/16 |
| അളവുപുസ്തകം | 181/15-16 |
| കരാറുകാരൻ | ദിൽക്കുഷ് വി.റ്റി. |
| കരാർ നം | 203/EE/LSGD/15-16 dt 15.02.16 |
| അടങ്കൽ | 1500000/-(മെ.ഫണ്ട് റോഡ്) |
| ചെലവ് | 1435188/-ഡി.ഡി നം.84993 തീ.08.04.2016 |
| പൂർത്തീകരണ കാലാവധി | 4 മാസം |

2015-16 വർഷം നിർവ്വഹണം നടത്തിയ ഈ പ്രോജക്ട് പ്രകാരം എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 2.76% കുറവ് നിരക്കിൽ കരാറുകാരന് 20.01.2015 ലെ എ.ബി2-788/14-15 ാം നം കത്ത് പ്രകാരം 04.02.2015 നകം കരാറിലേർപ്പെടാൻ ആവശ്യപ്പെട്ടുകൊണ്ട് സെലക്ഷൻ നോട്ടീസ് അയച്ചതായി കാണുന്നു. എക്സിക്യൂട്ടീവ് എഞ്ചിനീയർ 15.01.2016 ൽ കരാറുകാരനയച്ച കത്തിൽ നാളിതുവരെ എഗ്രിമെന്റ് വച്ചിട്ടില്ല എന്നും 7 ദിവസത്തിനകം എഗ്രിമെന്റ് വയ്ക്കാത്തപക്ഷം സെലക്ഷൻ നോട്ടീസിലെ നിബന്ധനകൾ പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ടെങ്കിലും കരാറുകാരൻ 15.02.2016 ലാണ് കരാറിലേർപ്പെട്ടിരിക്കുന്നത്. 2012 ലെ പുതുക്കിയ പൊതുമരാമത്ത് മാനുവൽ (ജി.ഒ(പി) 13/2012/PWD/01.02.2012) സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസവും പിഴയോടുകൂടിയ 10 ദിവസവും കഴിഞ്ഞും കരാർ ഉടമ്പടി വയ്ക്കാത്തപക്ഷം കരാർ റദ്ദാക്കുകയും ഇ.എം.ഡി കണ്ട് കെട്ടി ടെണ്ടർ നിബന്ധനകളിലെ വ്യവസ്ഥകൾ പ്രകാരമുള്ള മറ്റ് നടപടികളും സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇവിടെ സെലക്ഷൻ നോട്ടീസ് കൈപ്പറ്റി ഒരു വർഷത്തിന് ശേഷമാണ് കരാറിലേർപ്പെട്ടിരിക്കുന്നത്. ഇപ്രകാരം കാലതാമസം വരുത്തുന്ന കരാറുകാരനെ തുടർടെണ്ടറുകളിൽ നിന്നുപോലും ഒഴിവാക്കേണ്ടതാണെന്നിരിക്കെ 1 വർഷത്തിന് ശേഷം കരാർ വെക്കാൻ അനുവദിച്ച എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നടപടി ക്രമവിരുദ്ധമാണ്. കരാറിലേർപ്പെടാൻ കാലതാമസം നേരിട്ടിട്ടും തുടർനടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27) മറുപടിലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതും ഇപ്രകാരമുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-23 തിടനാട് പഞ്ചായത്ത്- വാർഡ് 14- മൂന്നാംതോട് നസ്രത്ത്മഠം ചിറ്റാറ്റിൻകര റോഡ് മെയിന്റനൻസ്- അപാകതകൾ

പ്രോജക്ട് നം. 186/15-16

അടങ്കൽ- 10,00,000 രൂപ

ചെലവ്- 9,74,962 രൂപ

നിർവ്വഹണോദ്യോഗസ്ഥൻ- എക്സിക്യൂട്ടീവ് എൻജിനീയർ

ടി റോഡിന്റെ ആദ്യഭാഗത്ത് ഉണ്ടായിരുന്ന തകർന്ന കലുങ്ക് പൊളിച്ചുമാറ്റി 3 മീറ്റർ മാറി പുതിയ കലുങ്ക് പണിയുന്നതിനും പഴയ കലുങ്ക് ഇരുന്ന ഭാഗത്ത് മണ്ണ് നിറച്ച് കോൺക്രീറ്റ് ചെയ്യുന്നതിനും ബാക്കി ഭാഗം 260 മീറ്റർ റീ ടാറിംഗ് നടത്തുന്നതിനുമാണ് പ്രോജക്ട്. ഗുണഭോക്തൃസമിതി വഴിയാണ് ടി പ്രോജക്ട് നിർവ്വഹിച്ചത്. പ്രോജക്ട് നിർവ്വഹണത്തിനായി ആകെ 9,74,962 രൂപ വിനിയോഗിച്ചിട്ടുണ്ട്. (ഒന്നാം പാർട്ട് ബിൽ- 1,88,191രൂപ + ഫൈനൽ ബിൽ- 7,86,771 രൂപ). പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) ഗുണഭോക്തൃസമിതിയുടെ വരവ് ചെലവ് കണക്കുകൾ അംഗീകരിച്ചിട്ടില്ല.

2) ഗുണഭോക്തൃസമിതിയുടെ മിനുട്സ് തയ്യാറാക്കിയിട്ടില്ല.

3) പ്രവൃത്തി നിർവ്വഹിക്കുന്നതിനായി മെറ്റൽ, മണൽ, കമ്പി, സിമന്റ് എന്നിവ വാങ്ങിയതിന് ശ്രീഗണേഷ് ഏജൻസീസ് തിടനാട് എന്ന സ്ഥാപനത്തിന് 4,66,701 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ആയതിന് ടി സ്ഥാപനത്തിൽ നിന്നും കാഷ് ബിൽ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.31/9.3.17)മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ പരിഹരിക്കുന്നത് വരെ 9,74,962 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കൺവീനർക്ക് തുക നൽകിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ഡി.ഡി.നം/തീയതി | തുക |
|---|---|
| 131105/20.4.16 | 7,27,391 |
| 214663/8.4.15 | 1,73,988 |
| ആകെ | 9,74,962 |

## 3-24 ആർപ്പൂക്കര പഞ്ചായത്തിലെ -മണലേപ്പള്ളി കാട്ടടി റോഡ് പുനരുദ്ധാരണം- പൊതുമരാമത്ത്/ജനറൽ കമ്മറ്റി തീരുമാനങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പാക്കി

| | |
|---|---|
| അടങ്കൽ | 10,00,000/- |
| ചെലവ് | 9,65,332/-DD No 096494/ 18.4.16 |
| പ്രോ.നം. | 220/15-16 |
| കരാറുകാരൻ | ഷാനറ്റ് എ.ജോർജ്ജ് |
| എം ബുക്ക് നം. | 207/14-15 |
| കരാർ നം. | 240/EE/LSGD/14-15dt 11.3.15 |

ആർപ്പൂക്കര പഞ്ചായത്തിലെ -മണലേപ്പള്ളി കാട്ടടി റോഡ് പുനരുദ്ധാരണം എന്ന പ്രോജക്ടിൽപ്പെടുത്തി പ്രസ്തുത റോഡിന്റെ ചെയിനേജ് 650മുതൽ 894 വരെയുള്ള 244m (3m വീതിയിൽ) ദൂരം മെറ്റലിങ്ങ് നടത്തി ടാറിങ്ങ് നടത്തുന്നതിനും നിലവിലുള്ള പാലത്തിന്റെ അപ്രോച്ച് റോഡിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. പാലത്തിന്റെ അപ്രോച്ച് റോഡിന് സംരക്ഷണഭിത്തി PWD സെക്ഷൻ, ഏറ്റുമാനൂർ നിർമ്മിച്ചതിനാൽ ആയത് ഒഴിവാക്കി 270m ദൂരത്തിൽ റോഡ് ടാറിങ്ങ് ചെയ്യുന്നതിന് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനായി 24-6-2015 ൽ കൂടിയ പൊതുമരാമത്ത് സ്റ്റാന്റിങ്ങ് കമ്മറ്റിയും പ്രസ്തുത തീരുമാനത്തിന് 9-7-15ലെ ജനറൽ കമ്മറ്റിയും അംഗീകാരം നൽകിയിരുന്നു. എന്നാൽ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെയും ജനറൽ കമ്മറ്റിയുടെയും തീരുമാനങ്ങൾക്ക് വിരുദ്ധമായി റോഡ് ടാറിങ്ങ് ഒഴിവാക്കി മണ്ണ് ഫില്ലിങ്ങിനും ക്വാറിമക്ക് ഫില്ലിങ്ങിനും

അധികഅളവ് നൽകുകയും 290m ദൂരത്തിൽ സബ് ബേസ് മെറ്റലിങ്ങിന് മാത്രമായി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പാക്കുകയും ചെയ്തിരുന്നു. കമ്മറ്റി തീരുമാനങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പാക്കിയ നടപടി ഭരണാനുമതി ഇല്ലാതെ പ്രോജക്ട് നടപ്പാക്കിയതായി ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 22) മറുപടി ലഭ്യമായിരുന്നില്ല. കമ്മറ്റി തീരുമാനങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച 9,65,332/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>ടാറിങ്ങ് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പകരം സബ് ബേസ് മെറ്റലിങ്ങ് പൂർത്തീകരിച്ചു</u>

ടാറിങ്ങ് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പകരം സബ് ബേസ് മെറ്റലിങ്ങ് പൂർത്തീകരിച്ച് പ്രവൃത്തി അവസാനിപ്പിച്ചിട്ടുണ്ട്. മെറ്റലിങ്ങിന് ശേഷം ഗതാഗതത്തിന് തുറന്നുകൊടുക്കുന്നത് മൂലം മെറ്റലിങ്ങ് ഇളകിത്തെറിച്ച് യാത്ര കൂടുതൽ ദുഷ്കരമാവുകയും ചെയ്യുന്ന അവസ്ഥയുണ്ടാവുന്നു. ടാറിങ്ങ് നടത്തേണ്ടുന്ന സാഹചര്യത്തിൽ സബ് ബേസ് മെറ്റലിങ്ങ് വീണ്ടും ചെയ്യേണ്ടതായും വരുന്നു. തൻമൂലം മെറ്റലിങ്ങ് മാത്രം നടത്തി അവസാനിപ്പിക്കുന്നതുമൂലം അധികച്ചെലവിന് സാഹചര്യം ഉണ്ടാവുന്നുണ്ട്. പ്രസ്തുത റോഡിൽ 7.3.17 ൽ നടത്തിയ സ്ഥലപരിശോധനയിൽ റോഡിന്റെ വശങ്ങളിൽ കൈയ്യേറ്റം നടന്നിട്ടുള്ളതായി കാണുന്നു. ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം 8m വീതിയുള്ളതാണ് പ്രസ്തുത റോഡ്. എന്നാൽ സ്ഥലപരിശോധനയിൽ 8m വീതിയിൽ സ്ഥലം അളന്ന് തിട്ടപ്പെടുത്തി മണ്ണിട്ടുയർത്തിയായിരുന്നില്ല നിർമ്മാണം ആരംഭിച്ചത് എന്ന് വ്യക്തമായി. റോഡിനുള്ള സ്ഥലം കൃത്യമായി അളന്ന് തിട്ടപ്പെടുത്തി കൈയ്യേറ്റം നടന്നിട്ടുണ്ടെങ്കിൽ ഒഴിപ്പിക്കുന്നതിനും മെറ്റലിങ്ങ് മാത്രം നടത്തുന്നതിനുള്ള പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പാക്കാതിരിക്കുവാനും നടപടി സ്വീകരിക്കേണ്ടതാണ്.

## 3-25 <u>മുണ്ടക്കയം ഗ്രാ.പഞ്ചായത്ത് -വേലനിലം-കളം ഭാഗം തൊമ്മൻ റോഡ് നിർമ്മാണം-- നിർദ്ദിഷ്ട വീതിയിൽ റോഡ് നിർമ്മാണം നടത്തിയില്ല -കമ്മറ്റി തീരുമാനം/ ജനകീയ ആവശ്യം പരിഗണിച്ചില്ല.</u>

| | |
|---|---|
| അടങ്കൽ | 20,00,000 |
| ചെലവ് | 12,69,403 DD No474675/31.7.15 |
| കരാറുകാരൻ | എ.ജി.ആന്റണി, ആലശ്ശേരിൽ(0.01% കുറവ്) |
| കരാർ നം | 275/EE/LSGD/14-15 dt 24.3.15 |
| എംബുക്ക് നം | 261/14-15 |

മുണ്ടക്കയം ഗ്രാമപഞ്ചായത്തിലെ വേലനിലം-കളം ഭാഗം തൊമ്മൻ റോഡ് നിർമ്മാണത്തിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

450m നീളത്തിലും 3mവീതിയിലുമാണ് റോഡ് നിർമ്മിക്കുവാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. സമീപവാസികളിൽ നിന്നും 6mവീതിയിൽ റോഡ് നിർമ്മാണത്തിനാവശ്യമായ സ്ഥലം സറണ്ടർ വാങ്ങി ലഭ്യമാക്കിയിട്ടായിരുന്നില്ല നിർമ്മാണം ആരംഭിച്ചത്. റോഡിന് സംരക്ഷണഭിത്തി നിർമ്മിച്ച് മണ്ണ് ഫില്ലചെയ്ത് പൂർണ്ണമായ രീതിയിൽ റോഡ് നിർമ്മിക്കുവാൻ അധികം തുക ആവശ്യമുള്ളതിനാലാണ് ആദ്യം ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്ന് വിശദീകരിച്ചിട്ടുണ്ട്. 6/8/15 ലെ ജനറൽ കമ്മറ്റി തീരുമാനം നം 2 പ്രകാരം ഭരണാനുമതി തുകയ്ക്കുള്ളിൽ നിന്നുകൊണ്ട് 6m വീതിയിൽ റോഡ് നിർമ്മിക്കുന്നതിന് വേണ്ട പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ LSGD EE യെ ചുമതലപ്പെടുത്തി തീരുമാനിച്ചു. എന്നാൽ പ്രസ്തുത തീരുമാനം നടപ്പാക്കിയില്ല. നിലവിൽ 3.5m മുതൽ 4mവരെ മാത്രം ആകെ വീതി വരുന്ന റോഡ് 3m വരെ മാത്രം ഫോർമേഷൻ നടത്തി റോഡ് കോൺക്രീറ്റ് ചെയ്തതായും 6m വീതിയിൽറോഡ് നിർമ്മാണം നടത്തണമെന്ന് ആവശ്യപ്പെട്ട് 21-7-15 ന് ഗുണഭോക്താക്കൾ നൽകിയ പരാതിയിൻമേലും നാളിതുവരെ നടപടി സ്വീകരിച്ചില്ല. ആവശ്യമായ വീതിയിൽ റോഡ് നിർമ്മിക്കുവാൻ എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പാക്കാതെ ഭരണാനുമതി ലഭിച്ച പ്രവർത്തിക്ക് വിരുദ്ധമായി കുറഞ്ഞ വീതിയിൽ പ്രവൃത്തി പൂർത്തീകരിച്ചത് ഗുരുതരമായ വീഴ്ചയാണ്. കൂടാതെ ജില്ലാപഞ്ചായത്ത് കമ്മറ്റി തീരുമാനവും ജനകീയാവശ്യവും പരിഗണിക്കാത്തതിനും വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം49)മറുപടി ലഭ്യമായില്ല. 6m വീതിയിൽ റോഡ് നിർമ്മിക്കുന്നതിന് വേണ്ട പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-26 ആവശ്യമായ അളവിൽ മെറ്റൽ ഉപയോഗിച്ചിട്ടില്ല – അധികം നൽകിയതുക നിരാകരിക്കുന്നു

| | |
|---|---|
| അടങ്കൽ | 5,00,000/- |
| ചെലവ് | 4,98,773/--DD No 096761/ 18.4.16 |
| പ്രോ.നം. | 687/15-16 |
| കരാറുകാരൻ | സണ്ണി വി.ഡി. |
| എം ബുക്ക് നം. | 159/15-16 |
| കരാർ നം. | 61/EE/LSGD/15-16 dt 30.9.15 |

കാണക്കാരി പഞ്ചായത്തിലെ വാർഡ് -1 ൽ മേലേട്ട് ചേലെവാലേൽ റോഡ് പുനരുദ്ധാരണം (പ്രോ.നം 687/15-16) എന്ന പ്രോജക്റ്റിൽപ്പെടുത്തി പ്രസ്തുത റോഡിന്റെ ch 0.000 മുതൽ ch0.185 വരെയുള്ള ഭാഗം 4m വീതിയിൽ റീമെറ്റൽ ചെയ്ത് ടാർ ചെയ്യുന്നതിനും 18m നീളത്തിൽ ഡ്രൈനേജ് നിർമ്മിക്കുന്നതിനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് പ്രകാരവും എംബുക്ക് പ്രകാരവും 185x4=740m2 ദൂരം റീമെറ്റലിങ്ങ് നടത്തി ടാറിങ്ങ് നടത്തുന്നതിന് സ്റ്റാക്ക് ചെയ്ത മെറ്റലിന്റെ അളവ് ചുവടെ ചേർക്കുന്നു.

| | |
|---|---|
| Supply & stacking 53mm to 22.4mm size stoneaggregate(എംബുക്ക്പേജ്നം2) | 36.56m3 |
| (-)7.5% | (-)2.74 |
| | 33.82m3 |
| Supply & stacking 11.2mm size(TypeB) stone aggregate (എംബുക്ക്പേജ്നം3) | 11.66m3 |

740m2 റീമെറ്റലിങ്ങിന് CPWD സ്പെസിഫിക്കേഷൻ പ്രകാരം ആവശ്യമായ മെറ്റലിന്റെ അളവ് ചുവടെ ചേർക്കുന്നു.

| | |
|---|---|
| Supply & stacking 53mm to 22.4mm size (0.91cum/10m2to0.96cum/10m2) stone aggregate | 185x4x0.091 =67.34m3 |
| Supply & stacking 11.2mm size(TypeB) stone aggregate (0.18cum/10m2 to 0.21cum/10m2) | 185x4x0.018 = 13.32m3 |

സൈറ്റിൽ 53mm to 22.4mm sizeമെറ്റൽ നിലവിലുണ്ടായിരുന്നതായി എംബുക്കിൽ രേഖപ്പെടുത്തിയിരുന്നുമില്ല. ആവശ്യമായ അളവിൽ മെറ്റലുകൾ ഉപയോഗിക്കാതെ 740m2 മെറ്റലിങ്ങ് നടത്തി ടാറിങ്ങ് പൂർത്തിയാക്കിയ നടപടി വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം12) മറുപടി ലഭ്യമായില്ല.

33.82m3 53mm to 22.4mm size മെറ്റൽ ഉപയോഗിച്ച് ചെയ്യാവുന്ന മെറ്റലിങ്ങ് =33.82/0.091=371.65m2

371.65m2 വിസ്തൃതിയിൽ മാത്രം റോഡ് മെറ്റലിങ്ങ്, അതിനു മുകളിലായി ടാറിങ്ങ് എന്നിവ നടത്തിയിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. 371.65m2 മെറ്റലിങ്ങ്, ടാറിങ്ങ് എന്നിവ നടത്തുന്നതിന് ആവശ്യമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | നൽകാവുന്ന തുക | നൽകിയ തുക | അധികം നൽകിയ |
|---|---|---|---|

| | | | |
|---|---|---|---|
| | | | തുക |
| Laying spreading&compacting 53mm to 22.4mm size(16.4)@599.11/m3 | 371.65m2x0.075x599.11=16699/- | 740m2x0.075x599.11= 33250/- | 16551 |

371.65m2 വിസ്തൃതിയിൽ മാത്രമാണ് റോഡ് മെറ്റലിങ്ങ് നടന്നിട്ടുള്ളതെന്ന് ഓഡിറ്റിൽ ബോധ്യപ്പെട്ടു. ബാക്കിയുള്ള വിസ്തൃതിയിൽ റോഡ് റീടാറിങ്ങ് മാത്രമാണ് നടന്നത്. 371.65m2റോഡ് നിർമ്മിക്കുന്നതിനുള്ള മെറ്റൽ ഉപയോഗിച്ച് നിർമ്മാണം നടത്തുകയും 740m2 വിസ്തൃതിയിലുള്ള റോഡ് മെറ്റലിങ്ങിനുള്ള തുക നൽകുകയും വഴി അധികം തുക കരാറുകാരന് നൽകുവാനിടയായിട്ടുണ്ട്. അധികം നൽകിയ 16,551/- രൂപ നിർവ്വഹണോദ്യോഗസ്ഥയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-27 അയർക്കുന്നം പഞ്ചായത്തിലെ ഗുർഖണ്ഡസാരി കുടിവെള്ള പദ്ധതി- ഗുണഭോക്തൃസമിതി മുഖേനയുള്ള നിർവ്വഹണ മാർഗ്ഗരേഖ പാലിച്ചില്ല

പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 1,20 വാർഡുകളിലെ 100 കുടുംബങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിനായി ബഹുവർഷ പ്രോജക്ടായി ഏറ്റെടുത്ത് നടത്തി വരുന്ന പ്രോജക്ടാണിത്. 2013-14 വർഷം അനുവദിച്ച 750000/- രൂപ വിനിയോഗിച്ച് 35000 ലിറ്റർ കപ്പാസിറ്റിയുള്ള RCC ടാങ്ക് നിർമ്മിച്ചിട്ടുണ്ട്. പ്രോജക്ട് നം.264/15,(സ്പിൽ ഓവർ പ്രോജക്ട്.086/15-16) പ്രകാരം 1150000/-രൂപ അടങ്കൽ തുക വകയിരുത്തിയതനുസരിച്ച് വാട്ടർ ടാങ്ക് ടവറിൽ പമ്പ് ഹൗസ് നിർമ്മാണം, നിലവിലുള്ള കിണറിലെ സംരക്ഷണഭിത്തി പൊളിച്ച്കെട്ടൽ, മോട്ടോർ സ്ഥാപിക്കൽ, 5900 മീറ്റർ നീളത്തിൽ വിതരണപൈപ്പ് ലൈൻ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖേനയാണ് ഏറ്റെടുക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. പ്രവൃത്തിക്കായി ഗുർഖണ്ഡസാരി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി സറണ്ടർ ചെയ്ത 2 സെന്റ് സ്ഥലം ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിന്റെ പേരിൽ കൂട്ടി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. പ്രസ്തുത സൊസൈറ്റിയുടെ പ്രസിഡന്റ് ശ്രീ. ടി കെ ഉണ്ണികൃഷ്ണൻ ഗുണഭോക്തൃ സമിതിയുടെ കൺവീനർ എന്ന നിലയിലും പ്രവർത്തിക്കുന്നു.(കരാർ തീയതി 5.3.15). ഗുണഭോക്തൃ സമിതി മുഖേന പ്രവൃത്തി ഏറ്റെടുക്കുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ സംസ്ഥാന ആസൂത്രണബോർഡ് 1999 ൽ പുറത്തിറക്കിയ മാർഗ്ഗരേഖയിൽ സുവ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ഗുണഭോക്തൃസമിതിക്ക് പ്രവൃത്തിയുടെ സാമ്പത്തികഇടപാടുകൾ നടത്തുന്നതിനായി കൺവീനറുടേയും ചെയർമാന്റേയും പേരിൽ ജോയിന്റ് അക്കൗണ്ട് ആരംഭിക്കണമെന്ന വ്യവസ്ഥയുടെ പേരിൽ അയർക്കുന്നം സർവ്വീസ് സഹകരണ ബാങ്കിൽ ഒരു എസ്.ബി അക്കൗണ്ട്(നം.109) ആരംഭിച്ചിട്ടുണ്ടെങ്കിലും അക്കൗണ്ടിൽ കൂടി സാധനങ്ങളുടെ വാങ്ങൽ, കൂലി നൽകൽ എന്നിവ സംബന്ധമായ ഇടപാടുകൾ നടന്നിട്ടില്ല. തൻവർഷം 3264 മീറ്റർ നീളത്തിൽ ട്രഞ്ച് എടുത്ത് വിവിധ അളവുകളിലുള്ള പൈപ്പുകൾ ലേയിങ്ങ് നടത്തിയ ഇനത്തിലും 3 എച്ച്.പി ശേഷിയുള്ള മോട്ടോർ സ്ഥാപിച്ച ഇനത്തിലുമായി ആകെ 481095.62/-രൂ മൂല്യം നിശ്ചയിച്ച് ഫണ്ടിന്റെ ലഭ്യതയില്ലായ്മ മൂലം 403188/-രൂപയായി പരിമിതപ്പെടുത്തി പാർട്ട് ബില്ലായി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സാധനങ്ങൾ വാങ്ങുന്നതിന് സമിതി ക്വട്ടേഷൻ ക്ഷണിച്ചതായോ അംഗീകരിച്ചതായോ കാണുന്നില്ല. കുറെ കാഷ് ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഇവയുടെ വിവരം കണക്കുകളിൽ കാണിക്കുകയോ സമിതി പാസ്സാക്കുകയോ ചെയ്തിട്ടില്ല. പാർട്ട് ബിൽ ആണ് നൽകിയിട്ടുള്ളതെങ്കിലും അതുവരെയുള്ള കണക്കുകൾ സമിതി മുമ്പാകെ അവതരിപ്പിച്ച് പാസ്സാക്കേണ്ടിയിരുന്നു. പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1-3264 മീറ്റർ നീളത്തിൽ പൈപ്പ് ലേയിങ്ങ് നടത്തുന്നതിനായി മുഴുവൻ നീളത്തിലും കട്ടിയുള്ള മണ്ണിൽ(Hard Soil) ട്രഞ്ച് എടുത്തതായാണ് അളവ് രേഖപ്പെടുത്തിയിട്ടുള്ളത് (783.41 ഘന.മീറ്റർ). എന്നാൽ സാമ്പിൾ പിറ്റ് എടുത്ത് മണ്ണിന്റെ തരം നിർണ്ണയിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടില്ല.

2-കുടിവെള്ള പദ്ധതി ആയതിനാൽ നിശ്ചിത നിരക്കിലുള്ള തുക ഗുണഭോക്തൃവിഹിതമായി ശേഖരിക്കേണ്ടതുണ്ട്. എന്നാൽ രസീതുകൾ പ്രകാരം ഇപ്രകാരം തുക പിരിച്ചിട്ടുണ്ടോയെന്ന് കണക്കുകളുടെ അഭാവത്തിൽ നിർണ്ണയിക്കാൻ സാധിച്ചിട്ടില്ല. ഇക്കാര്യം വ്യക്തമാക്കേണ്ടതാണ്.

3-പ്രവൃത്തി ബഹുവർഷ പ്രോജക്ട് ആയി ഏറ്റെടുത്തിട്ടുള്ളതിനാൽ ആകെ മൂലധനച്ചെലവ് നിർണ്ണയിക്കാൻ സാധിക്കുന്നില്ല. മറ്റ് ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ നിന്ന് പ്രവൃത്തിയുടെ ഏതെങ്കിലും ഘട്ടം ഏറ്റെടുത്തിട്ടുണ്ടോയെന്നും വ്യക്തമല്ല. പ്രവൃത്തിയുടെ കാലീക സ്ഥിതിയും അന്തിമമായി കമ്മീഷൻ ചെയ്തിട്ടുണ്ടോയെന്നും

വ്യക്തമല്ല. ഇക്കാര്യം വ്യക്തമാക്കേണ്ടതാണ്.

## 3-28 റോഡ് പുനരുദ്ധാരണം -ടെണ്ടർ നടപടികൾ, കാലാവധി ദീർഘിപ്പിച്ച് നൽകിയത് എന്നിവയിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് | കടനാട് പഞ്ചായത്തിലെ മേരിലാന്റ് -അഴികണ്ണി റോഡ് പുനരുദ്ധാരണം |
| പ്രോജക്ട് നമ്പർ | 314/16 |
| അളവുപുസ്തകം | 302/14-15 |
| കരാറുകാരൻ | ദിൽക്കുഷ് വി.റ്റി. |
| കരാർ നം. | 318/EE/LSGD/14-15 dt 09.04.15 |
| അടങ്കൽ | 1500000/-(മെ.ഫണ്ട് റോഡ്) |
| ചെലവ് | 1488789/-ബിൽ നം.277/2015-16, തീ. 29.03.2016 |
| പൂർത്തീകരണകാലാവധി | 6 മാസം |

1. 2012 ലെ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ (ജി.ഒ(പി) 13/2012/PWD/01.02.2012) സെക്ഷൻ 2009.2പ്രകാരം ടെണ്ടറിലെ നിസ്സാര തെറ്റുകൾ ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥന് മാപ്പാക്കാനും അപാകത തിരുത്തിക്കാനും അധികാരമുണ്ട്. ഇ-ടെണ്ടർ വഴി നടപ്പിലാക്കിയ മേൽ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ പ്രിലിമിനറി എഗ്രിമെന്റ് ഉചിതമായ വിധം പൂരിപ്പിച്ചിട്ടില്ല എന്ന നിസാരവും ദുർബ്ബലവുമായ കാരണത്താൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 5.51% കുറവ് ക്വോട്ട് ചെയ്ത ടെണ്ടർ നിരസിക്കുകയും എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 0.02% മാത്രം കുറവ് ക്വോട്ട് ചെയ്ത ടെണ്ടർ അംഗീകരിക്കുകയും ചെയ്തതായി കാണുന്നു. ടാബുലേഷൻ ഷീറ്റ് പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| PAC | കരാറുകാരന്റെ പേര് | ക്വോട്ട് ചെയ്ത നിരക്ക്(എസ്റ്റിമേറ്റ് നിരക്കിനേക്കാൾ) | റിമാർക്സ് |
|---|---|---|---|
| 1493628/-രൂപ | സുധാകരൻ | 4.60% കുറവ് (68707/- രൂപ കുറവ്) | പ്രിലിമിനറി എഗ്രിമെന്റ് പ്രോപ്പർ ആയി പൂരിപ്പിച്ചിട്ടില്ല എന്ന കാരണത്താൽ നിരസിച്ചിരിക്കുന്നു. |
| | അരവിന്ദ് കൺസ്ട്രക്ഷൻസ് | 5.51% കുറവ് (82299/- രൂപ കുറവ്) | പ്രിലിമിനറി എഗ്രിമെന്റ് പ്രോപ്പർ ആയി പൂരിപ്പിച്ചിട്ടില്ല എന്ന കാരണത്താൽ നിരസിച്ചിരിക്കുന്നു. |
| | ദിൽക്കുഷ് | 0.02% കുറവ് (299/- രൂപ കുറവ്) | ലോവസ്റ്റ് ടെണ്ടർ ആയി അംഗീകരിച്ചിരിക്കുന്നു. |

ടെണ്ടറിലെ നിസ്സാര തെറ്റുകൾ എന്നതിൽ ഒപ്പിടാൻ വിട്ടുപോയതുപോലും ഉൾപ്പെടുന്നതിനാൽ മേൽ കാരണത്താൽ ടെണ്ടർ നിരസിച്ചത് ക്രമപ്രകാരമല്ല. പ്രാഥമിക കരാറിനേക്കാൾ പ്രാധാന്യത്തോടുകൂടി തയ്യാറാക്കേണ്ടിയിരുന്ന ഫൈനൽ എഗ്രിമെന്റിൽ പല വിവരങ്ങളും വ്യവസ്ഥകളും അംഗീകരിച്ച ടെൻഡറുകാരൻ കൃത്യമായി ഉൾപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ പ്രിലിമിനറി എഗ്രിമെന്റിലെ അവഗണിക്കാമായിരുന്ന കുറവുകൾ ചൂണ്ടിക്കാട്ടി കൂടിയ നിരക്ക് ക്വോട്ട ചെയ്ത കരാറുകാരന് പ്രവൃത്തിയുടെ നിർവ്വഹണചുമതല നൽകിയത് മൂലമുള്ള അധികച്ചെലവായ 81,751 /-രൂപ(82049- 298) ബന്ധപ്പെട്ട സാങ്കേതികവിഭാഗം ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിശ്ചയിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി (നം.13) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 81,751 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2.ഈ പ്രവൃത്തിയുടെ കരാർ പ്രകാരം പൂർത്തീകരണകാലാവധി 6 മാസമായിരുന്നു.

പിഴയൊന്നും ഈടാക്കാതെ കരാർ കാലാവധി 5 മാസം കൂടി ദീർഘിപ്പിച്ച് നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എഗ്രിമെന്റ് തീയതി -09.04.2015

സൈറ്റ് ഹാന്റ്ഓവർ ചെയ്ത തീയതി- 13.04.2015

പൂർത്തീകരണകാലയളവ്- 6 മാസം

നിയമാനുസൃതം പൂർത്തിയാക്കേണ്ട തീയതി -12.10.2015

അളവുപുസ്തകം പ്രകാരം ആദ്യം അളവ് രേഖപ്പെടുത്തിയ തീയതി -16.01.2016

പ്രവൃത്തി പൂർത്തിയാക്കിയ തീയതി-11.03.2016 (അളവുകൾ 15.03.2016 ൽ രേഖപ്പെടുത്തി 16.03.16 ൽ

ഉപരിപരിശോധന നടത്തിയിട്ടുണ്ട്.)

എക്സിക്യൂട്ടീവ് എഞ്ചിനീയർ 13.01.2016 ൽ കരാറുകാരനയച്ച കത്തിൽ കരാർ കാലാവധി 08.10.2015 ന് തീർന്നെന്നും നാളിതുവരെ പണി പൂർത്തീകരിച്ചതായി കാണുന്നില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഒറിജിനൽ പൂർത്തീകരണകാലാവധിക്കകം പൂർത്തീകരണം ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ സമർപ്പിച്ചിട്ടില്ലെന്ന് വ്യക്തമാണ്. എന്നാൽ കരാറുകാരന്റെ തീയതി രേഖപ്പെടുത്താത്ത അപേക്ഷയിന്മേൽ കരാർ കാലാവധി പിഴ കൂടാതെ 15.03.2016 വരെ ദീർഘിപ്പിച്ച് നൽകുകയാണ് ചെയ്തിരിക്കുന്നത്. സപ്ലിമെന്ററി കരാറിലേർപ്പെട്ടതായും കാണുന്നില്ല. 2012 ലെ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ (ജി.ഒ(പി) 13/2012 /PWD/01.02.2012) സെക്ഷൻ 2112 പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ ദീർഘിപ്പിക്കാൻ പൂർത്തീകരണകാലാവധിക്കകം എ.ഇ മുഖേന അപേക്ഷിച്ചാൽ ദീർഘിപ്പിച്ച് നൽകുന്ന കാലാവധി ഒറിജിനൽ സമയത്തിന്റെ 25% ത്തിൽ (ഇവിടെ ഒന്നര മാസം)അധികരിക്കാവുന്നതല്ലെന്നും പരമാവധി ദീർഘിപ്പിച്ച് നൽകുന്ന കാലാവധി ഒറിജിനൽ സമയത്തിന്റെ 50% ത്തിൽ (ഇവിടെ 3 മാസം) അധികരിക്കാവുന്നതല്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. കരാർ പ്രകാരമുള്ള ആദ്യപൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി തുടങ്ങിയിട്ടില്ലെന്ന് അളവുപുസ്തകത്തിലെ രേഖപ്പെടുത്തലുകൾ വ്യക്തമാക്കുന്നു. മാത്രമല്ല കരാർ ദീർഘിപ്പിച്ച് നൽകുന്നതിനുള്ള അപേക്ഷയിൽ തീയതി രേഖപ്പെടുത്താത്തതിനാൽ മഴ മൂലമുള്ള തടസ്സം ചൂണ്ടിക്കാട്ടിയതിന്റെ നിജസ്ഥിതിയും വ്യക്തമല്ല. ആയതിനാൽ ഇവിടെ പ്രവൃത്തിയുടെ പൂർത്തീകരണകാലാവധി ദീർഘിപ്പിച്ചുനൽകിയത് കരാറുകാരന്റേതല്ലാത്ത കാരണത്താലാണെന്ന് ഓഡിറ്റിൽ ബോധ്യമായിട്ടില്ല. ഈ സാഹചര്യത്തിൽ 5 മാസത്തേക്ക് പിഴ കൂടാതെ കാലാവധി ദീർഘിപ്പിച്ച് നൽകിയത് ക്രമപ്രകാരമല്ല. ഇതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13) മറുപടി ലഭ്യമാക്കിയിട്ടില്ല.
മേൽ അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-29 തലപ്പലം വായനശാല കെട്ടിട നിർമ്മാണം - അപാകതകൾ

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | തലപ്പലം വാർഡ്-6 ഗ്രാമീണ വായനശാല കെട്ടിട നിർമ്മാണം |
| പ്രോജക്റ്റ് നം. | 138/16 |
| അടങ്കൽ | 10ലക്ഷം രൂപ (വികസന ഫണ്ട് - പൊതുവിഭാഗം) |
| കൺവീനർ | രതീഷ് കെ.ആർ., കേളാനിക്കൽ, പ്ലാശനാൽ പി.ഓ. |
| ചെലവ് | 9,52,270/- രൂപ<br>(850401 രൂപ ഡി.ഡി. നം.096820/18.04.2016 പ്രകാരം കൺവീനർക്ക് നല്കി) |
| അളവ് പുസ്തകം | 276/10-11 |
| എഗ്രിമെന്റ് നം. | 161/EE/LSGD/2014-15 തീയതി 12.02.2015 |

മേൽ പ്രോജക്റ്റ് പ്രകാരം ജില്ലാ പഞ്ചായത്തിന്റെ വികസനഫണ്ട് 9,52,270 രൂപ ചെലവഴിച്ച് വായനശാലാ കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രോജക്റ്റ് പ്രകാരമുള്ള വായനശാല കെട്ടിട നിർമ്മാണ പ്രവൃത്തി ജില്ലാ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെട്ടതായി കാണുന്നില്ല. ഗ്രാമീണ വായനശാല ജില്ലാ പഞ്ചായത്തിന്റെയോ ഗ്രാമപഞ്ചായത്തിന്റെയോ ഉടമസ്ഥതയിൽ ഉള്ളതാണോ എന്ന കാര്യത്തിൽ ഫയലിൽ വ്യക്തതയില്ല. തലപ്പലം വില്ലേജ് ഓഫീസറുടെ 05.08.2014-ലെ കൈവശാനുഭവ സർട്ടിഫിക്കറ്റ് നം. 1293/14 പ്രകാരം വായനശാല പ്രവർത്തിക്കുന്ന സ്ഥലം തലപ്പലം വില്ലേജിൽ 472-ാം നം. തെമ്മിയാമറ്റം പബ്ലിക് ലൈബ്രറിക്കു വേണ്ടി "പ്രസിഡന്റ്" എന്നയാളിന്റെ കൈവശാവകാശത്തിലും കരം തീരുവയിലുമുള്ളതാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പബ്ലിക ലൈബ്രറി നിലനിൽക്കുന്ന സ്ഥലത്തിന് വേണ്ടി 2014-15 വരെ കരം ഒടുക്കിയിട്ടുള്ളത് പ്രസിഡന്റ്, തലപ്പലം മുറി, പുളിക്കത്താഴെ വർക്കി ചാക്കോ എന്ന വ്യക്തിയാണെന്നും കാണുന്നു.

മേൽപറഞ്ഞ വായനശാല കെട്ടിടം നിൽക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ ഹാജരാക്കുന്നതിനും ജില്ലാ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെടാത്ത പ്രസ്തുത പ്രോജക്റ്റ് ഏറ്റെടുത്തതിനുള്ള വിശദീകരണം ആവശ്യപ്പെട്ടും ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.55/17.03.2017) നൽകിയതിന് മറുപടി ലഭ്യമായില്ല. അപാകതകൾ നിലനിൽക്കുന്നതിനാൽ ചെലവഴിച്ച തുക 9,52,270/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-30 നീണ്ടൂർ എസ്.കെ.വി.എച്ച്.എസ്.എസ്. മെയിന്റനൻസ്- അപാകതകൾ

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | നീണ്ടൂർ എസ്.കെ.വി.എച്ച്.എസ്.എസ് മെയിന്റനൻസ്<br>407/2016 |
| അളവുപുസ്തകം | 208/14-15 |
| കരാറുകാരൻ | ജോണി ഫിലിപ്പ് |
| അടങ്കൽ/ഫണ്ടിനം | 20,00,000/-(MGNR) |
| ചെലവ്(കരാറുകാരന് നല്കിയത്) | 431713/-ഡി.ഡി.നം 475215/12.8.15<br>668232/-ഡി.ഡി.നം 881996/18.2.16<br>389882/-ഡി.ഡി നം 96071/16.4.2016<br>1489827/- |
| എഗ്രിമെന്റ് നം. | 252/EE/LSGD/14-15 Dt.17.4.2015 |

നീണ്ടൂർ എസ്.കെ.വി.എച്ച്.എസ്.എസ് സ്കൂളിന്റെ ഓടും, ആസ്ബസ്റ്റോസ് ഷീറ്റും ഉപയോഗിച്ച് നിർമ്മിച്ച നിലവിലുള്ള മേൽക്കൂരയ്ക്ക് പകരം അലുമിനിയം ഷീറ്റ് ഉപയോഗിച്ച് മേൽക്കൂര സ്ഥാപിക്കുകയായിരുന്ന പ്രോജക്ട് ലക്ഷ്യം. നിലവിൽ ഉള്ള തടിയിൽ തീർത്ത കഴക്കോൽ ,കോടിക്കഴക്കോൽ എന്നിവ നിലനിർത്തി പട്ടികമാത്രം 25എം.എംx 25എം.എം (1"x1") ജി.ഐ പൈപ്പ് ഉപയോഗിച്ച് മാറ്റി സ്ഥാപിച്ച് മുകളിൽ അലുമിനിയം ഷീറ്റ് വിരിക്കുകയാണ് ചെയ്തിട്ടുള്ളത് എന്ന് ഓഡിറ്റ് ടീം സ്കൂൾ നേരിട്ട് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. ഇവിടെ ഫ്രയിം വർക്കോ, ട്രസ് വർക്കോ ചെയ്തിട്ടില്ല. പൈപ്പ് ആവശ്യത്തിന് നീളത്തിൽ മുറിച്ച് Lഅല്ലെങ്കിൽ J ബോൾട്ട് ഉപയോഗിച്ച് കഴക്കോലിൽ ഉറപ്പിക്കുകമാത്രമാണ് ചെയ്തിട്ടുള്ളത്(വെൽഡിംഗ് പ്രവൃത്തി ആവശ്യമില്ല).SOR 2014 പ്രകാരം ചെയ്ത പ്രവൃത്തിയിൽ നല്കിയിരിക്കുന്ന നിരക്ക് പരിശോധിച്ചതിൽ കോട്ടയം താലൂക്കിന് അംഗീകരിച്ച് നല്കിയിട്ടുള്ള നിരക്കിലെ 754 -ാം ഇനമായ "steel work in built up sections trusses and framed work with MS angle & Flats straighting cutting fabricating and hoisting including applying a coat of iron primer" (റിവട്ടഡ് & ബോൾട്ടഡ് ഒഴിവാക്കി വെൽഡിംഗ് ചേർത്തത്) ന്റെ നിരക്കായ 10583/ക്വിന്റൽ ആണ് നല്കിയിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കോട്ടയം താലൂക്കിന് അംഗീകരിച്ച് നല്കിയിട്ടുള്ള അടിസ്ഥാനനിരക്ക് | 9217.26 |
| സി.പി | 904.70 |
| ഓവർഹെഡ് ചാർജ് | 460.86 |
| ആകെ | 10582.82 |
| റൗണ്ടഡ് | 10583.00 |

ഫ്രയിം വർക്ക്, ട്രസ് വർക്ക്, വെൽഡിംഗ് ഉടങ്ങിയവ ആവശ്യമില്ലാത്ത പട്ടിക സ്ഥാപിക്കൽ പ്രവൃത്തിക്ക് അനുവദിക്കാവുന്നത് 753-ാം ഇനമായ "steel work in MS angle & Flats (in single sections) cutting, hoisting and fixing in position including applying a coat of iron primer etc complete" ന്റെ നിരക്കായ 7184/ ക്വിന്റൽ ആണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കോട്ടയം താലൂക്കിന് അംഗീകരിച്ച് നല്കിയിട്ടുള്ള അടിസ്ഥാനനിരക്ക് | 6247.00 |
| സി.പി | 606.00 |
| ഓവർഹെഡ് ചാർജ് | 312.35 |
| ആകെ | 7165.35 |
| റൗണ്ടഡ് | 7166.00 |

സിംഗിൾ സെക്ഷനായ പട്ടികക്ക് ബിൽറ്റ് അപ് സെക്ഷന്റെ നിരക്ക് നല്കിയതുമൂലം ജില്ലാപഞ്ചായത്തിന് ഉണ്ടായ അധികച്ചെലവ് ചുവടെ ചേർക്കുന്നു.

| | |
|---|---|
| 754 -ാം ഇനമായി കണക്കാക്കി 1997.79 കി.ഗ്രാമിന് 10583/ക്വിന്റൽ നിരക്കിൽ നല്കിയത് | 211426.12 |

| | |
|---|---|
| യഥാർത്ഥത്തിൽ 1997.79 കി.ഗ്രാമിന് 7166/ക്വിന്റൽ നിരക്കിൽ നല്കാവുന്ന നിരക്ക് | 143161.63 |
| അധികം നല്കിയത് | 68264.49 |

മേൽ സൂചിപ്പിച്ചത് കൂടാതെ അലുമിനിയം ഷീറ്റ് റൂഫിംഗിനുള്ള ഡാറ്റ തയ്യാറാക്കിയപ്പോൾ Bitumin washer ന്റെ വില 10 എണ്ണത്തിന് 3 രൂപ നിരക്കിൽ 22 എണ്ണത്തിന് 6രൂപ 60 പൈസ എന്നതിന് പകരം 66 രൂപ എന്ന് തെറ്റായി കണക്കാക്കിയതുമൂലം ച.മീറ്ററിന് 7.5 രൂപ വീതം അധികം നല്കാനിടയായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | | | | തെറ്റ് | ശരി |
|---|---|---|---|---|---|
| 10.5m2 | Aluminium sheet | 600 | m2 | 6300.00 | 6300.00 |
| 1.5 kg | Bolts (22nos) | 81 | kg | 121.50 | 121.50 |
| 22 nos | Bitumin washer | 3 | 10nos | 66.00 | 6.60 |
| 1.35 nos | Carpenter | 500 | Each | 675.00 | 675.00 |
| 1.35nos | Man | 377 | Each | 508.95 | 508.95 |
| | Conveyance | | Ls | 10.00 | 10.00 |
| | | | | 7681.45 | 7622.05 |
| | OH 5% | | | 384.07 | 381.10 |
| | CP 10% | | | 768.14 | 762.20 |
| | Total | | | 8833.66/10m2 | 8765.35<br>10m2 |
| | Rounded | | | 884.00/m2 | 876.50 |

ഡാറ്റയിലെ അപാകത മൂലം അധികം നല്കിയതുക

| | |
|---|---|
| 1614.38 ച.മീ അലുമിനിയം ഷീറ്റിന് 884 രൂപ നിരക്കിൽ നല്കിയ തുക | 14,27,111.92 |
| 1614.38 ച.മീ അലുമിനിയം ഷീറ്റിന് 876.5 രൂപ നിരക്കിൽ നല്കാവുന്ന തുക | 14,15,004.07 |
| നഷ്ടം വന്ന തുക | 12,107.85 |
| 2 ഇനങ്ങളിലായി ആകെ നഷ്ടം 68264.49+12107.85 | 80,372.34 |
| ടെണ്ടർ കുറവ് 8.9%(കുറക്കുക) (-) | 6,831.65 |
| യഥാർത്ഥ നഷ്ടം | 73,540.69 |

മേൽ പറഞ്ഞ രണ്ട് ഇനങ്ങളിലായി ജില്ലാപഞ്ചായത്തിന് 73,540.69 രൂപ നഷ്ടം വരുത്തിയതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയിട്ടില്ല.ഈസാഹചര്യത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, എസ്റ്റിമേറ്റ് അംഗീകരിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, സാങ്കേതിക അനുമതി നല്കുകയും നിർവ്വഹണം നടത്തുകയും ചെയ്ത എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും നഷ്ടം വന്ന തുക തുല്യമായി ഈടാക്കി ജി.ഒ(പി) 177/2006 ധനം തീയതി 12.4.2006 പാലിച്ച് സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-31 ചുറ്റുമതിൽ നിർമ്മാണം -അധികനിരക്ക് നൽകി

| | |
|---|---|
| പ്രോജക്റ്റ് | മുളക്കുളം പഞ്ചായത്ത് -വാർഡ് 5 ലെ ഓലിപ്പടവ് എസ്.സി കോളനി അടിസ്ഥാനസൗകര്യ വികസനം |

| | |
|---|---|
| പ്രോജക്ട് നമ്പർ | 630/16 |
| അളവുപുസ്തകം | 210/15-16 |
| കരാറുകാരൻ | കെ.കെ.ശശിധരൻ |
| കരാർ നം | 179/EE/LSGD/15-16 dt 30.01.2016 |
| അടങ്കൽ | 500000/-(വികസനഫണ്ട് -എസ്.സി.പി) |
| ചെലവ് | 494897/-ഡി.ഡി നം.096806 തീ.18.04.16 |
| പൂർത്തീകരണകാലാവധി | 6 മാസം |

2015-16 വർഷം നിർവ്വഹണം നടത്തിയ ഈ പ്രോജക്ടിന്റെ എസ്റ്റിമേറ്റ് പ്രകാരം 7-ാമത്തെ ഇനം എന്നത് 40*20*20 സൈസിലുള്ള സോളിഡ് ബ്ലോക്കുപയോഗിച്ച് ഫ്ലോർ 2 ലെവൽ വരെയുള്ള സോളിഡ് ബ്ലോക്ക് മേസണറി ആയിരുന്നു. എം ബുക്ക് പ്രകാരം ചെയ്തിരിക്കുന്നതും ഇതേ സൈസിലുള്ള സോളിഡ് ബ്ലോക്കുപയോഗിച്ചുള്ള കോമ്പൗണ്ട് വാൾ, അടുക്കള എന്നിവയ്ക്കുള്ള ഭിത്തിനിർമ്മാണമാണ്. (അതായത് രണ്ടാം നില വരെയുള്ള ഭിത്തികെട്ടൽ എന്ന ഇനം). ഈ ഇനത്തിന് ഡി.എസ്.ആർ 2014, ഒബ്സേർവ്ഡ് ഡേറ്റ ഖണ്ഡിക 14 b (50.6.1.2) പ്രകാരം അനുവദനീയമായ നിരക്ക് 5280.47 /m3 ആണ്. എന്നാൽ ആ ഇനത്തിന് ഡി.എസ്.ആർ 2014, ഒബ്സേർവ്ഡ് ഡേറ്റ ഖണ്ഡിക 17 c (50.6.2.3) പ്രകാരം 30*20*15 സൈസിലുള്ള സോളിഡ് ബ്ലോക്കുപയോഗിച്ച് ഫ്ലോർ 2 ലെവലിന് മുകളിലും ഫ്ലോർ 5 ലെവൽ വരെയുള്ളതുമായ സോളിഡ് ബ്ലോക്ക് മേസണറിക്ക് നൽകേണ്ട നിരക്കായ 6777.48/m3എന്ന നിരക്കാണ് നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| എം.ബുക്ക് പ്രകാരം ചെയ്ത അളവ് (ഘ.മീ) | നല്കിയ തുക( രൂപ) | നൽകേണ്ട തുക(രൂപ) | അധികം നൽകിയത് (രൂപ) |
|---|---|---|---|
| 9.12 | 9.12*6777.48 =61810.61 | 9.12*5280.47= 48157.89 | 13652.72 |

13653.61 രൂപ അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24)മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## 3-32 0.35 എം.എം കനമുള്ള ജി.ഐ ട്രഫോഡ് ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിംഗ്- കൃത്യമായ നിരക്ക് നിർണ്ണയിക്കാതെ അലുമിനിയം ഷീറ്റിന്റെ നിരക്ക് നല്കി

SOR-2012 അടിസ്ഥാനമാക്കിയാണ് 2014-15 വരെയുള്ള പ്രവൃത്തികൾക്ക് നിരക്ക് നിർണ്ണയിച്ചിരുന്നത്. തുടർന്നുള്ള പ്രവൃത്തികൾക്ക് DSR-2014 ബാധകമാക്കിയിട്ടുണ്ട്. SOR-2012 അടിസ്ഥാനമാക്കിയുള്ള എസ്റ്റിമേറ്റുകളിൽ റൂഫിംഗിന് സാധാരണയായി ഉപയോഗിച്ചു വന്നിരുന്നത് അലുമിനിയം ടൈൽ പ്രൊഫൈൽ ഷീറ്റുകളും തുകയുടെ കുറവ് ഉള്ളപ്പോൾ ജി.ഐ കൊറുഗേറ്റഡ് ഷീറ്റുകളുമാണ്. എന്നാൽ 2014-15 വർഷമായപ്പോഴേക്കും ജി.ഐ ട്രഫോഡ് ഷീറ്റ്, അലുമിനിയം ട്രഫോഡ് ഷീറ്റ് എന്നിവ റൂഫിംഗ് പ്രവൃത്തികളിൽ സർവ്വ സാധാരണയായി. എന്നാൽ ഇതിന് കൃത്യമായ നിരക്ക് നിശ്ചയിക്കപ്പെട്ടില്ല. 2014-15 ൽ എസ്റ്റിമേറ്റ് തയ്യാറാക്കി 2015-16 ൽ ജില്ലാപഞ്ചായത്ത് നിർവ്വഹണം നടത്തിയ കെട്ടിടപുനരുദ്ധാരണവേലകളിൽ അലുമിനിയം ടൈൽ പ്രൊഫൈൽ ഷീറ്റ് 0.45 മി.മീ സ്ഥാപിക്കുന്നതിനുള്ള തുക വകയിരുത്തുകയും ജി.ഐ ട്രഫോഡ് ഷീറ്റ് 0.35 മി.മീ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | കോത്തല ജി.എച്ച്.എസ്.എസ് മെയിന്റനൻസ്<br>407/2016 |
| അളവുപുസ്തകം | 171/15-16, 303/14-15 |
| കരാറുകാരൻ | സന്തോഷ് തോമസ് |
| അടങ്കൽ/ഫണ്ടിനം | 900000/-(MGNR) |
| ചെലവ് | 786964/-<br>കൺവീനർക്ക് നല്കിയത് 739745/-<br>ഡി.ഡി.നം 096945 തീ 18-4-16 |

| | |
|---|---|
| | |
| എഗ്രിമെന്റ് നം | 284/EE/LSGD/14-15 Dt.28-3-2015 |

അളവുപുസ്തകപ്രകാരം ഈ പ്രവൃത്തിയിൽ ചെയ്തിട്ടുള്ള മേൽക്കൂര നിർമ്മാണത്തിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| അനുബന്ധം-1 ഇനം3 പേജ്.57 | ജി.ഐ ട്രഫോഡ് ഷീറ്റ്(പൗഡർ കോട്ടഡ്) ഉപയോഗിച്ച് മേൽക്കൂര സ്ഥാപിക്കൽ | 139.16 ച.മീ |
| അനുബന്ധം-4 ഇനം7പേജ്.5 | ജി.ഐ ട്രഫോഡ് ഷീറ്റ്(പൗഡർ കോട്ടഡ്) ഉപയോഗിച്ച് മേൽക്കൂര സ്ഥാപിക്കൽ | 16.26ച.മീ |
| ആകെ | | 155.42 ച.മീ |

ഈ പ്രവൃത്തിയിൽ ഉൾപ്പെട്ട റൂഫിംഗിന് ഉപയോഗിക്കേണ്ടിയിരുന്നത് അലുമിനിയം ടൈൽ പ്രൊഫൈൽ 0.45 മി.മീ ആയിരുന്നു. എന്നാൽ അളവുപുസ്തകപ്രകാരം 155.42 ച.മീ ജി.ഐ ട്രഫോഡ് ഷീറ്റ്(പൗഡർ കോട്ടഡ്) 0.35 മി.മീ ആണ് ഉപയോഗിച്ചിട്ടുള്ളത്. ഇതിന് നല്കിയ നിരക്ക് അലുമിനിയം ടൈൽ പ്രൊഫൈൽ ഷീറ്റിന് ബാധകമായ 633രൂപ/ച.മീ ആണ്. SOR-2012, കോട്ടയം ജില്ലാ പൊതുമരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ ലോക്കൽ മാർക്കറ്റ് റേറ്റ് എന്നിവയിൽ ജി.ഐ ട്രഫോഡ് ഷീറ്റ്(പൗഡർ കോട്ടഡ്) 0.35 മി.മീ ന് വില നിശ്ചയിച്ചിട്ടില്ല.എന്നാൽ DSR 2014 ബാധകമാക്കിയ വേലകളിൽ ജി.ഐ ട്രഫോഡ് ഷീറ്റ് (പൗഡർ കോട്ടഡ്) 0.35 മി.മീ ന് 260രൂപ/ച.മീ ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റിൽ വകയിരുത്തി നല്കിയ തുക കോളം 5 ലും ചെയ്ത പ്രവൃത്തിക്ക് നല്കാമായിരുന്ന തുക കോളം 6 ലും ചേർക്കുന്നു.

| എസ്റ്റിമേറ്റിൽ വകയിരുത്തി നല്കിയ തുകയുടെ ഡാറ്റ | | | | | പ്രവൃത്തിക്ക്ജി.ഐ ട്രഫോഡ്ഷീറ്റ്(പൗഡർ കോട്ടഡ്)0.35മി.മീ ഉപയോഗിക്കുമ്പോൾ നല്കാമായിരുന്നതുകയുടെ ഡാറ്റ(@260/ച.മീ) |
|---|---|---|---|---|---|
| 11.5 | Tile profile Aluminium sheet | 370 | m2 | 4255 | 2990 |
| 0.73 | Kg Bolts(22) | 81 | kg | 59.37 | 59.37 |
| 22 | Bitumin washer | 3 | 10nos | 6.6 | 6.6 |
| 1.35 | Carpenter | 500 | each | 675 | 675 |
| 1.35 | Man | 377 | each | 508.95 | 508.95 |
| | | | | 5504.92 | 4239.92 |
| OH 5% | | | | 275.25 | 211.99 |
| Add 10% CP | | | | 550.49 | 423.99 |
| Total | | | | 6330.66 | 4875.9 |
| For1M2 | | | | 633/- | 488/- |

മേൽപറഞ്ഞ നിരക്ക് പ്രകാരം അധികം നല്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 155.42 ച.മീ അലൂമിനിയം ടൈൽ പ്രൊഫൈൽ 0.45 മി.മീ ഷീറ്റിന് വകയിരുത്തി നൽകിയ തുക@633/ച.മീ | 98380.86 |
| 155.42 ച.മീ ജി.ഐ ട്രഫോഡ് ഷീറ്റ്(പൗഡർ കോട്ടഡ്) 0.35 മി.മീ ന് നല്കാവുന്ന നിരക്ക്@488/ച.മീ | 75844.96 |
| അധികമായി നല്കിയത് | 22535.9 |

അലൂമിനിയം ടൈൽ പ്രൊഫൈൽ ഷീറ്റ് ഉപയോഗിച്ച് ചെയ്യേണ്ടിയിരുന്ന പ്രവൃത്തിക്ക് ഗുണനിലവാരം കുറഞ്ഞ ജി.ഐ ട്രഫോഡ് ഷീറ്റ് ഉപയോഗിച്ചപ്പോൾ ആയതിന്റെ അളവ് രേഖപ്പെടുത്തുകയും, അലൂമിനിയം ടൈൽ പ്രൊഫൈൽ ഷീറ്റിനുള്ള നിരക്ക് നല്കി ജില്ലാപഞ്ചായത്തിന് ധനനഷ്ടം വരുത്തിയതിനും വിശദീകരണം നൽകണം എന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10) മറുപടി നല്കിയിട്ടില്ല. ഈ സാഹചര്യത്തിൽ അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയ ഇനത്തിന് ബാധകമായ തുക നല്കാതെ എസ്റ്റിമേറ്റിൽ മറ്റൊരിനത്തിന് വകയിരുത്തിയ കൂടിയ തുക നല്കിയ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടം വന്ന തുക 22535.90 രൂപ ഈടാക്കേണ്ടതും സാങ്കേതിക അനുമതി ലഭിച്ചതിൽ നിന്ന് വ്യത്യസ്തമായി ഗുണനിലവാരം കുറഞ്ഞ പ്രവൃത്തി ചെയ്യാൻ അനുമതി നല്കിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-33 ഡി.ആർ മേസൺറി - അധികനിരക്ക് നല്കി

| | |
|---|---|
| പ്രോജക്ട് | മരങ്ങാട്ടുപള്ളി ഒ.എൽ.എച്ച് കോളനി വികസനം |
| പ്രോജക്ട് നം. | 751/15-16 |
| അടങ്കൽ/ഫണ്ടിനം | 15,00,000/- (SCP) |
| കരാറുകാരൻ | ടെജിപോൾ, പുത്തുപറമ്പിൽ |
| അളവുപുസ്തകം | 156/15-16 |
| കരാറുകാരന് നല്കിയ തുക | 12,82,207/-(ഡി.ഡി നം 131127/20.4.16) |
| എഗ്രിമെന്റ് നം. | 229/EE/LSGD/15-16 Dt.3.3.16 |

ഈ പ്രവൃത്തിയുടെ ഇനം 2 ആയി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അളവുപുസ്തകത്തിൽ ഇനം 2 ആയി രേഖപ്പെടുത്തി ചെയ്തിട്ടുള്ളത് 500 ഘനമീറ്റർ ഡി.ആർ മേസൺറി ആണ്. ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റിൽ ഈ പ്രവൃത്തി ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഡി.എസ്.ആർ 7.1.1 ആയ ആർ.ആർ മേസൺറിക്കുള്ള നിരക്ക് പരിഷ്കരിച്ചാണ് ഈ പ്രവൃത്തിക്കുള്ള നിരക്ക് 2760/- രൂപ വകയിരുത്തിയത്. ഡാറ്റ പരിശോധിച്ചതിൽ ആർ.ആർ മേസൺറിയിൽ ഉൾപ്പെട്ടതും ഡി.ആർ മേസൺറിയിൽ ഉപയോഗിക്കുന്നില്ലാത്തതുമായ കൃത്യമായ സ്പെസിഫിക്കേഷനുള്ള (24സെ.മീx24സെ.മീx39സെ.മീ) Through And Bond stone ഉൾപ്പെടുത്തിയുള്ള നിരക്കാണ് നല്കിയിട്ടുള്ളത് എന്ന് കാണുന്നു. ഡാറ്റാ ചുവടെ ചേർക്കുന്നു.

1 ഘനമീറ്ററിന് ഉള്ളത്

| | | |
|---|---|---|
| Stone for masonry 1cum | 900/cum | 900 |
| Through and bond stone 7 nos(24സെ.മീx24സെ.മീx39സെ.മീ | 1300/100nos | 91 |
| Carriage 1.16 cum | 125.28/cum | 145.32 |
| Mason 0.8 | 399/E | 319.2 |
| Beldar 0.7 | 329/E | 230.3 |
| Total | | 1685.82 |
| Water charge 1% | | 16.86 |

| | | |
|---|---|---|
| Total | | 1702.68 |
| CPOH 15% | | 255.4 |
| Total | | 1958.08 |
| Cost Indux 1.4095 | | 801.84 |
| For 1cum | | 2759.92 |
| Rounded | | 2760/- |

ഡി.എസ്.ആർ -ൽ ഡി.ആർ മേസൻറിക്ക് കൃത്യമായ നിരക്ക് നിശ്ചയിച്ചിട്ടില്ല.എന്നാൽ ഇടക്കുന്നം സ്കൂളിന് ചുറ്റുമതിൽ എന്ന പ്രവൃത്തിയിൽ ഡി.ആർ മേസൻറിക്കുള്ള ഡാറ്റ (അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ചത്) മേൽ അപാകത ഒഴിവാക്കിയുള്ളതായതിനാൽ എസ്റ്റിമേറ്റിൽ ടി ഇനം ഒഴിവാക്കേണ്ടതിന്റെ ആവശ്യകത സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെട്ടിരുന്നു എന്ന് വ്യക്തമാണ്. മാത്രമല്ല നടപ്പ് വർഷം പ്രൈസ് സോഫ്റ്റ് വെയർ പ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിലും Through And Bond stone ഒഴിവാക്കിയുള്ള നിരക്കാണ് നല്കി വരുന്നത്. ഇടക്കുന്നം സ്കൂളിന് ചുറ്റുമതിൽ എന്ന പ്രവൃത്തിയിൽ ഡി.ആർ മേസൻറിക്കുള്ള ഡാറ്റ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ചത് ചുവടെ ചേർക്കുന്നു(അപാകത ഒഴിവാക്കിയത്)

| | | |
|---|---|---|
| Rubble 1.05 cum | 900.00/cum | 945.00 |
| Conveyance 1cum | 125.28/cum | 131.54 |
| Mason 0.8 | 399/E | 319.20 |
| Beldar 0.7 | 329/E | 230.30 |
| Total | | 1626.04 |
| Add 1% Water charge | | 16.26 |
| Add CPOH 15% | | 246.34 |
| Total | | 1888.64 |
| Add cost indux 1.4095 | | 773.39 |
| Grand Total | | 2662.03 |
| rounded | | 2662/cum |

മേൽ വിവരിച്ച പ്രകാരമുള്ള നിരക്കാണ് അനുവദനീയം എന്നതിനാൽ തെറ്റായ ഡാറ്റ പ്രകാരം തുക നല്കിയതുമൂലമുണ്ടായ അധികച്ചെലവ് ചുവടെ ചേർക്കുന്നു.

| | |
|---|---|
| Through And Bond stone ഉൾപ്പെടുത്തിയുള്ള നിരക്കനുസരിച്ച് നല്കിയതുക. 500x2759.91 | 1379955/- |
| എസ്റ്റിമേറ്റിനൊപ്പം ചേർത്തിട്ടുള്ള ഡി.ആർ മേസൻറിക്കുള്ള ഡാറ്റ (അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് | 1331000/- |

| | |
|---|---|
| എഞ്ചിനീയർ അംഗീകരിച്ചത്)പ്രകാരം നല്കാവുന്ന തുക 500x2662 | |
| ജില്ലാ പഞ്ചായത്തിനുണ്ടായ അധികച്ചെലവ് | 48955/- |

തെറ്റായ ഡാറ്റ പ്രകാരം തുക നല്കിയതുമൂലമുണ്ടായ 48,955/-രൂപയുടെ അധികച്ചെലവിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിനല്കിയിട്ടില്ല. ഈസാഹചര്യത്തിൽ തെറ്റായ ഡാറ്റാ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, എസ്റ്റിമേറ്റ് അംഗീകരിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, സാങ്കേതിക അനുമതി നല്കുകയും നിർവ്വഹണം നടത്തുകയും ചെയ്ത എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും നഷ്ടം വന്ന തുക തുല്യമായി ഈടാക്കി ജി.ഒ(പി) 177/2006 ധനം തീയതി 12.4.06 പാലിച്ച് സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-34 പി.വി.സീലിംഗ് -കൺവീനർക്ക് നല്കിയത് അധിക നിരക്ക്

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | 354/16, കുമരകം എച്ച്.എസ്.എസ് അറ്റകുറ്റപ്പണി |
| അളവുപുസ്തകം | 216/13-14,218/13-14 |
| കൺവീനർ | മാധുരീദേവി, ഹെഡ്മിസ്ട്രസ് |
| അടങ്കൽ/ഫണ്ടിനം | 15,00,000/-(MGNR) |
| ചെലവ്(കൺവീനർക്ക് നല്കിയത് | 681408/-(ഡി.ഡി നം ലഭിച്ചില്ല)<br>449791/-(ഡി.ഡി നം859282/25.9.15) |
| എഗ്രിമെന്റ് നം | 14/EE/LSGD/14-15 Dt.20.11.14 |

SOR-2012 പ്രകാരം ചെയ്ത ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇനം 12 ആയി ഉൾപ്പെടുത്തിയിരുന്നത് 310ച.മീ പി.വി.സി.സീലിംഗ് ആയിരുന്നു. ഇതിന് ച.മീറ്ററിന് 715/- രൂപ നിരക്കിൽ 2,21,650/-രൂപ വകയിരുത്തിയിരുന്നു. അളവു പുസ്തക പ്രകാരം 308.19 ച.മീ പി.വി.സി സീലിംഗ് ചെയ്യുകയും 2,20,355.88 രൂപ നല്കുകയും ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ പി.വി.സി സീലിംഗ് പ്രവൃത്തി പുറം കരാർ നല്കുകയും ഓക്സ്ഫോഡ് എന്ന സ്ഥാപനം ച.അടിക്ക് 55/-രൂപ നിരക്കിൽ ഏറ്റെടുത്ത് ചെയ്യുകയും 3339 ച.അടിക്ക് 55/- രൂപ നിരക്കിൽ 1,83,645/-രൂപ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്തൃസമിതി മാർഗ്ഗരേഖ പ്രകാരം എസ്റ്റിമേറ്റ് നിരക്കോ, കൺവീനറുടെ യഥാർത്ഥ ചെലവോ ഏതാണ് കുറവ് അത് കൺവീനർക്ക് നല്കിയാൽ മതിയാകും. ഈ നിബന്ധന പാലിക്കാതെ എസ്റ്റിമേറ്റ് നിരക്ക് കൺവീനർക്ക് നല്കിയതുമൂലം താഴെ പറയും പ്രകാരം ജില്ലാപഞ്ചായത്തിന് ധനനഷ്ടം ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതും കൺവീനർക്ക് നല്കിയതുമായ തുക 308.19ച.മീ@715/ച.മീ | 220355.85 |
| കൺവീനറുടെ യഥാർത്ഥ ചെലവ് 3339ച.അടി@ 55/ച.അടി | 183645 |
| ഗുണഭോക്തൃസമിതി മാർഗ്ഗരേഖ പാലിക്കാതെ തുക നല്കിയതുമൂലമുണ്ടായ അധികച്ചെലവ് | 36710.85 |

ഗുണഭോക്തൃസമിതി മാർഗ്ഗരേഖ പാലിക്കാതെ തുക നല്കിയതുമൂലം ജില്ലാപഞ്ചായത്തിനുണ്ടായ അധികച്ചെലവിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.8) മറുപടി നല്കിയിട്ടില്ല. ഈസാഹചര്യത്തിൽ, തുക ചെലവ് ചെയ്ത നിർവ്വഹണ ഉദ്യോഗസ്ഥനായ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കി ജി.ഒ(പി) 177/2006 ധനം തീയതി 12.4.06 പാലിച്ച് സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-35 കുമരകം പഞ്ചായത്തിലെ 1ാം വാർഡ്-ആശാരിമറ്റം കോളനി അടിസ്ഥാന സൗകര്യവികസനം -കരാർ രേഖകളിൽ കൃത്രിമം-നടപടിക്രമങ്ങളിൽ അപാകത

2014-15 വർഷം ബഹുവർഷ പ്രോജക്ടായി ആവിഷ്കരിച്ച മേൽ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കരാർ ചമയ്ക്കുന്നതിനായി കരാറുകാരൻ ശ്രീ.ടി.സത്യൻ സമർപ്പിച്ച E 819358 നമ്പർ മുദ്രപ്പത്രത്തിൽ (സുനിൽ എബ്രഹാം എന്ന സ്റ്റാമ്പ് വെണ്ടറിൽ നിന്ന് വാങ്ങിയത്) സ്റ്റാമ്പ് പേപ്പർ ഇഷ്യൂ ചെയ്ത തീയതി അനധികൃതമായി തിരുത്തിയിട്ടുള്ളതായി കാണുന്നു. ആധികാരികമായി സൂക്ഷിക്കേണ്ട സ്റ്റാമ്പ് പേപ്പറിൽ ഇപ്രകാരം തിരുത്തൽ വരുത്തുന്നത് ക്രിമിനൽ നടപടികൾ സ്വീകരിക്കാൻ തക്ക ഗൗരവമുള്ളതും ശിക്ഷാർഹവുമായ നടപടിയാണ്. മാത്രമല്ല

സെലക്ഷൻ നോട്ടീസ് കൈപ്പറ്റി യഥാസമയം കരാർ ചമച്ച് പ്രവൃത്തി ആരംഭിക്കാൻ കാലതാമസം വരുത്തിയ കരാറുകാരൻ ആയത് മാപ്പാക്കി നൽകാൻ സമർപ്പിച്ച അപേക്ഷയിലും പ്രസ്തുത അപേക്ഷ പരിഗണിക്കാവുന്നതാണെന്ന് കാണിച്ച് DB-3 തയ്യാറാക്കിയ കുറിപ്പിലും തീയതി രേഖപ്പെടുത്തിയിട്ടില്ല. ഇപ്രകാരമുള്ള അപേക്ഷ സമർപ്പിച്ച തീയതിയും ആയത് പരിഗണിച്ച തീയതിയും ഇത് സംബന്ധമായ തീരുമാനമെടുക്കുന്നതിൽ പരിഗണിക്കേണ്ട ഏറ്റവും പ്രധാന ഘടകമാണ്. മാത്രമല്ല DB-3 തയ്യാറാക്കിയ കുറിപ്പിൽ കരാർ ചമയ്ക്കുന്നതിനായി 30.5.15 നകം എത്തണമെന്ന് കരാറുകാരന് അറിയിപ്പ് നൽകിയിരുന്നതാണെന്നും എന്നാൽ മാതാവിന്റെ അസുഖം മൂലം കരാറുകാരന് പ്രസ്തുത തീയതിക്കകം കരാർ ചമയ്ക്കാൻ സാധിച്ചില്ല എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തീയതി തിരുത്തിയ മുദ്രപ്പത്രത്തിൽ കരാർ ചമച്ചിട്ടുള്ളത് 25-4-15 പ്രാബല്യത്തിലാണ്. ഇതിൽ നിന്നും രേഖകളിൽ കൃത്രിമം നടന്നിട്ടുണ്ടെന്ന് വ്യക്തമാണ്. സാധാരണഗതിയിൽ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയിട്ടും കരാർ ചമയ്ക്കാൻ വീഴ്ച്ച വരുന്ന സംഗതിയിൽ പരിഗണനാർഹമായ കാരണം ബോധ്യപ്പെടുത്തുന്ന പക്ഷം നിശ്ചിത നിരക്കിലുള്ള ഫൈനോട് കൂടി കരാർ ചമച്ച് പ്രവൃത്തി ഏറ്റെടുക്കാൻ അനുമതി നൽകാവുന്നതാണ്. എന്നാൽ ഇവിടെ നിശ്ചിത തീയതിക്ക് ശേഷം കരാർ ചമച്ച തീയതിയിൽ ഫൈൻ ഈടാക്കിയില്ല.ഇതിന് പകരം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 6.1.16 ലെ AB3-391/14-15 ഉത്തരവ് പ്രകാരം ബിൽതുക പാസ്സാക്കിയപ്പോൾ മാത്രമാണ് ഫൈൻ ഇനത്തിലുള്ള 9380/-രൂപ മറ്റ് റിക്കവറികളോടൊപ്പം ഈടാക്കിയത്.ഇത് സാധുവായ നടപടിയല്ല. കരാർ ചമച്ചതായി പറയപ്പെടുന്ന 25-4-15 ന് രസീത് പ്രകാരം ഫൈൻ ഈടാക്കിയിട്ടില്ലാത്തതിനാൽ കരാറുകാരന് അനധികൃതമായി പ്രവൃത്തി ആരംഭിക്കാൻ അനുമതി നൽകിയെന്ന് വ്യക്തമാണ്.

മേൽസൂചിപ്പിച്ച ഗൗരവ സ്വഭാവമുള്ള അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.46/15.03.2017) നൽകിയതിന് മറുപടി ലഭിച്ചില്ല. പ്രസ്തുത വിഷയത്തിലുള്ള വിശദീകരണം ഓഡിറ്റിനെ അറിയിക്കേണ്ടതും അപാകതകൾ തുടർവർഷങ്ങളിൽ ഒഴിവാക്കേണ്ടതുമാണ്.

## 3-36 HDPE പൈപ്പ് സ്ഥാപിക്കുന്നതിന് നല്കിയത് അധിക നിരക്ക്

| | |
|---|---|
| പ്രോജക്റ്റ്/പ്രോജക്റ്റ് നമ്പർ | കയ്യാനിക്കടവ് കുടിവെള്ള പദ്ധതി, 59/2016 |
| അളവുപുസ്തകം | നമ്പർ രേഖപ്പെടുത്തിയിട്ടില്ല |
| കരാറുകാരൻ | ബിനു ജോർജ്ജ് |
| അടങ്കൽ/ഫണ്ടിനം | 2500000/-(വികസനഫണ്ട് ജനറൽ) |
| ചെലവ്(കരാറുകാരന് നല്കിയത്) | 1104786/- ഡി.ഡി.നം 96962/18.4.16<br>1072866/- |
| എഗ്രിമെന്റ് നം | 125/EE1LSGD/13-14 Dt 6.1.2014 |

പൂഞ്ഞാർ ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ട കയ്യാനിക്കടവ് കുടിവെള്ള പദ്ധതിയ്ക്ക് അനുബന്ധം A ആയി കുളം നിർമ്മാണവും അനുബന്ധം B ആയി ടാങ്ക്, പമ്പിംഗ്/വിതരണ പൈപ്പുകൾ എന്നിവയും ഉൾപ്പെടുത്തിയിരുന്നു. ഇതിൽ പമ്പിംഗ് ലൈനിന് 63.എം.എം HDPE പൈപ്പ് 10 കെ.ജി 1250 മീറ്ററും, വിതരണലൈനിന് 50എം.എം HDPE പൈപ്പ് 10 കെ.ജി 350മീറ്ററും ആണ് ഉൾപ്പെടുത്തിയിരുന്നത്. SOR 2012 ൽ HDPE പൈപ്പ് ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഒബ്സേർവ്ഡ് ഡാറ്റാ തയ്യാറാക്കിയാണ് തുക വകയിരുത്തിയത്. ഇതിനായി പൂഞ്ഞാർ ഗ്രാമ പഞ്ചായത്ത് എ.ഇ ഒബ്സേർവ്ഡ് ഡാറ്റാ തയ്യാറാക്കുകയും എ.ഇ.ഇ അംഗീകരിക്കുകയും ചെയ്തു്യ് ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് പരിശോധിച്ചതിൽ കോട്ടയം ജില്ലാപഞ്ചായത്ത് പരിധിയിൽ HDPE പൈപ്പ് സ്ഥാപിക്കുന്നതിന് പല പഞ്ചായത്തുകളും തയ്യാറാക്കി അംഗീകാരം നേടിയിട്ടുള്ള ഡാറ്റയുമായി യാതൊരു ബന്ധവുമില്ലാത്ത രീതിയിൽ ഡാറ്റാ തയ്യാറാക്കിയിരിക്കുന്നതയി കാണുന്നു. പ്രസ്തുത ഡാറ്റാ ചുവടെ ചേർക്കുന്നു.

63mm dia HDPE pipe 10 k g

| | | |
|---|---|---|
| 30 m pipe | 312/m | 9360 |
| Specials 2% | | 187.2 |

| | | |
|---|---|---|
| Total | | 9547.2 |
| Vat 5% | | 477.36 |
| 0.6 Fitter | 456/E | 273.6 |
| 0.6 Man | 377/E | 226.2 |
| Conveyance | | 220 |
| Loading /Unloading | | 140 |
| Total | | 10884.36 |
| Say | | 363/M |

പൂഞ്ഞാർ പഞ്ചായത്തിന്റെ സമീപസ്ഥ പഞ്ചായത്തുകളായ കാഞ്ഞിരപ്പള്ളി, മുണ്ടക്കയം തുടങ്ങിയ സ്ഥലങ്ങളിൽ ഇതേ സ്പെസിഫിക്കേഷൻ, ഗുണനിലവാരം എന്നിവ ഉള്ള HDPE പൈപ്പ് സ്ഥാപിക്കുന്നതിന് അവിടുത്തെ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതിക അനുമതി നല്കിയ ഡാറ്റാ ചുവടെ ചേർക്കുന്നു.

63 എം.എം HDPE പൈപ്പ് 10കെജി/ച.സെ.മീ(100മീറ്റർ)

| ക്ര.നം | അളവ് | വിശദീകരണം | ഒബ്സേർവ്ഡ് ഡാറ്റ(മീറ്ററിന്225രൂപ) | |
|---|---|---|---|---|
| | | | യൂണിറ്റ്നിരക്ക് | തുക |
| 1 | 100മീ | 63എം.എം HDPE പൈപ്പ് 10കെ.ജി/ച.സെ.മീ | 225 | 22500 |
| 2 | | 5% സ്പെഷ്യൽസ് | | 1125 |
| 3 | 0.28 | മസ്ദൂർ (കൺവേയൻസ്) | 377 | 150.56 |
| 4 | 0.25 | ഫിറ്റർ(ജോയിന്റിംഗ്& അലൈൻമെന്റ്) | 456 | 114 |
| 5 | 0.25 | മസ്ദൂർ (ടെസ്റ്റിംഗ്) | 377 | 94.25 |
| 6 | | ടോൾസ്(LS) | | 12 |
| 7 | | ലൈറ്റിംഗ്(LS) | | 10 |
| | | | | 24005.81 |
| | | 1മീറ്ററിന് | | 240 |

കരാർ പ്രവൃത്തിയായതിനാൽ അനുവദനീയമായ 15% CPOH 36രൂപ (240*15%=36) ഉൾപ്പെടെ 276 രൂപ നല്കാവുന്നതാണ്. ഡാറ്റാ തയ്യാറാക്കിയതിലെ അപാകത മൂലം ജില്ലാപഞ്ചായത്തിന് ഉണ്ടായ നഷ്ടം ചുവടെചേർക്കുന്നു.

| | |
|---|---|
| 63എം.എം HDPE പൈപ്പ് 10കെ.ജി/ച.സെ.മീ @363/മീറ്റർ (നല്കിയ തുക)1250*363 | 453750/- |

| | |
|---|---|
| 63എം.എം HDPE പൈപ്പ് 10കെ.ജി/ച.സെ.മീ @276/മീറ്റർ (നല്കാവുന്ന തുക)1250*276 | 345000/- |
| അധികം നല്കിയ തുക | 108750/- |

അനുവദനീയമല്ലാത്ത ഡാറ്റാ പ്രകാരം തുക നല്കിയതിലൂടെ 1,08,750/- രൂപ ജില്ലാപഞ്ചായത്തിന് നഷ്ടം ഉണ്ടാക്കിയതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ജില്ലാ പഞ്ചായത്തിനുണ്ടായ നഷ്ടം 1,08,750/-രൂപ ഉത്തരവാദികളായ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ്എഞ്ചിനീയർ, എസ്റ്റിമേറ്റ് അംഗീകരിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, സാങ്കേതിക അനുമതി നല്കുകയും, പദ്ധതി നിർവ്വഹണം നടത്തുകയും ചെയ്ത എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കി ജി.ഒ(പി) 177/2006 ധനം തീയതി 12.4.06 പാലിച്ച് സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്

## 3-37 ഡാറ്റ തയ്യാറാക്കിയതിലെ അപാകം മൂലം **70854/-**രൂപ അധികച്ചെലവ്

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | റ്റി.വി.പുരം ഹയർസെക്കന്ററി സ്കൂൾ അറ്റകുറ്റപ്പണി,67/15-16 |
| അളവുപുസ്തകം | 226/15-16 |
| കരാറുകാരൻ | ജോയൻ എ.ജെ. |
| അടങ്കൽ/ഫണ്ടിനം | 1000000/- വികസനഫണ്ട് ജനറൽ |
| ചെലവ്(കരാറുകാരന് നല്കിയത്) | 7661460/-ഡി.ഡി.നം 131639/27.4.2016 |
| എഗ്രിമെന്റ് നം | 200/EE/LSGD/15-16 Dt.10.2.16 |

പ്രവൃത്തിയുടെ അളവുപുസ്തകം പേജ് 25,26 എന്നിവയിലെ രേഖപ്പെടുത്തലുകൾ പ്രകാരം പി.വി.സി ഫോൾസ് സീലിംഗ് 270ച.മീറ്ററിന് 636.2രൂപ/ച.മീ നിരക്കിൽ 171774/- രൂപയും, ജി.ഐ ട്രഫോഡ് ഷീറ്റ് മേൽക്കൂരക്ക് 694ച.മീറ്ററിന് 616/ച.മീ നിരക്കിൽ 427504/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

പി.വി.സി ഫോൾസ് സീലിംഗ്

ഡി.എസ്.അർ 2014 ൽ പി.വി.സി ഫോൾസ് സീലിംഗ് ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഒബ്സേർവ്ഡ് ഡാറ്റ(ob bldg-93) തയ്യാറാക്കിയാണ് തുക നല്കിയിട്ടുള്ളത്. ഡാറ്റ പരിശോധിച്ചതിൽ പി.വി.സി ഷീറ്റ് ച.മീറ്ററിന് 250 രൂപയാണ് വകയിരുത്തിയിരിക്കുന്നത്. വിലസൂചിക ഉയർന്നനിലവാരത്തിൽ തുടരുന്ന നടപ്പ് സാമ്പത്തിക വർഷത്തിൽ (2016-17) പോലും 7.5 എം എം പി.വി.സി പ്ളെയിൻ ഷീറ്റിന് 165രൂപ വകയിരുത്തിയാണ് ഫോൾസ് സീലിംഗിന് നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. 1.4095 കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തിയാൽ അനുവദനീയമായത് 528/ച.മീ ആണ്. ഈ സാഹചര്യത്തിൽ 7.5 എം എം പി.വി.സി ഫോൾസ് സീലിംഗിന് നല്കിയിട്ടുള്ളത് അധിക നിരക്കാണ് എന്ന് കാണുന്നു.(കോസ്റ്റ് ഇൻഡക്സിൽ മാത്രമാണ് വ്യത്യാസം വന്നിട്ടുള്ളത്) യഥാർത്ഥ നിരക്കും നല്കിയ നിരക്കും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.ചുവടെ ചേർത്തിട്ടുള്ള പട്ടികയുടെ 1മുതൽ 7 വരെയുള്ള കോളത്തിൽ മേൽ ഇനത്തിന് നിരക്ക് കണക്കാക്കിയതിന്റെ ഡാറ്റ വിശദാംശങ്ങളും അവസാനകോളത്തിൽ പി.വി. സി ഷീറ്റിന്റെ യഥാർത്ഥ വിലയായ 165/ച.മീ അടിസ്ഥാനമാക്കിയുള്ള നിരക്കും ചേർത്തിരിക്കുന്നു

| Providing and fixing false ceiling with 7.5 mm thick PVC plain panel board ceiling of approved quality in aluminium frame work with necessary screws etc complete (aluminium frame work shall be paid separately) | | | | | | | |
|---|---|---|---|---|---|---|---|
| 11 | m2 | MR28 | 7.5 mm thickpvc plain panal | sqm | 250 | 2750 | 1815 |

| | | | | | | | |
|---|---|---|---|---|---|---|---|
| 17.55 | | 9999 | carriage | Ls | 1.78 | 31.24 | 31.24 |
| 26.91 | | 9999 | Nails/Screws | Ls | 1.78 | 47.9 | 47.9 |
| 2.5 | nos | 111 | Carpenter 1class | Day | 435 | 1087.5 | 1087.5 |
| 2 | nos | 114 | Belder | Day | 329 | 658 | 658 |
| 31.07 | | 9999 | scaffolding | Ls | 1.78 | 55.3 | 55.3 |
| 31.07 | | 9999 | sundries | Ls | 1.78 | 55.3 | 55.3 |
| | | | Total | | | 4685.24 | 3750.24 |
| | | | Market rate cost | | | 2750 | 1815 |
| | | | Water charge 1% | | | 27.5 | 18.15 |
| | | | Net total A | | | 2777.5 | 1833.15 |
| | | | Total excluding MR | | | 1935.24 | 1935.24 |
| | | | Water charge 1% | | | 19.35 | 19.35 |
| | | | Net total B | | | 1954.59 | 1954.59 |
| | | | total A+1.4095B | | | 5532.49 | 4588.14 |
| | | | Add cpoh 15% | | | 829.87 | 688.22 |
| | | | Total for 10m2 | | | 6362.36 | 5276.36 |
| | | | For 1m2 | | | 636.24 | 527.64 |
| | | | Rounded | | | 636.2 | 528 |

അധികം നല്കിയത്

| | |
|---|---|
| നല്കിയ തുക 636.20ച.മീ നിരക്ക് - 270 ച.മീറ്ററിന് | 171774/- |
| മേൽ സൂചിപ്പിച്ച ഡാറ്റ പ്രകാരം നല്കാവുന്ന നിരക്ക്<br>528/ച.മീ നിരക്ക്(അംഗീകരിച്ച് പ്രൈസ് സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയത്<br>-270 ച.മീറ്ററിന് | 142560 |
| അധികം നല്കിയത് | 29214 |

<u>ജി.ഐ ട്രഫോഡ് ഷീറ്റ് മേൽക്കൂര</u>

ഡി.എസ്.ആർ 2014 പ്രകാരം ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കുമ്പോൾ മാർക്കറ്റ് നിരക്കിനും അതിന്റെ വാട്ടർചാർജ്, സി.പി.ഒ.എച്ച് എന്നിവക്കും കോസ്റ്റ് ഇൻഡക്സ് അനുവദനീയമല്ല. ഇതു പരിഗണിക്കാതെ ഡാറ്റ തയ്യാറാക്കിയതു മൂലം ജി.ഐ ട്രഫോഡ് ഷീറ്റ് മേൽക്കൂര നിർമ്മാണത്തിന് അധികചെലവ് ഉണ്ടായിട്ടുണ്ട്. നല്കിയ നിരക്കും യഥാർത്ഥത്തിൽ നല്കാവുന്ന നിരക്കും ചുവടെ ചേർക്കുന്നു. (നൽകാവുന്ന നിരക്ക് അവസാന കോളത്തിൽ

ചേർത്തിരിക്കുന്നു)

| Roofing with GI trafford sheet 0.35 mm thick | | | | | | |
|---|---|---|---|---|---|---|
| 184.518+Add 10% For Overlap 202.97 | m2 | GI trafford sheet 0.35 mm thickMR<br>28 | 240.41 | 260 | 62506.08 | 52772.2 |
| 1022 | 10nos | GI Bolts | 884 | 25 | 2210 | 2210 |
| 1023 | 10nos | J Hooks | 810 | 120 | 9720 | 9720 |
| 1207 | nos | GI washer | 1694 | 35 | 592.9 | 592.9 |
| 1208 | nos | Bitumin washer | 1694 | 30 | 508.2 | 508.2 |
| 9999 | Ls | washers | 26.91 | 1.78 | 47.9 | 47.9 |
| 9999 | Ls | sundries | 53.82 | 1.78 | 95.8 | 95.8 |
| 130 | Day | Mistry | 1.3 | 435 | 565.5 | 565.5 |
| 102 | Day | CarpenterII | 15.5 | 399 | 6184.5 | 6184.5 |
| 114 | Day | Beldar | 15.5 | 329 | 5099.5 | 5099.5 |
| | | sundries | | | | 21.52 |
| | | Total | | | 87530.38 | 77818.02 |
| | | Market rate cost | | | | 52772.2 |
| | | Water charge 1% | | | 875.3 | 527.72 |
| | | Net total A | | | | 53299.92 |
| | | Total excluding MR | | | | 25045.82 |
| | | Water charge 1% | | | | 250.46 |
| | | Net total B | | | | 25296.28 |
| | | total A+1.4095B | | | | 88955.02 |

| | | | | | | |
|---|---|---|---|---|---|---|
| | | Add cpoh 15% | | | 13260.9 | 13343.25 |
| | | Total for 184.158 m2 | | | 101666.5 | 102298.27 |
| | | For 1m2 | | | 551 | 555.49 |
| | | Cost indux1.4095 | | | 64.5 | 0 |
| | | total | | | 616 | 556 |

മേൽ പട്ടികയിൽ കോളം 7 ൽ മൂല്യം കണക്കാക്കുന്നതിന് അടിസ്ഥാനമാക്കിയ നിരക്കും കോളം 8 യഥാർത്ഥത്തിൽ അനുവദനീയമായ നിരക്കുമാണ് കാണിച്ചിട്ടുള്ളത്. നിരക്ക് കണക്കാക്കുന്നതിന് അടിസ്ഥാനമാക്കിയ ഡാറ്റയിൽ ഓവർ ലാപ്& വേസ്റ്റേജ് ഇനത്തിൽ 30% അധികം വകയിരുത്തിയാണ് ഷീറ്റിന്റെ അളവ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ പരമാവധി 10% മാത്രമാണ് ഓവർ ലാപ്& വേസ്റ്റേജ് ഇനത്തിൽ അനുവദിക്കാവുന്നത്. കൂടാതെ മാർക്കറ്റ് നിരക്ക് അടിസ്ഥാനമാക്കിയ ഇനങ്ങൾക്കും അതിന്റെ വാട്ടർചാർജ്, സി.പി.ഒ എച്ച് എന്നിവക്കും കോസ്റ്റ് ഇൻഡക്സ് അനുവദിച്ചിട്ടുണ്ട്. ഇത് അനുവദനീയമല്ല. അനുവദനീയമായത് മേൽപട്ടികയിലെ കോളം 8 പ്രകാരം കണക്കാക്കിയിട്ടുള്ള നിരക്കാണ്. അധികം നല്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നല്കിയ തുക616/ച.മീ നിരക്ക്( 694 ച.മീ) | 427504/- |
| മേൽ സൂചിപ്പിച്ച ഡാറ്റ പ്രകാരം നല്കാവുന്ന നിരക്ക് 556/ച.മീ നിരക്ക്( 694 ച.മീ) | 385864/- |
| അധികം നല്കിയത് | 41640/- |

ഡാറ്റ തയ്യാറാക്കിയതിലെ അപാകം മൂലം മേൽ പറഞ്ഞ 2 ഇനങ്ങളിലായി 70,854/-രൂപ അധികച്ചെലവ് വരുത്തിയതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയിട്ടില്ല. ആയതിനാൽ നഷ്ടം വന്ന തുക ഉത്തരവാദികളായ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, സാങ്കേതിക അനുമതി നല്കുകയും, പദ്ധതി നിർവ്വഹണം നടത്തുകയും ചെയ്ത എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ തുല്യമായി നിന്നും ഈടാക്കി ജി.ഒ(പി) 177/2006 ധനം തീയതി 12.4.2006 പാലിച്ച് സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-38 കുരോപ്പട ഗ്രാമപഞ്ചായത്തിലെ പറയരുകുന്ന്-വലിയപാറ-കോളനി പുനരുദ്ധാരണം-നടപടിക്രമങ്ങളിൽ അപാകത

| | |
|---|---|
| അടങ്കൽ | 20,00,000/- |
| ചെലവ് | 13,97,394/-DD No 096381/ 13-4-16 |
| പ്രോ.നം | 62/15-16 |
| കരാറുകാരൻ | ജോഷി സക്കറിയ |
| എം ബുക്ക് നം | 274/10-11 |
| കരാർ നം | 236/EE/LSGD/14-15dt 11-3-15 |

പ്രസ്തുത പ്രോജക്റ്റിന്റെ അംഗീകാരം ലഭിച്ച എസ്റ്റിമേറ്റ് (Appendix A) പ്രകാരം പറയരുകുന്ന് കോളനിയിൽ സംരക്ഷണഭിത്തി കെട്ടുന്നതിനും മൺപണി നടത്തി കരിങ്കല്ല് പൊള്ളക്കെട്ട് കെട്ടി സംരക്ഷിക്കുക, സിമെന്റ് ചാന്ത് ഉപയോഗിച്ച് കിണറുകൾക്ക് പാരപ്പറ്റ് കെട്ടുക, നടപ്പാതകൾ കോൺക്രീറ്റ് ചെയ്യുക എന്നിവ ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത പ്രോജക്റ്റിന്റെ നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) കോളനി നിവാസികളുടെ ആവശ്യപ്രകാരം സംരക്ഷണഭിത്തിയുടെ നിർമ്മാണത്തിൽ വ്യതിയാനം വരുന്നതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുവാൻ പൊതുമരാമത്ത് സ്റ്റാന്റിങ്ങ് കമ്മറ്റിയും ജനറൽ കമ്മറ്റിയും അംഗീകരിച്ചിരുന്നു. എന്നാൽ Appendix Aയിലെ പ്രവൃത്തി ചെയ്തതിന് ശേഷമാണ് എസ്റ്റിമേറ്റ് പുതുക്കുന്നതിന് അപേക്ഷ നൽകി അംഗീകാരം വാങ്ങിയത്. ഏതൊക്കെ സ്ഥലങ്ങളിൽ എന്തൊക്കെ പ്രവൃത്തികളാണ് ചെയ്യേണ്ടത് എന്നത് സംബന്ധിച്ച് കൃത്യമായ സൈറ്റ് പ്ലാൻ, ലൊക്കേഷൻ മാപ്പ് എന്നിവ തയ്യാറാക്കാതെയാണ് പ്രോജക്റ്റ് ആരംഭിച്ചത്. കരാറുകാരൻ കോളനിവാസികളുടെ ആവശ്യപ്രകാരം പ്രവൃത്തികൾ ചെയ്തതിന് ശേഷമാണ് എസ്റ്റിമേറ്റ് പുതുക്കി തയ്യാറാക്കിയത്. പുതുക്കിയ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ എം ബുക്കിലെ പേജിൽ നിന്നുമുള്ള രേഖപ്പെടുത്തലുകലാണ് ചേർത്തിട്ടുള്ളത്. ഇത് ശരിയായ നടപടിയല്ല. നിർമ്മാണത്തിൽ വ്യതിയാനം ആവശ്യം വരുന്ന സാഹചര്യത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കിയതിന് ശേഷം മാത്രമാണ് പ്രവൃത്തി ആരംഭിക്കേണ്ടത്.

2) പ്രസ്തുത സ്ഥലത്ത് 8-3-15ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ സ്വകാര്യവ്യക്തികളുടെ വീട്ടിലേക്ക് റോഡ് കോൺക്രീറ്റിങ്ങ്, കരിങ്കല്ല് കെട്ടി സംരക്ഷിക്കൽ എന്നീ പ്രവൃത്തികളാണ് നടത്തിയിട്ടുള്ളത്. പട്ടികജാതി കോളനികളിലെ അടിസ്ഥാനസൗകര്യവികസനം എന്ന പദ്ധതികളുടെ ഭാഗമായി വീടുകളെ കേന്ദ്രീകരിച്ച് കല്ല് കെട്ട്, കോൺക്രീറ്റിങ്ങ് എന്നിവ നടത്തിയ നടപടി ശരിയല്ല. സമഗ്രവികസനത്തിന് ഊന്നൽ നൽകുന്ന രീതിയിൽ കോളനിക്ക് പൊതുവായി പ്രയോജനം ലഭിക്കുന്ന പ്രോജക്റ്റ് തയ്യാറാക്കി നടപ്പാക്കിയിട്ടില്ല.

3) ജി.ഒ.(എംഎസ്)362/2013തസ്വഭവ16-11-2013പ്രകാരം SCP/TSP പ്രോജക്റ്റുകളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കുന്നതിന് സ്ഥാപനതലത്തിൽ SC/ST വിഭാഗക്കാരായ ജനപ്രതിനിധികൾ മാത്രമുള്ള നിരീക്ഷണ കമ്മറ്റികൾ രൂപീകരിച്ചിരുന്നില്ല. സ്ഥാപനതലത്തിൽ നിരീക്ഷണകമ്മറ്റികൾ രൂപീകരിക്കേണ്ടതും SCP/TSP ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രോജക്റ്റുകളുടെ നിർവ്വഹണപുരോഗതി യോഗം ചേർന്ന് വിലയിരുത്തി ജനറൽ കമ്മറ്റിയോഗത്തിൽ അവതരിപ്പിക്കേണ്ടതുമാണ്.

4) സമഗ്രവികസനപരിപാടികൾ നടത്തുമ്പോൾ ഓരോ പ്രവർത്തനങ്ങളും ഓരോ പ്രോജക്റ്റുകളായി തയ്യാറാക്കണം എന്ന പന്ത്രണ്ടാം പഞ്ചവത്സരമാർഗരേഖയിലെ നിർദേശം പാലിക്കപ്പെട്ടിട്ടില്ല. (ഉദാഃ മണ്ണ് സംരക്ഷണം, റോഡ് വികസനം എന്നിവ ഉൾപ്പെടെ പ്രവൃത്തിയിൽ സമഗ്രപരിപാടിയിൽ ഉൾപ്പെടുത്തുമ്പോൾ ഓരോന്നിനും പ്രത്യേകം പ്രോജക്റ്റുകളായി തയ്യാറാക്കണം. )

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 36) മറുപടി ലഭ്യമായില്ല. പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് വിശദീകരണം നൽകേണ്ടതും മേൽ സൂചിപ്പിച്ച അപാകതകൾപരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## **3-39** <u>കൊഴുവനാൽ ടൗൺ കുടിവെള്ളപദ്ധതി --എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയ ഇനങ്ങൾ നിർവ്വഹിച്ചതായി കാണുന്നില്ല-</u>

പദ്ധതി-- കൊഴുവനാൽ ടൗൺ കുടിവെള്ള പദ്ധതി പൂർത്തീകരണം

പ്രോജക്ട് നമ്പർ--577/15-16

ചെലവ് തുക-475000/-

ബിൽ നമ്പർ/തീയതി--362/2015-16,31.3.16

കൊഴുവനാൽ ടൗണിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി ജില്ലാ പഞ്ചായത്ത് വികസനഫണ്ട് വകയിരുത്തി ആസൂത്രണം ചെയ്ത പദ്ധതിയാണിത്. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം കൊഴുവനാൽ സെന്റ് ജോൺസ് നെഫ്യൂംസിയാൻസ് പള്ളിയുടെ സമീപത്തായി 10000 ലിറ്റർ ശേഷിയുള്ള പി.വി.സി ടാങ്ക് സ്ഥാപിക്കുക,തോണക്കരയിലുള്ള കുളത്തിൽ നിന്നും 1240 മീറ്റർ അകലത്തിലുള്ള ടാങ്കിലേക്ക് ജലമെത്തിക്കുന്നതിനായി 75mm പി.വി.സി.പൈപ്പ് സ്ഥാപിക്കുക എന്നിവയായിരുന്നു ലക്ഷ്യമിട്ടിരുന്ന

പ്രവർത്തനങ്ങൾ(ലൊക്കേഷൻ സ്കെച്ച് പ്രകാരം). എന്നാൽ വിശദമായ എസ്റ്റിമേറ്റിൽ 851 മീറ്റർ ദൂരത്തിൽ 63 എം എം പൈപ്പ് സ്ഥാപിക്കുന്നതിനാണ് തുക വകയിരുത്തിയത്. ഇപ്രകാരമുള്ള പൊരുത്തക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പ്രസ്തുത പദ്ധതിപ്രദേശത്ത് സ്ഥലപരിശോധന നടത്തിയതിൽ കുളത്തിൽ നിന്നും ടാങ്കിലേക്ക് പൈപ്പ് ലേയിങ്ങ് നടത്തിയതായി കാണുന്നില്ല.സമീപമായി നിർമ്മിച്ചിട്ടുള്ള RCC ടാങ്കിൽ നിന്നും പി വി സി ടാങ്കിലേയ്ക്ക് വെള്ളം എത്തിക്കുന്നതായി കാണപ്പെട്ടു. എന്നാൽ എം.ബുക്ക് പ്രകാരം 63mm/10kg/cm2 പൈപ്പ് 851മീറ്റർ സ്ഥാപിച്ചതിന് 371.60/മീറ്റർ നിരക്കിൽ 316231.60 രൂപ മൂല്യം കണക്കാക്കിയിട്ടുണ്ട്. പ്രസ്തുത ഇനം നിർവഹിച്ചതായി കാണപ്പെട്ടില്ല. പദ്ധതി പ്രദേശത്ത് വലിയ കപ്പാസിറ്റിയുള്ള ടാങ്ക് (RCC Tank)നിലവിലുള്ള സാഹചര്യത്തിൽ പ്രത്യേകമായി പി വി സി ടാങ്ക് സ്ഥാപിച്ച ഇനത്തിലുള്ള ചെലവ് (102200/-രൂപ) അനാവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇപ്രകാരം ശരിയായ സൈറ്റ് പരിശോധന നടത്താതേയും നിലവിലുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്താതേയും അനാവശ്യ ചെലവുകൾ വരുത്തിയതായി കാണുന്നതിനാൽ ഇക്കാര്യത്തിൽ കൂടുതൽ വിശദീകരണത്തിനായി വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു. പദ്ധതിയിലെ അപാകതകൾ വിശദീകരിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ്തുക 4,75,000/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-40 കോക്കനട്ട് പൈലിംഗ് പ്രവൃത്തി- എല്ലാ ഘടകങ്ങളും നിർവ്വഹിക്കാതിരുന്നതിനാൽ പാഴ്ച്ചെലവ്

ജില്ലാപഞ്ചായത്ത് നടത്തിയ നിരവധി മരാമത്ത് വേലകളിൽ തോട്, കനാൽ എന്നിവയുടെ തീരങ്ങളിൽ റോഡ്പുനരുദ്ധാരണവുമായി ബന്ധപ്പെട്ട സംരക്ഷണഭിത്തി നിർമ്മാണത്തിനുള്ള കല്ലുകെട്ടിന് സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനായി പാകമായ തെങ്ങിൻ തടികൾ നിശ്ചിത അകലത്തിൽ സ്ഥാപിക്കുന്ന പ്രവൃത്തി ഉൾപ്പെടുത്തി യിട്ടുണ്ട്. ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളിൽ ഗണ്യമായതുക പ്രസ്തുത ഇനത്തിനായി മാത്രം മൂല്യം കണക്കാക്കിയിട്ടുണ്ട്

| ക്രമ നമ്പർ | പദ്ധതി,നമ്പർ | തെങ്ങിൻകുറ്റി സ്ഥാപിക്കുന്നതിനായുള്ള ചെലവ്,എം ബുക്ക് നമ്പർ | ആകെ ചെലവ് |
|---|---|---|---|
| 1 | അയ്മനം പഞ്ചായത്ത് പരിപ്പ്- അമ്പലക്കടവ് റോഡ് സംരക്ഷണഭിത്തി 122/16 | 293784.4 111/114-15, 112/14-15 | 1363478/- (310318/- ബിൽനമ്പർ,തീയതി 133/29.12.15, 1053160/ മുൻവർഷം പിൻവലിച്ചത്) |
| 2 | അയ്മനം പഞ്ചായത്ത് പരിപ്പ്- കവണച്ചിറ റോഡ് സംരക്ഷണഭിത്തി 551/16 | 115452/- 368/15-16 | 497236/- ബിൽ നമ്പർ,തീയതി 345/31.3.16 |
| 3 | അയ്മനം പഞ്ചായത്ത് പരിപ്പ്- കര്യാലിൽ റോഡ് പുനരുദ്ധാരണം 549/16 | 113460/- 369/15-16 | 497026/- ബിൽ നമ്പർ,തീയതി 347/31.3.16 |
| 4 | അയ്മനം പഞ്ചായത്ത് പരിപ്പ്- തൊള്ളായിരം റോഡ് സംരക്ഷണം | 249888 203/14-15 | 1345341 (326703 |

| | | | |
|---|---|---|---|
| | 120/16 | | ബിൽ നമ്പർ,തീയതി<br>128/15-16,28.12.15<br>1018638<br>ബിൽ നമ്പർ,തീയതി<br>49/1.8.15) |
| | ആകെ | 772584.4 | |

ലംബമായി സ്ഥാപിച്ചിരിക്കുന്ന തെങ്ങിൻ കുറ്റികളിൽ നടുവെ മുറിച്ച തെങ്ങിൻ തടികൾ തിരശ്ചീനമായി ബന്ധിച്ചെങ്കിൽ മാത്രമേ പ്രസ്തുത പ്രവൃത്തി കൊണ്ട് പ്രയോജനമുണ്ടാകൂ. മേൽപറഞ്ഞ പ്രവൃത്തികളിൽ തെങ്ങിൻ കുറ്റികൾ താഴ്ത്തി സ്ഥാപിക്കുന്ന പ്രവൃത്തി മാത്രമേ നടത്തിയിട്ടുള്ളൂ. നടുവെ മുറിച്ച തെങ്ങിൻ തടി തിരശ്ചീനമായി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് നടപ്പാക്കുകയുമുണ്ടായില്ല. ക്രമ നമ്പർ 1,2എന്നിവയിൽ പ്രസ്തുത ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ചുരുക്കത്തിൽ തെങ്ങിൻ കുറ്റികൾ സ്ഥാപിച്ച് കല്ലുകെട്ടിന് സുരക്ഷിതത്വം നൽകുക എന്ന ഉദ്ദേശം സാധ്യമായിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 48) മറുപടി ലഭ്യമാക്കിയിട്ടില്ല. എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്ന ഒരു പ്രവൃത്തി എന്ത് ആവശ്യത്തിന് വേണ്ടിയാണോ ഉൾപ്പെടുത്തിയത് പ്രസ്തുത ആവശ്യത്തിന് പ്രയോജനകരമാവാതെ നിർവ്വഹിച്ച് ആകെ മൂല്യത്തിൽ ഉൾപ്പെടുത്തി അനാവശ്യചെലവ് വരുത്തിയത് സാങ്കേതികമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 3-41 ഇടക്കുന്നം സ്കൂളിന് ചുറ്റുമതിൽ-ജില്ലാ പഞ്ചായത്തിന് അധികച്ചെലവ്

| | |
|---|---|
| പ്രോജക്ട് | ഇടക്കുന്നം സ്കൂളിന് ചുറ്റുമതിൽ |
| പ്രോജക്ട് നം | 719/15-16 |
| അടങ്കൽ/ഫണ്ടിനം | 500000/- |
| കരാറുകാരൻ | സിജോമാത്യു |
| അളവുപുസ്തകം | 186/15-16 |
| കരാറുകാരന് നല്കിയ തുക | 468884/-(ഡി.ഡി നം 96804/18.4.16) |
| എഗ്രിമെന്റ് നം. | 81/EE/LSGD/15-16 Dt.3.10.15 |

ഈ പ്രവൃത്തിയുടെ ഇനം 3 ആയി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അളവുപുസ്തകത്തിൽ ഇനം 3 ആയി രേഖപ്പെടുത്തി ചെയ്തിട്ടുള്ളത് 79.66 ഘനമീറ്റർ ഡി.ആർ മേസൻറി ആണ്. ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റിൽ ഈ പ്രവൃത്തി ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഡി.എസ്.ആർ 7.1.1 ആയ ആർ.ആർ മേസൺറിക്കുള്ള നിരക്ക് പരിഷ്കരിച്ചാണ് ഈ പ്രവൃത്തിക്കുള്ള നിരക്ക് 2760/- രൂപ വകയിരുത്തിയത്. ഡാറ്റ പരിശോധിച്ചതിൽ ആർ.ആർ മേസൻറിയിൽ ഉൾപ്പെട്ടതും ഡി.ആർ മേസൻറിയിൽ ഉപയോഗിക്കുന്നില്ലാത്തതുമായ Through And Bond stone ഉൾപ്പെടുത്തിയുള്ള നിരക്കാണ് നല്കിയിട്ടുള്ളത് എന്ന് കാണുന്നു. എന്നാൽ എസ്റ്റിമേറ്റിനൊപ്പം ചേർത്തിട്ടുള്ള ഡി.ആർ മേസൺറിക്കുള്ള ഡാറ്റ (അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ചത്) മേൽ അപാകത ഒഴിവാക്കിയുള്ളതായിരുന്നു. എന്നാൽ സൈറ്റ് ചുമതലയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ ഡാറ്റ അംഗീകരിക്കാതെ കൂടിയ നിരക്കാണ് നല്കിയത്. കൂടാതെ ഭൗതിക പരിശോധന സമയത്ത് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് അസിസ്റ്റന്റ് എൻജിനിയർ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നു. എന്നാൽ ഫയൽ പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്തതായി കാണുന്നില്ല. തെറ്റായ ഡാറ്റ പ്രകാരം തുക നല്കിയതുമൂലമുണ്ടായ അധികച്ചെലവ് ചുവടെ ചേർക്കുന്നു.

| | |
|---|---|
| Through And Bond stone ഉൾപ്പെടുത്തിയുള്ള നിരക്കനുസരിച്ച് നല്കിയതുക. 79.66x2760 | 219861.6 |
| എസ്റ്റിമേറ്റിനൊപ്പം ചേർത്തിട്ടുള്ള ഡി.ആർ മേസൺറിക്കുള്ള ഡാറ്റ (അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ചത്)പ്രകാരം നല്കാവുന്ന തുക 79.66x2662 | 212054.92 |
| ജില്ലാ പഞ്ചായത്തിനുണ്ടായ അധികച്ചെലവ് | 7806.68 |

അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം 9) മറുപടി നല്കിയിട്ടില്ല. ജില്ലാപഞ്ചായത്തിനുണ്ടായ അധികച്ചെലവ് സൈറ്റ് ചുമതലയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ ഡാറ്റ അംഗീകരിക്കാതെ കൂടിയ നിരക്ക് നല്കിയ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-42 നബാർഡ് ധനസഹായത്തോടെയുള്ള പാമ്പാടി ഡിവിഷനിലെ കാർഷികവിപണനകേന്ദ്ര കെട്ടിട നിർമ്മാണം-ബാങ്ക് ഗ്യാരണ്ടി പുതുക്കിയില്ല-നടപടിക്രമങ്ങളിൽ അപാകത.

| | |
|---|---|
| പ്രോജക്ട് | പാമ്പാടി ഡിവിഷനിൽ കാർഷികവിപണനകേന്ദ്രം നിർമ്മാണം. |
| പ്രോജക്ട് നംപർ | 344/16 |
| അളവുപുസ്തകം | ലഭ്യമാക്കിയിട്ടില്ല.(പ്രവൃത്തി തുടരുന്നതിനാൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല) |
| കരാറുകാരൻ | ഷാജി ജോസഫ് |
| കരാർ നം | 01/EE/LSGD/-15 dt19.06.2014 |
| അടങ്കൽ | 19476173/- (1476173-വികസന ഫണ്ട്(ജനറൽ), 18000000 -നബാർഡ് റീ ഇമ്പേഴ്സ്മെന്റ് വിഹിതം ) |
| ചെലവ്(1476173/-രൂപ വികസന ഫണ്ട്) (ബാക്കി നബാർഡ് വിഹിതം) | 13713632/-രൂപ(നാളിതുവരെ) (1476173-വികസന ഫണ്ട്(ജനറൽ)ഡി.ഡി നം.823074 തീ10.04.2015, 5195529/--രൂപ -ഡി.ഡി നം 863293 തീ08.12.15,3407000/-രൂപ-ഡി.ഡി നം282328 തീ16.12.2016, 3634930രൂപ -നാലാം പാർട്ട് ബിൽ തുക കണക്കാക്കി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല ) |

2014-15വർഷം നിർവ്വഹണം ആരംഭിക്കുകയും നിലവിലും പ്രവൃത്തി തുടരുന്നതുമായ മേൽ പ്രോജക്ടിന്റെ ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.കെട്ടിടനിർമ്മാണം കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമാണെന്ന് ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2.കെട്ടിടനിർമ്മാണത്തിന്റെ കരാർ കാലാവധി ദീർഘിപ്പിക്കുന്നതിന്റെ ഒരു കാരണമായ പഞ്ചായത്തുകൾ തമ്മിലുള്ള അതിർത്തി തർക്കം പരിഹരിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. സമീപ പഞ്ചായത്തായ കൂരോപ്പട ഗ്രാമ പഞ്ചായത്ത് ഉന്നയിച്ചിട്ടുള്ള പരാതിയിൽ കെട്ടിടം പൊതുവഴിയിലേയ്ക്ക് നിയമാനുസൃത ദൂര പരിധി പാലിക്കാതെ ഇറക്കി നിർമ്മിച്ചിട്ടുള്ളതായി വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമാണെന്ന സാക്ഷ്യപത്രത്തിന്റെ പ്രസക്തി ഏറുന്നു. കെട്ടിട നിർമ്മാണ ചട്ടങ്ങൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ട ഗ്രാമ പഞ്ചായത്ത് സ്വന്തം ഉടമസ്ഥതയിലുള്ള കെട്ടിട നിർമ്മാണത്തിൽ ഇത് ഉറപ്പ് വരുത്താത്ത നടപടി ഉചിതമല്ല.

3.കെട്ടിടം കാർഷികവിപണനകേന്ദ്രം എന്ന നിലയിൽ എപ്രകാരം ഉപയോഗിക്കുമെന്ന് പഠനം നടത്തിയിട്ടില്ല. നിലവിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തിയതിൽ കെട്ടിടം ഷോപ്പിംഗ് കോംപ്ളക്സ് എന്ന രീതിയിലാണ് നിർമ്മിക്കുന്നതെന്ന് വ്യക്തമാണ്.

4.കാർഷിക വിപണനകേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിന് ബാധകമായ നബാർഡിന്റെ നിബന്ധനകൾ പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

5-കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും വികസനഫണ്ട് പിൻവലിക്കുന്നതിനുള്ള സമ്പ്രദായം ആരംഭിക്കുന്നതിന് മുന്നോടിയായി നബാർഡ് വിഹിതം ക്രഡിറ്റ് ചെയ്തിരുന്ന പബ്ളിക്ക് അക്കൗണ്ടിലെ ബാലൻസ് പൂർണ്ണമായും ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ ടിയിനത്തിൽ അവശേഷിച്ചിരുന്ന 1142471 രൂപയും മറ്റ് പ്രോജക്ടുകൾക്കായി വിനിയോഗിച്ചു.ഇപ്രകാരം നബാർഡ് വിഹിതം വകമാറ്റിയ നടപടി ക്രമപ്രകാരമല്ല.

6-ഫയലിൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം കെട്ടിടത്തിന്റെ നിർമ്മാണ പൂർത്തീകരണ കാലാവധി 30.09.2016 വരെയാണ് ദീർഘിപ്പിച്ച് നൽകിയിട്ടുള്ളത്. എന്നാൽ നാളിതുവരെയും കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. കെട്ടിട

നിർമ്മാണത്തിന്റെ കരാർ കാലയളവ് രേഖാമൂലം ദീർഘിപ്പിച്ച് നൽകാതെ നിലവിലും അനുമതി കൂടാതെ പ്രവൃത്തി തുടരുന്നതായി വ്യക്തമായിട്ടുണ്ട്. ഇപ്രകാരം പ്രവൃത്തിയുടെ നിർമ്മാണം തുടരാൻ അനുവദിക്കുന്നത് കരാർ ചട്ടങ്ങളുടെ ലംഘനമാണ്.

6. പ്രോജക്ട് പ്രകാരം കരാറുകാരൻ സമർപ്പിച്ചിട്ടുള്ള 1921100/-രൂപയുടെ പെർഫോമൻസ് ഗ്യാരന്റി (BGNo.0135BG000252014 dt 18.06.2014) യുടെ കാലാവധി 17.06.2015 വരെയായിരുന്നു. ബാങ്ക് ഗ്യാരണ്ടിയായി സമർപ്പിച്ചിട്ടുള്ള പെർഫോമൻസ് ഗ്യാരന്റിയുടെ കാലാവധി അവസാനിച്ച് ഏകദേശം ഒന്നര വർഷങ്ങൾക്ക് ശേഷവും ആയത് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ആയതിനാൽ കഴിഞ്ഞ ഒന്നര വർഷമായി സാധുവായ ബാങ്ക് ഗ്യാരന്റി കൂടാതെയാണ് കരാറുകാരൻ പ്രവൃത്തി തുടരുന്നത്. ഇപ്രകാരം സാധുവായ ബാങ്ക് ഗ്യാരണ്ടി കൂടാതെ പ്രവൃത്തി തുടരാൻ അനുവദിച്ച നടപടി തികച്ചും ക്രമവിരുദ്ധമാണ്. മാത്രമല്ല മേൽ തുകയുടെ പെർഫോമൻസ് ഗ്യാരന്റി നിലനിൽക്കുന്നു എന്ന തെറ്റായ അനുമാനത്തിൽ 2015-16 വർഷം കരാറുകാരന് നൽകിയ ബില്ലിൽ നിന്നും റിട്ടെൻഷൻ തുക ഈടാക്കിയിട്ടുമില്ല. ഇപ്രകാരം പെർഫോമൻസ് ഗ്യാരന്റിയോ നിശ്ചിത നിരക്കിലുള്ള റീട്ടെൻഷൻ തുകയോ ഈടാക്കാതെ പ്രവൃത്തി തുടരുന്നതിനുള്ള അനുമതി കരാറുകാരന് നൽകുന്നത് ക്രമപ്രകാരമല്ല. മേൽ അപാകങ്ങളിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.57) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ നാളിതുവരെയുള്ള ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകളിന്മേൽ വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-43 മൂരിക്കുംവയൽ ഗവ.ഹയർസെക്കണ്ടറി സ്കൂളിലെ ഉപേക്ഷിക്കപ്പെട്ട കെട്ടിടനിർമ്മാണം-തുടർനടപടി സ്വീകരിക്കുന്നതിൽ വീഴ്ച്ച

മുണ്ടക്കയം ഡിവിഷനിലെ മുരിക്കുംവയൽ ഗവ.ഹയർസെക്കണ്ടറി സ്കൂളിൽ 2009-10 ൽ ഏറ്റെടുത്ത പ്രോജക്ട് പ്രകാരം സംസ്ഥാന നിർമ്മിതി കേന്ദ്രം നിർമ്മിച്ച കെട്ടിടം ബലക്ഷയം മൂലം നിർമ്മാണപ്രവൃത്തികൾ മുടങ്ങി ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. ഫൗണ്ടേഷൻ, പില്ലറുകൾ തുടങ്ങിയവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ബലക്ഷയം മൂലം ഉപേക്ഷിക്കപ്പെട്ട കെട്ടിടം യാതൊരുവിധ പ്രയോജനവുമില്ലാതെ തുടർവികസനങ്ങൾക്ക് തടസ്സമായി



നിലനിൽക്കുന്നു.

ജില്ലാപഞ്ചായത്ത് ജനറൽക്കമ്മറ്റിയുടെ 6-8-15 ലെ 2(5) നമ്പർ തീരുമാനത്തിൽ ഉപേക്ഷിക്കപ്പെട്ട നിലയിലുള്ള കെട്ടിടത്തിന്റെ മേൽക്കൂര വാർക്കയ്ക്ക് പകരം ഷീറ്റ് ആക്കി കെട്ടിടം ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യത പരിഗണിച്ചിട്ടുണ്ട്.കെട്ടിടത്തിന്റെ പുനർനിർമ്മിതിക്കായി തയ്യാറാക്കിയ 3531000/-രൂപയുടെ എസ്റ്റിമേറ്റിന് നിർമ്മിതി കേന്ദ്രത്തിന്റെ റീജിയണൽ എഞ്ചിനീയറുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. എങ്കിലും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാൽ പ്രോജക്ടിന് അംഗീകാരം തേടുന്നതിനോ നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനോ സാധിച്ചിട്ടില്ല. നാളിതുവരെ നടത്തിയ നിർമ്മാണ പ്രവൃത്തികളുടെ ബിൽ തുക നിർമ്മിതി കേന്ദ്രത്തിന് നൽകിയിട്ടില്ലയെന്ന് മേൽ തീരുമാനത്തിൽവ്യക്തമാക്കിയിട്ടുണ്ടെങ്കിലും രേഖകളുടെ അഭാവത്തിൽ ഇക്കാര്യം സ്ഥിരീകരിക്കാൻ സാധിച്ചിട്ടില്ല. പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പ് വരുത്താത്തത് കരാർ വ്യവസ്ഥകളുടെ ലംഘനമാകയാൽ നടത്തിയ നിർമ്മാണ പ്രവൃത്തികളുടെ ബിൽതുക നൽകിയിട്ടില്ലയെന്നത് കൊണ്ട് മാത്രം ഗുണനിലവാരം കുറഞ്ഞ പ്രവൃത്തി ഏറ്റെടുത്ത ഏജൻസിക്കെതിരെ നിയമ നടപടി ഒഴിവാക്കാവുന്നതല്ല. ആയതിനാൽ ജില്ലാ പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ച് കെട്ടിടം പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ തുടർനിർമ്മാണ പ്രവൃത്തികൾ എറ്റെടുക്കേണ്ടതും ആയതിന് സാധിക്കുന്നില്ലെങ്കിൽ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ഉചിതമായ നഷ്ടപരിഹാരം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.ഇത് സംബന്ധിച്ച കാലിക സ്ഥിതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-44 നെടുംകുന്നം-ഇടത്തനാട്ട്പടി പാടശേഖരം വികസനം-സമിതിക്ക് ഗുണഭോക്തൃവിഹിതം തിരികെ നൽകാനുള്ള തീരുമാനം ക്രമപ്രകാരമല്ല

ജില്ലാപഞ്ചായത്ത് ജനറൽക്കമ്മറ്റിയുടെ 6-8-15 ലെ 1(6) -ാം നമ്പർ തീരുമാനം പ്രകാരം പ്രോജക്ട് നം.58/15 പ്രകാരം 15 ലക്ഷം രൂപ അടങ്കലിൽ ഏറ്റെടുത്ത നെടുംകുന്നം-ഇടത്തനാട്ട്പടി പാടശേഖരം വികസനം എന്ന പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കിയ ഗുണഭോക്തൃവിഹിതം നിയമപരമായും നിലവിലുള്ള വ്യവസ്ഥകൾ പ്രകാരവും നിർബന്ധിതമായി ഈടാക്കേണ്ടിയിരുന്ന തുക അല്ലായിരുന്നതിനാൽ തിരികെ നൽകാവുന്നതാണെന്ന്

വിലയിരുത്തുകയും തിരികെ നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്തൃവിഹിതമായി ഈടാക്കിയ 133376/-രൂപയാണ് ഇപ്രകാരം തിരികെ നൽകാൻ തീരുമാനിച്ചത്.പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖ (ജി.ഒ (എം.എസ്)4/2016 തസ്വഭവ തീ 11-01-16) ഖണ്ഡിക 7 പ്രകാരം (വിഭവ സമാഹരണവും വകയിരുത്തലും ) ജനകീയ സംഘടനാസംവിധാനങ്ങളായ പാടശേഖര സമിതികൾ,നീർത്തട സമിതികൾ, മറ്റ് ജനകീയ സംഘടനകൾ മുതലായവയിലൂടെ സമാഹരിക്കാൻ കഴിയുന്ന വിഭവസമാഹരണ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.ഈ സാഹചര്യത്തിൽ പാടശേഖര വികസനത്തിനായുള്ള പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഗുണഭോക്തൃ വിഹിതം ഈടാക്കുന്നത് നിർബന്ധമല്ലയെന്ന കാരണത്താൽ ഈടാക്കിയ വിഹിതം തിരികെ നൽകാൻ തീരുമാനം കൈക്കൊണ്ടത് ക്രമപ്രകാരമല്ല. ഇത് സംബന്ധമായി കോ-ഓർഡിനേഷൻ സമിതിയുടെ അനുകൂല തീരുമാനം ലഭിച്ചോയെന്നും തുക യഥാർത്ഥത്തിൽ തിരികെ നൽകിയിട്ടുണ്ടോയെന്നും വ്യക്തമല്ല. തുക തിരികെ നൽകിയിട്ടുണ്ടെങ്കിൽ തുക അതാത് ഗുണഭോക്താക്കൾക്ക് തിരികെ നൽകിയതിന്റെ കൈപ്പറ്റ് രസീത് ഹാജരാക്കേണ്ടതുമാണ്.

## **3-45** <u>കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തിയാക്കാത്തതിന് സർക്കാർ ഉത്തരവ് പ്രകാരം നടപടി സ്വീകരിക്കുകയോ ഫൈൻ ഈടാക്കുകയോ ചെയ്തിട്ടില്ല</u>

ജി.ഒ(പി) 13/2012/പി ഡബ്ല്യു ഡി/2-12 പ്രകാരമുള്ള പുതുക്കിയ പൊതുമരാമത്ത് മാനവൽ സെക്ഷൻ 2112-1 അനുസരിച്ച് കരാർ കാലാവധിക്കുള്ളിൽ പണിപൂർത്തിയാക്കുവാൻ കഴിയാതിരിക്കുകയാണെങ്കിൽ മതിയായ കാരണത്തിന്റെ അടിസ്ഥാനത്തിൽ 2 തവണ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ഇതു പ്രകാരം ആദ്യം ദീർഘിപ്പിച്ചു നൽകുന്നതിന് പി എ സി യുടെ 1% മിനിമം 1,000 രൂപ പരമാവധി 50,000 രൂപയും രണ്ടാം തവണ ദീർഘിപ്പിച്ചു നൽകുന്നതിന് പി എ സി യുടെ 2% കുറഞ്ഞാൽ 2,000 രൂപയും പരമാവധി 1 ലക്ഷം രൂപയുമാണ്. എന്നാൽ ദീർഘീകരണം നേടാതെ പൂർത്തീകരണ കാലാവധിക്കുശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണെന്നും അതിന് തുക നൽകാവുന്നതല്ല എന്നും മേൽ ഉത്തരവ് വ്യക്തമാക്കുന്നു. അനുമതി കൂടാതെ കരാർ കാലയളവ് കഴിഞ്ഞുള്ള കാലയളവിലും പ്രവൃത്തിനിർവ്വഹണം നടത്തി പൂർത്തീകരിക്കുകയും എന്നാൽ ഫൈൻ വസൂലാക്കുകയും ചെയ്തിട്ടില്ലാത്ത സാഹചര്യങ്ങൾ ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ടു. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | ആർപ്പൂക്കര പഞ്ചായത്തിലെ തോട്ടമ്പലം-കരിപ്പാറ ഓടനിർമ്മാണം |
| പ്രോജക്ട് നമ്പർ | 556/14-15, 243/15-16(S.O) |
| അളവുപുസ്തകം | 300/15-16 |
| കരാറുകാരൻ | മാത്തച്ചൻ എം വാടാന |
| കരാർ നം. | 101/EE/LSGD/14-15 dt 09.01.2015 |
| അടങ്കൽ | 1000000/-(വികസനഫണ്ട്) |
| പൂർത്തീകരിക്കേണ്ട തീയതി | 08.07.2015 |
| വേല പൂർത്തീകരിച്ച തീയതി | 28.02.2016 |
| പി.എ.സി.തുക | 95,84,75/- |
| വേല മൂല്യം<br>(-) VAT 4%+WWF 1%+IT 1%<br>Revenue Cost of Earth | 9,58,492<br>57510<br>25707 |

| | |
|---|---|
| കോൺട്രാക്ടർക്ക് നൽകിയത് | 8,75,275 |
| ചെക്ക് നം. | 096073, 16.04.2016 |
| ബിൽ നമ്പർ, തീയതി | 333/15-16, 30.3.16 |

യഥാവിധി കാലാവധി ദീർഘിപ്പിച്ചിരുന്നുവെങ്കിൽ വസൂലാക്കേണ്ടിയിരുന്ന ഫൈൻ:

ആദ്യ തവണ 08.07.2015 – 22.08.2015, 1% of PAC - 9585

രണ്ടാമത് കാലാവധി ദീർഘിപ്പിച്ച നൽകൽ 23.08.2015 – 28.02.2016, 2% of PAC- 19170

ആകെ - 28755

| | |
|---|---|
| പ്രോജക്ട് | തലയാഴം പഞ്ചായത്തിലെ മംഗളം-കുറിച്ചിക്കുന്ന് കലുങ്ക് നിർമ്മാണം |
| പ്രോജക്ട് നമ്പർ | 572/15 |
| അളവുപുസ്തകം | 53/15-16 |
| കരാറുകാരൻ | ശിവശങ്കരൻ നായർ |
| കരാർ നം. | 252/EE/LSGD/14-15, 12.3.15 |
| അടങ്കൽ | 2000000/- |
| പൂർത്തീകരിക്കേണ്ട തീയതി | 11.9.2015 |
| വേല പൂർത്തീകരിച്ച തീയതി | 10.3.2016 |
| പി.എ.സി.തുക | 1916979/- |
| വേല മൂല്യം<br>(-) VAT 4%+WWF 1%+IT 1% | 1895458/-<br>113728/- |
| കോൺട്രാക്ടർക്ക് നൽകിയത് | 1781730/- |
| ചെക്ക് നം. | 096941/18.4.16 |
| ബിൽ നമ്പർ/തീയതി | 317/15-16, 29.3.16 |

യഥാവിധി കാലാവധി ദീർഘിപ്പിച്ചിരുന്നെങ്കിൽ വസൂലാക്കേണ്ടിയിരുന്ന ഫൈൻ:

ആദ്യ ദീർഘീകരണം 12.9.15 മുതൽ 26.10.15 വരെ പി.എ.സി.യുടെ 1%- 19170

രണ്ടാം ദീർഘീകരണം 27.10.15 മുതൽ 10.3.16 വരെ പി.എ.സി.യുടെ 2%-38340/-

ആകെ - 57510/-

പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് അനുമതി നല്കാതെ പദ്ധതി പൂർത്തിയാക്കി തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഫൈൻ ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന 86265/രൂപ(57510+28755) ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-46 കരാർ ചമയ്ക്കുന്നതിന് കാലതാമസം വരുത്തിയതിന് പിഴ ഈടാക്കിയില്ല

| | |
|---|---|
| പ്രൊജക്ട് നം. | S0812/16 |
| പ്രൊജക്ടിന്റെ പേര് | കിടങ്ങൂർ പഞ്ചായത്തിലെ ചെമ്പിളാവ്-ഗ്രോട്ടോ റോഡ് റീടാറിങ്ങ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| അടങ്കൽ തുക | 5 ലക്ഷം (സംരക്ഷണ ഗ്രാന്റ്-റോഡ്) |
| കരാറുകാരൻ | റ്റി.ഡി. ചന്ദ്രശേഖരൻ, തറയിൽ വീട്, പുലിയന്നൂർ പി.ഒ., പാലാ |

| | |
|---|---|
| ടെൻഡർ വ്യതിയാനം | എസ്റ്റിമേറ്റ് നിരക്കിന്റെ 19.9% കുറവ് |
| ചെലവ് | 3,99,885/- രൂപ<br>(ഡി.ഡി. നം.131112/20.04.2016 പ്രകാരം 3,69,142/- കരാറുകാരന് നൽകി) |
| അളവ് പുസ്തകം നം. | 169/2015-16 |

| | |
|---|---|
| PAC | 498955 |
| Agreed PAC | 399662 |
| 1% of PAC | 3997 |

Agreed PAC യുടെ ഒരു ശതമാനമാണ് പിഴപ്പലിശയായി കണക്കാക്കിയത്. ഫൈൻ തുക കൃത്യമാക്കിയിട്ടുണ്ട്. ഒമേൽപറഞ്ഞ പ്രോജക്റ്റിനായി 08.09.2016 തീയതിയിലെ 80/2015-16 നമ്പരായി ടെൻഡർ ക്ഷണിച്ചു. എസ്റ്റിമേറ്റ് നിരക്കിന്റെ 19.9% കുറവ് തുക ക്വോട്ട് ചെയ്ത് ടെൻഡർ സമർപ്പിച്ച റ്റി.ഡി. ചന്ദ്രശേഖരൻ എന്ന കരാറുകാരന് കരാർ ഉറപ്പിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 23.09.2015-ലെ AB2-812/2015-16 കത്ത് പ്രകാരം സെലക്ഷൻ നോട്ടീസ് നൽകി. എന്നാൽ പ്രസ്തുത കരാറുകാരനുമായി കരാർ ചമച്ചത് 11.11.2015 തീയതിയിൽ മാത്രമാണ്(അതായത് സെലക്ഷൻ നോട്ടീസ് നല്കി 48 ദിവസങ്ങൾക്ക് ശേഷം). കേരള PWD മാന്വൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് നല്കി 14 ദിവസത്തിനുള്ളിൽ കരാർ ചമയ്ക്കേണ്ടതാണ്. അതിനുശേഷം 10 ദിവസത്തിനകം കരാർ തുകയുടെ (Probable Amount of Contract-PAC) 1% പിഴയായി ഈടാക്കി കരാർ ചമയ്ക്കാവുന്നതും അല്ലാത്തപക്ഷം കരാർ റദ്ദാക്കാവുന്നതുമാണ്. എന്നാൽ മേൽപറഞ്ഞ പ്രവൃത്തിക്ക് കരാർ ചമയ്ക്കുന്നതിന് കാലതാമസം വന്നതിന് പിഴ തുക 3,997/- രൂപ (Agreed PAC 399662 രൂപ) കരാറുകാരനിൽ നിന്നും ഈടാക്കിയതായി കാണുന്നില്ല. പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്ര പ്രകാരം 20.02.2016-ൽ കരാർ പ്രവൃത്തി പൂർത്തിയാക്കി.

മേൽപറഞ്ഞ അപാകത ചൂണ്ടിക്കാട്ടി ഓഡിറ്റ് അന്വേഷണക്കുറിപ്പ് (4/25.02.2017) നൽകിയതിന് മറുപടി ലഭ്യമായില്ല. പ്രൊജക്റ്റിന്റെ നടത്തിപ്പിലെ നടപടിക്രമത്തിലെ വീഴ്ചമൂലം പിഴപലിശ ഇനത്തിൽ ജില്ലാ പഞ്ചായത്ത് ഫണ്ടിനുണ്ടായ 3,997/- രൂപയുടെ നഷ്ടം നിർവ്വഹണ ഉദ്യോഗസ്ഥനായ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കി ജില്ലാ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-47 നികുതി കോംബൗണ്ട് ചെയ്യൽ- നിർദ്ദിഷ്ട ഫോമിലുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കുന്നില്ല

2003 ലെ കേരളാ വാല്യൂ ആഡഡ് ടാക്സ് ആക്ട് വകുപ്പ് 10 പ്രകാരം എല്ലാ കരാർ പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും വാറ്റ് നികുതി കുറവ് ചെയ്യുന്നതിനായി കരാറുകാർ കോംബൗണ്ട് ചെയ്ത സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ട സാഹചര്യത്തിൽ form 1EE യിലുള്ള സർട്ടിഫിക്കറ്റിനെ ആധാരമാക്കിയായിരിക്കണം നികുതി കുറവ് ചെയ്യേണ്ടത് എന്നും നിർദ്ദിഷ്ട ഫോമില്ലാത്ത പക്ഷം ഉയർന്ന നിരക്കിലുള്ള വാറ്റ് ഈടാക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ വർക്ക് ബില്ലുകളിൽ നിന്നും form1E യിലുള്ള സർട്ടിഫിക്കറ്റിനെ ആധാരമാക്കിയാണ് നികുതി കുറവ് ചെയ്യുന്നത്. നിശ്ചിത ഫോമിലുള്ള കോംബൗണ്ട് ചെയ്ത് സർട്ടിഫിക്കറ്റ്, ലയബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവയെ അടിസ്ഥാനമാക്കി നികുതി കുറവ് ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-48 വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു

2015-16 വർഷം സെക്രട്ടറി നിർവഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ വിനിയോഗവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്, നമ്പർ | ചെക്ക്/വൗച്ചർ നം | തുക |
|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വിവിധ ഡിവിനഷനുകലിൽ പൈപ്പ് ലൈൻ | 882427,19.02.2016 | 49,000 |
| | | 882428, 19.02.2016 | 49,000 |

| | | | |
|---|---|---|---|
| | നീട്ടൽ- 28/16 | 882429, 19.02.2016 | 49,000 |
| | | 882430, 19.02.2016 | 49,000 |
| | | 882432, 19.02.2016 | 49,000 |
| | | 882433, 19.02.2016 | 49,000 |
| | | 882434, 19.02.2016 | 6000 |
| | | 882636, 25.02.2016 | 2510000 |
| | | | 28,10,000 |
| " " | വാകത്താനം ഡിവിഷനിലെ മുതലപ്ര കോളനിയിൽ കുടിവെള്ള ലൈൻ പൂർത്തീകരണം- 781/16 | 96226, 11.04.2016 | 20,00,000 |
| " " | വെള്ളൂർ ഡിവിഷൻ തലയോലപ്പറമ്പ് പഞ്ചായത്ത് 4-ാം വാർഡിൽ തിടാശ്ശേരി കോളനി പൈപ്പ്ലൈൻ എക്സ്റ്റൻഷൻ- 825/16 | 880392, 18.01.2016 | 6,32,000 |
| " " | തോട്ടക്കാട്ടുനിന്നും ഞാലിയാകുഴി കറുകച്ചാൽ റോഡിലേക്കുള്ള എ സി ഡിസ്ട്രിബ്യൂഷൻ കുടിവെള്ള പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കൽ- 830/16 | 96225,11.04.2016 | 2,94,000 |
| " " | കടുത്തുരുത്തി | 882287, 19.02.2016 | 5,00,000 |

| | | | |
|---|---|---|---|
| | ഡിവിഷനിൽ പൂവത്തോട്-പാലക്കര റോഡിലും തൊണ്ണാംകുഴി മാനാടിയിൽ റോഡിലും, കുടിവെള്ള പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കൽ-849/16 | | |
| " " | കടുത്തുരുത്തി ഡിവിഷനിൽ കല്ലറ പഞ്ചായത്തിലെ 110 കോളനിയിൽ പൈപ്പ്ലൈൻ സ്ഥാപിക്കൽ-851/16 | 882690,29.02.2016 | 10,00,000 |
| കെ.എസ്.ഇ.ബി | വിവിധ ഡിവിനഷനകലിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ-27/16 | 860464,13.10.2015 | 3,02,480 |
| " " | | 880388,18.01.2016 | 2,99,992 |
| " " | | 882286, 19.02.2016 | 1,00,100 |
| " " | | 882691, 29.02.2016 | 2,79,000 |
| " " | | 883426,17.03.2016 | 10,06,100 |
| " " | | 883601, 17.03.2016 | 34,656 |
| " " | | 883427, 17.03.2016 | 99,190 |
| " " | | | 21,21,518 |
| " " | കടുത്തുരുത്തി ഡിവിഷനിൽ എഴുമാതുരുത്ത് കിഴക്കുംപുറം പാടശേഖരത്തിന് 3 ഫേസ് കണക്ഷൻ- 880/16 | 882627,24.02.2016 | 1,12,166 |

| | | | |
|---|---|---|---|
| " " | നെടുംകുന്നം പഞ്ചായത്തിലെ വിവിധ മേഖലകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ- 853/16 | 8833349/17.03.2016 | 4,77,179 |
| ഒട്ടാകെ | | | 99,46,863 |

വിനിയോഗവിവരങ്ങളുടെ അഭാവത്തിൽ ആകെ ചെലവായ തുക തടസ്സപ്പെടുത്തുന്നു.

## 3-49 തെരുവുനായ നിയന്ത്രണം- കോട്ടയം ജില്ലാ- സമഗ്ര എ.ബി.സി പ്രോഗ്രാം -- നടപടിക്രമങ്ങളിൽ അപാകത/ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്ട് നം. 803/2016
നിർവ്വഹണോദ്യോഗസ്ഥൻ- ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം

അടങ്കൽ- വികസനഫണ്ട് - 10,00,000
ഗ്രാമപഞ്ചായത്ത്/നഗരസഭ വിഹിതം- 1,66,00,000
ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 55,00,000
ആകെ – 2,31,00,000

ചെലവിന്റെ വിശദാംശം
ബിൽ നം.688/01/2016- 19,81,761
ബിൽ നം.752/02/2016- 7,37,600
ബിൽ നം.848/03/2016- 6,74,100
ബിൽ നം.888/03/2016- 6,81,288
ബിൽ നം.927/03/2016- 7,65,000
ബിൽ നം.935/03/2016- 50,948
ബിൽ നം.936/03/2016- 6,000
ആകെ – 48,96,697
ജില്ലാപഞ്ചായത്ത് വിഹിതം
ബിൽ നം.01/15-16/15.10.2015- 4,79,063
ബിൽ നം.02/15-16/19.10.2015- 20,937
ആകെ – 53,96,697

നടപടിക്രമങ്ങളിൽ അപാകതകൾ – പദ്ധതി ലക്ഷ്യംകൈവരിച്ചില്ല

തെരുവുനായ നിയന്ത്രണവും പേവിഷബാധനിർമ്മാർജ്ജനവും ലക്ഷ്യമാക്കി കോട്ടയം ജില്ലയിലെ ഗ്രാമ/ബ്ലോക്ക്/ ജില്ലാപഞ്ചായത്തുകളും നഗരസഭകളും ചേർന്ന് നടപ്പാക്കുന്ന എ.ബി.സി.-എ.ആർ.എന്ന ബഹുവർഷ പ്രോജക്ടിനായി ആകെ 2,31,00,000/-രൂപ വകയിരുത്തുകയും 2015-16 വർഷം 53,96,697/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ചെലവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ പ്രോജക്ട് നിർവ്വഹണത്തിന്റെ നടപടിക്രമങ്ങളിൽ അപാകതകൾ ഉണ്ടായിട്ടുള്ളതായും പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ലായെന്നും ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ടിനായി ആകെ 2,31,00,000/-രൂപ വകയിരുത്തിയതിൽ 2015-16 വർഷം ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടേയും നഗരസഭകളുടേയും വിഹിതമായി ലഭിച്ച 1,50,07499/-രൂപ ജില്ലാപഞ്ചായത്തിന്റെ ട്രഷറിയിലുള്ള തനതുഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. ഇതിൽനിന്നും മൃഗസംരക്ഷണ ഓഫീസറുടെ

റിക്വിസിഷനനുസരിച്ച് 48,96,697/- രൂപയും ജില്ലാപഞ്ചായത്തിന്റെ വിഹിതമായ 5,00,000/- രൂപയും ഉൾപ്പെടെ ആകെ 53,96,697/-രൂപ മാത്രമാണ് പ്രോജക്ടിനായി നാളിതുവരെ ചെലവഴിച്ചിട്ടുള്ളത്. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടേയും നഗരസഭകളുടേയും വികസനഫണ്ട് വിഹിതമായ 1,01,10,802/-രൂപ നാളിതുവരെ ചെലവഴിക്കപ്പെടാതെ ജില്ലാപഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിൽ അവശേഷിക്കുന്നു.

2)കേന്ദ്ര സർക്കാരിന്റെ പരിസ്ഥിതി മന്ത്രാലയത്തിന് കീഴിലുള്ള അനിമൽ വെൽഫയർ ബോർഡ് ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള Standard Operating Procedures for Sterilization of Stray Dogs under the Animal Birth Control Programme പ്രകാരം എ ബി സി പ്രോഗ്രാം നടപ്പാക്കുന്നതിന്റെ പ്രാഥമിക പ്രവർത്തനമായി പ്രോഗ്രാം നടപ്പാക്കുന്ന പ്രദേശത്ത് ഫീൽഡ് തല സർവ്വേ നിർബന്ധമായും നടത്തേണ്ടതാണെന്ന് നിർദേശിച്ചിട്ടുള്ളതാണ്. സമഗ്ര എ.ബി.സി.ആർ. പ്രോജക്ട് നടപ്പാക്കുന്നതിന്റെ പ്രാഥമിക പ്രവർത്തനമായി ജില്ലയിൽ എതെല്ലാം സ്ഥലങ്ങളിലാണ് തെരുവുനായ്ക്കളുടെ എണ്ണവും സമൂഹത്തിന് അവയിൽനിന്ന് നേരിടുന്ന ഭീഷണിയും എറ്റവും കൂടുതലായിട്ടുള്ളതെന്നും വിശദമായ സർവ്വേ നടത്തി കണ്ടെത്തുകയോ ആധികാരികമായ സർവ്വേറിപ്പോർട്ട് സമർപ്പിക്കുകയോ ചെയ്തിട്ടില്ല. പ്രോജക്ട് റിപ്പോർട്ടിലെ ഖണ്ഡിക 6-2 അനുസരിച്ച് ഇപ്രകാരം തയ്യാറാക്കുന്ന സർവ്വേറിപ്പോർട്ടായിരിക്കണം പ്രോജക്ടിന്റെ തുടർപ്രവർത്തനങ്ങൾക്കുള്ള അടിസ്ഥാനരേഖ. എന്നാൽ വൈക്കം നഗരസഭയുടേയും മേലുകാവ്, കിടങ്ങൂർ ഗ്രാമപഞ്ചായത്തുകളിലേയും വെറ്ററിനറി ഹോസ്പിറ്റലുകളിൽ നിന്നുമാത്രമേ സർവ്വെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളൂ. മാത്രമല്ല തെരുവുനായ്ക്കളിൽനിന്ന് ജനങ്ങൾക്കുണ്ടാകുന്ന ഭീഷണി നേരിടുക, പേവിഷബാധ തടയുക എന്നിവയാണ് പ്രോജക്ടിന്റെ ലക്ഷ്യമെന്നിരിക്കെ മേൽപ്പറഞ്ഞതരത്തിൽ സർവ്വേ നടത്തി പദ്ധതിപ്രദേശങ്ങൾ നിശ്ചയിക്കുകയും അവിടെ ആവശ്യമായ ഭൗതീകസാഹചര്യങ്ങളൊരുക്കി പദ്ധതിനിർവ്വഹണം നടത്താതെ നിലവിൽ ഭൗതീകസാഹചര്യങ്ങളനുയോജ്യമായ വെറ്ററിനറി ഹോസ്പിറ്റലുകളുള്ള സെന്ററുകളെ മാത്രം ഇതിനായി തെരഞ്ഞെടുക്കുകയും ചെയ്തു.

3)എ.ബി.സി - എ.ആർ.പ്രോജക്ട് നടപ്പാക്കാനുണ്ടായ സാമൂഹ്യസാഹചര്യം, പ്രോജക്ടിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തനമണ്ഡലം, പദ്ധതിനിർവ്വഹണത്തിന് അവലംബമാക്കുന്ന അടിസ്ഥാനതത്വങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ, പദ്ധതിനിർവ്വഹണത്തിൽ പങ്കാളികളാകേണ്ടവർ,നടപ്പാക്കുന്ന പദ്ധതിപ്രവർത്തനങ്ങൾ, പ്രതീക്ഷിതചെലവ് എന്നിവ ഉൾപ്പെടുത്തി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിരുന്നുവെങ്കിലും ആയത് ജില്ലാപഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിച്ച് കമ്മിറ്റിയുടെ അംഗീകാരം വാങ്ങിയിട്ടില്ല.

4) പദ്ധതിനിർവ്വഹണത്തിനായി അഞ്ച് സെന്ററുകളെ തെരഞ്ഞെടുക്കുകയും ഓരോ സെന്ററുകളിലും വെറ്റിനറി ഡോക്ടർമാർ -2, പാരാവെറ്റിനറി സ്റ്റാഫ് -2, കെയർടേക്കർ -2, ഡോഗ്ക്യാച്ചർ -,1എന്നിവരെ ഇന്റർവ്യൂ ചെയ്ത് 7 പേരെ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. എന്നാൽ ഇവരുടെ തെരഞ്ഞെടുപ്പ്, നിയമനം എന്നിവയ്ക്ക് ജില്ലാപഞ്ചായത്ത്കമ്മിറ്റിയുടെ അംഗീകാരം വാങ്ങിയിട്ടില്ല. ഓരോ തസ്തികയിലുമുള്ള ജീവനക്കാർക്ക് വിവിധ നിരക്കുകളിൽ ഹോണറേറിയം, ഇൻസെന്റീവ് എന്നീയിനങ്ങളിലായി ആകെ 24,89,700/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഹോണറിയം, ഇൻസെൻറീവ് എന്നിവ നിശ്ചയിച്ചതിന്റെ മാനദണ്ഡം എന്താണെന്നും, ആയതിന് പഞ്ചായത്ത്കമ്മിറ്റിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ടോയെന്നും വ്യക്തമാക്കിയിട്ടില്ല.

5)പട്ടികളെ പിടിക്കുന്നതിനുള്ള ഉപകരണങ്ങൾ, തീറ്റ, വാക്സിനുകൾ, സർജിക്കൽ ഉപകരണങ്ങൾ, എന്നിവ വാങ്ങുന്നതിനും ട്രാൻസ്പോർട്ടേഷൻ ചാർജിനുമുള്ള ക്വട്ടേഷൻ/ടെൻഡർ നടപടികളുടെ നോട്ടീസുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും പരസ്യങ്ങൾ വെബ്സൈറ്റിൽ നൽകിയതല്ലാതെ വ്യാപകമായ പ്രചാരണവും കൂടുതൽ സുതാര്യതയും ഉറപ്പാക്കുന്നതരത്തിൽ പ്രാദേശിക/ദേശീയ മാധ്യമങ്ങളിൽ പരസ്യം ചെയ്തിട്ടില്ല.

6) ലഭ്യമായ ക്വട്ടേഷനുകൾ/ടെൻഡറുകൾക്ക് പർച്ചേയ്സ് കമ്മിറ്റിയുടെ അംഗീകാരം മാത്രമേ ലഭ്യമായിട്ടുള്ളൂ. ജില്ലാപഞ്ചായത്ത്കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടില്ല.മാത്രമല്ല നായ്ക്കൾക്കുള്ള തീറ്റ വാങ്ങുന്നതിന് ലഭ്യമായ ടെൻഡറുകളിൽ എറ്റവും കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ ചക്കനാനിക്കൽ ഇൻഡസ്ട്രീസ്, കട്ടപ്പന എന്ന സ്ഥാപനത്തിന്റെ ടെൻഡർ ജില്ലാ മൃഗസംരക്ഷണ ഓഫീസർ അംഗീകരിക്കുകയും സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകുകയും ചെയ്തു.പ്രസ്തുത ടെൻഡർ പർച്ചേയ്സ് കമ്മിറ്റിയും ജില്ലാപഞ്ചായത്ത്കമ്മിറ്റിയും അംഗീകരിച്ചിട്ടില്ല.

7) അഞ്ച് സെന്ററുകളിലും ഓരോ കെന്നലും ഇരുപത് കേജുകളും വീതം ആകെ 5 കെന്നലുകളും 100 കേജുകളും നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ അഞ്ച് കെന്നലുകളും അഞ്ച് സെന്ററുകളിലും കൂടി ആകെ 80 കേജുകളുടേയും നിർമ്മാണം വാല്യുവേഷൻപ്രകാരം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം പ്രോജക്ടിനുവേണ്ടി സജ്ജമാക്കപ്പെട്ട അടിസ്ഥാനസൗകര്യങ്ങൾ നിലവിൽ ഉപയോഗിക്കാത്ത അവസ്ഥയിലാണെന്ന് പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു.

8) പദ്ധതിനിർവ്വഹണത്തിനായി ഒരു താലൂക്കിൽ ഒന്നു വീതം ആകെ അഞ്ച് ചികിത്സാ കേന്ദ്രങ്ങളെ(വെറ്ററിനറി പോളിക്ലിനിക്ക് പരിയാരം, വെറ്ററിനറി ഹോസ്പിറ്റൽ വൈക്കം, കാഞ്ഞിരപ്പള്ളി, വാഴൂർ, കടനാട്) തെരഞ്ഞെടുക്കുകയും, പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യം ഒരുക്കുന്നതിന് നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തെ തിരഞ്ഞെടുക്കുകയും ചെയ്തു. 5 കേന്ദ്രങ്ങളിലേക്കുമായി വിവിധ എസ്റ്റിമേറ്റുകൾ പ്രകാരം ആകെ 23.40 ലക്ഷം രൂപക്ക് സ്ഥാപനവുമായി കരാർ ചമച്ചു. പദ്ധതിയുടെ എസ്റ്റിമേറ്റ് , ചെയ്ത പ്രവർത്തികളുടെ വാല്യവേഷൻ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കണ്ടെത്തി.

എ) ജി.ഒ(എം.എസ്) നം.133/07/ത.സ്വ.ഭ.വ, 18.05.2007 പ്രകാരം അക്രഡിറ്റഡ് ഏജൻസി മുഖേന പ്രവർത്തികൾ നടപ്പാക്കുമ്പോൾ തദ്ദേശഭരണ സ്ഥാപനത്തിന്റെ എൻജിനീയർ സൂപർവിഷൻ നടത്തി അളവുകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ നടപ്പാക്കിയ പ്രവർത്തികൾ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എൻജിനീയർ സൂപ്പർവിഷൻ നടത്തി അളവുകൾ രേഖപ്പെടുത്തിയിട്ടില്ല. ലഭ്യമാക്കിയ വാല്യുവേഷൻ പ്രകാരമുള്ള പ്രവർത്തി സ്ഥാപനം നടപ്പാക്കിയിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതായി സാക്ഷ്യപ്പെടുത്തിയിരിക്കുന്നത് പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥയായ മൃഗസംരംക്ഷണ ഡെപ്യൂട്ടി ഡയറക്ടറാണ്.

ബി) നിർമ്മിതി കേന്ദ്രവുമായി ഏർപ്പെട്ടിരിക്കുന്ന കരാർ പ്രകാരം അംഗീകരിച്ചിരിക്കുന്ന എസ്റ്റിമേറ്റിൽ വ്യതിയാനം വരുത്താവുന്നതല്ല. എന്നാൽ നിർവ്വഹണ വേളയിൽ അനിവാര്യമായ മാറ്റങ്ങൾ ആവശ്യമുള്ളപക്ഷം ബന്ധപ്പെട്ട എൻജിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങേണ്ടതാണ്. വാല്യുവേഷൻ പ്രകാരം പല പ്രവർത്തി ഇനങ്ങളുടേയും അളവുകളിൽ വ്യത്യാസം വന്നിട്ടുണ്ടെങ്കിലും ആയതിന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

9) ആകെ 15,000 നായ്ക്കളെ വന്ധ്യംകരണത്തിന് വിധേയമാക്കാനാണ് പ്രോജക്ട് പ്രകാരം ലക്ഷ്യമിട്ടിരുന്നത്, എന്നാൽ കേവലം 883 നായ്ക്കളെ മാത്രമേ വന്ധ്യംകരിച്ചിട്ടുള്ളൂ. പദ്ധതി നിർവ്വഹണത്തിനായി സമാഹരിച്ച ഒരുകോടിയിൽപ്പരം രൂപ അക്കൗണ്ടിൽ അവശേഷിക്കെ 2016-17 വാർഷികപദ്ധതിയിൽ കേവലം 16,00,000/-രൂപ മാത്രമാണ് ഈ പ്രോജക്ടിനായി വകയിരുത്തിയിട്ടുള്ളത്.

പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ മേൽ അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് (നം.56/16) ലഭ്യമാക്കിയ മറുപടിയിൽ 2015-16 വർഷം നിർമ്മിതിക്കും മെഡിസിൻ സപ്ലൈ ചെയ്ത സ്ഥാപനത്തിനും ബാലൻസ് നൽകുവാനുണ്ടായിരുന്ന തുക വകയിരുത്തി അംഗീകാരം ലഭിച്ച സ്പിൽഓവർ പ്രോജക്ട് നടപ്പാക്കാതിരുന്നത് സംബന്ധിച്ചും, 2015-16 വർഷം പ്രോജക്ടിന്റെ ആസൂത്രണ/നിർവ്വഹണ നടപടികളിലുണ്ടായ അപാകതകൾ പരിഹരിച്ച് പഞ്ചായത്ത് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം പുതുക്കി സമർപ്പിച്ച പ്രോജക്ടിന് അംഗീകാരം ലഭിച്ചെങ്കിലും ആയത് തുടർന്ന് നടപ്പാക്കാത്തത് സംബന്ധിച്ചും, അറിവില്ല എന്നാണ് നിർവ്വഹണോദ്യോഗസ്ഥയായിരുന്ന മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ വ്യക്തമാക്കിയിട്ടുള്ളത്.

വികസനപദ്ധതികൾക്കായുള്ള സർക്കാർഫണ്ട് വിനിയോഗിക്കപ്പെടാതെ ജില്ലാപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ (കോട്ടയം ജില്ലാ ട്രഷറിയിലെ സ്പെഷ്യൽ ടി എസ് ബി അക്കൗണ്ട്) സൂക്ഷിച്ചിരിക്കുന്നു. എന്നു മാത്രമല്ല പദ്ധതിയുടെ ഭൗതികസൗകര്യങ്ങൾക്ക് വേണ്ടിയുള്ള ലക്ഷങ്ങളുടെ ചെലവ് പാഴാകുന്ന തരത്തിൽ ലക്ഷ്യം കൈവരിക്കാതെ പ്രോജക്ട് നിർവ്വഹണം നിർത്തി വെക്കുകയും ചെയ്തിരിക്കുന്നതായാണ് ഓഡിറ്റിൽ ബോധ്യപ്പെട്ടത്.

27.8.16ലെ സർക്കുലർ നം.4515/RC/2014/LSGD പ്രകാരം തെരുവുനായ് ശല്യം നിയന്ത്രിക്കുന്നതിനുള്ള സമഗ്രമായ ആക്ഷൻ പ്ലാൻ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടേയും നഗരസഭകളുടേയും കണക്കുകൾ പ്രകാരം ചെലവഴിക്കപ്പെട്ട പദ്ധതിവിഹിതം യഥാർത്ഥത്തിൽ ചെലവഴിക്കപ്പെടാതെ ജില്ലാ പഞ്ചായത്തിന്റെ തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന ക്രമവിരുദ്ധമായ സാഹചര്യം ഒഴിവാക്കുന്നതിനും എ.ബി.സി-എ.ആർ.പ്രോജക്ട് ആയതിന്റെ ഉദ്ദേശ്യ/ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലേക്കുമായി മേൽസർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ച് പ്രോജക്ട് തുടർന്ന് നടപ്പാക്കുന്നതിനുള്ള അടിയന്തിര ഇടപെടലുകൾ ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ ഭാഗത്തുനിന്നുണ്ടാകേണ്ടതാണ്.

## 3-50 മിഷൻ 2020 (ജനറൽ), മിഷൻ 2020 (എസ്.സി.പി ).എന്നീ പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് വിശകലനം (ജനറൽ)

നിർവ്വഹണോദ്യോഗസ്ഥൻ : ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം

| | |
|---|---|
| പ്രോജക്ട് നമ്പർ | 32/16 |

| | |
|---|---|
| പ്രോജക്ട് പേര് | മിഷൻ 2020 (ജനറൽ) |
| അടങ്കൽ | 10ലക്ഷം |
| ഫണ്ടിനം | വികസനഫണ്ട് പൊതുവിഭാഗം സാധാരണ |
| ചെലവ് | 10ലക്ഷം |
| ബിൽ നമ്പർ | 13/15-16/ 29.2.16 |

പ്രോജക്ട് വിശകലനം (എസ്.സി.പി.)

| | |
|---|---|
| പ്രോജക്ട് നമ്പർ | 33/16 |
| പ്രോജക്ട് പേര് | മിഷൻ 2020 (എസ്.സി.പി.) |
| അടങ്കൽ | 5ലക്ഷം |
| ഫണ്ടിനം | എസ്.സി.പി. |
| ചെലവ് | 499200 |
| ബിൽ നമ്പർ | 15/15-16/ 18.03.16 |

മിഷൻ 2020 ജനറൽ പ്രോജക്ട് പ്രകാരം പത്താംക്ലാസ്സ് തുല്യതാ കോഴ്സിന് ചേർന്ന 622 പഠിതാക്കളുടെ കോഴ്സ് ഫീസ് ഇനത്തിൽ (ഒരാളുടെ ഫീസ് ഇനത്തിൽ 1600 രൂപ വീതം) 1000000/ രൂപയും, 33/16 മിഷൻ 2020 എസ്.സി.പി പ്രോജക്ട് പ്രകാരം 312 പഠിതാക്കളുടെ കോഴ്സ് ഫീസ് ഇനത്തിൽ 499200 രൂപയും ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1) പ്രോജക്ട് പ്രകാരം കോഴ്സ് ഫീസ് ഒടുക്കിയ പഠിതാക്കളുടെ ഹാജർ സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) കോഴ്സ് നടത്തിയ സെന്ററുകളുടെ വിവരം, കോഴ്സ് കാലയളവ് തുടങ്ങിയ വിവരങ്ങൾ ഫയലിൽ ഇല്ല.

3) ആകെ കോഴ്സ് ഫീസ്, പഠിതാക്കളിൽ നിന്നും ഫീസ് ഈടാക്കുന്നുണ്ടോ തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല.

4) പ്രോജക്ട് പ്രകാരം കോഴ്സ് ഫീസ് ഒടുക്കിയ പഠിതാക്കൾ തുല്ല്യതാ പരീക്ഷ എഴുതിയതിന്റെയും സർട്ടിഫിക്കറ്റുകൾ കൈപ്പറ്റിയതിന്റെയും വിശദാംശങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5) എസ്.സി.പി. പ്രോജക്ട് പ്രകാരം കോഴ്സ് ഫീസ് അടച്ച പഠിതാക്കൾ ഈ വിഭാഗത്തിൽ ഉൾപ്പെട്ടവരാണ് എന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് ആവശ്യമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം-62ന് മറുപടി ലഭ്യമാക്കിയില്ല. ഫയലിൽ നിന്നും ലഭിച്ച പഠിതാക്കളുടെ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ടതിൽ പല പഠിതാക്കളും കോഴ്സ് പൂർത്തീകരിച്ചിട്ടില്ല എന്ന വിവരമാണ് ലഭിച്ചത്. ഈ സാഹചര്യത്തിൽ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

## 3-51 സ്കൂളുകളിൽ യോഗ പരിശീലനം - പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ സംബന്ധിച്ച്

പ്രോജക്ട് വിശകലനം
നിർവ്വഹണോദ്യോഗസ്ഥൻ : ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം

| | |
|---|---|
| പ്രോജക്ട് നമ്പർ | 36/16 |
| പ്രോജക്ട് പേര് | സ്കൂളുകളിൽ യോഗ പരിശീലനം |

| | |
|---|---|
| അടങ്കൽ | 500000 |
| ഫണ്ടിനം | വികസനഫണ്ട് പൊതുവിഭാഗം സാധാരണ |
| ചെലവ് | 291800 |
| തിരിച്ചടവ് | 208200 (ചെലാൻ നം 589/17.06.16) |

ജില്ലയിലെ തെരഞ്ഞെടുത്ത 46 സ്കൂളുകളിലെ കുട്ടികൾക്ക് യോഗ പരിശീലനം നടത്തുന്നതിന് വിഭാവനം ചെയ്ത പ്രോജക്ട് പ്രകാരം കുട്ടികൾക്ക് യോഗ പരിശീലനം നടത്തിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കും പ്രകാരമുള്ള അപാകതകൾ കാണപ്പെട്ടു.

1) വിവിധ സ്കൂളുകളിൽ യോഗ പരിശീലനം നടത്തിയത് സംബന്ധിച്ച് ട്രെയിനർമാർ നൽകിയ തീയതികളും, ബന്ധപ്പെട്ട സ്കൂളുകളിലെ പ്രഥമാദ്ധ്യാപകർ നൽകിയ തീയതികളും തമ്മിൽ വൈരുദ്ധ്യങ്ങൾ കാണുന്നു. (ഉദാഹരണമായി ഈരാറ്റുപേട്ട ഗവൺമെന്റ് എച്ച്.എസ്.എസ്.ൽ ക്ലാസ്സ് എടുത്തു എന്നുകാണിച്ച് ട്രെയിനറായ ശ്രീമതി സൗമ്യ സനീഷ് ഹാജരാക്കിയ 02.02.16, 22.02.16. എന്നീ ദിവസങ്ങളല്ല പ്രഥമാദ്ധ്യാപകൻ സമർപ്പിച്ച സർട്ടിഫിക്കറ്റിലുള്ള തീയതി.)

2)പ്രോജക്ട് മോണിട്ടറിംഗ് ചാർജ് എന്ന ഇനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ 15,000 രൂപ കൈപ്പറ്റിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥൻ 18.03.16ൽ തയ്യാറാക്കിയ മോണിട്ടറിംഗ് റിപ്പോർട്ട് പ്രകാരം ട്രെയിനർമാർ സ്കൂളുകളിൽ മൂന്ന് ദിവസങ്ങളിൽ യോഗ പരിശീലന ക്ലാസ്സുകൾ നടത്തിയതായി വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ട്രെയിനർമാരും, ബന്ധപ്പെട്ട സ്കൂളുകളിലെ പ്രഥമാദ്ധ്യാപകരും ഹാജരാക്കിയ രേഖകൾ പ്രകാരം ഓരോ സ്കൂളുകളിലും നാല് ദിവസങ്ങളിൽ യോഗ പരിശീലന ക്ലാസ്സുകൾ നടത്തിയതായി വ്യക്തമാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ട്രെയിനർക്ക് വേതനം നൽകുകയും ചെയ്തിട്ടുണ്ട്. 46 സ്കൂളുകളിലെ പ്രഥമാദ്ധ്യാപകരും വ്യാജമായ വിവരങ്ങൾ നൽകി ആയതിന്റെ അടിസ്ഥാനത്തിൽ ട്രെയിനർക്ക് അധിക വേതനം നൽകി എന്നത് വിശ്വസിക്കത്തക്കതല്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രോജക്ട് നിർവ്വഹണം നടത്തിയത് തികച്ചും നിരുത്തരവാദപരമായാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെ മോണിട്ടറിംഗ് നടത്തി മോണിട്ടറിംഗ് ചാർജ് കൈപ്പറ്റിയത് ക്രമപ്രകാരമല്ല. പ്രോജക്ടിൽ മോണിട്ടറിംഗ് ചെലവ് ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലും മേൽ പ്രസ്താവിച്ച അപാകതകളാലും മോണിട്ടറിംഗ് ചാർജ് എന്ന ഇനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ കൈപ്പറ്റിയ 15000 രൂപ നിരാകരിക്കുന്നു. (നിരാകരണം സംബന്ധിച്ച് പ്രത്യേക ഖണ്ഡികയായി പരാമർശിച്ചിട്ടുണ്ട്)

3) പ്രോജക്ട് കോ-ഓർഡിനേറ്റർ ശ്രീമതി എം.പി. ശ്രീജ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയ കത്ത് പ്രകാരം വിവിധ ഇനങ്ങളിലായി 49,850 രൂപ ചെലവഴിച്ചിട്ടുണ്ട് എന്നും പ്രസ്തുത തുക അനുവദിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. ആയത് പ്രകാരം തുക ലിമിറ്റ് ചെയ്ത് 30,000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ ചെലവിനങ്ങളിൽ എല്ലാ സ്കൂളുകളിലെയും ഫോട്ടോ എടുത്ത ഇനത്തിന് ചെലവ് ചെയ്ത 4,600 രൂപ മാത്രമാണ് അനുവദിക്കാവുന്നത്. ആയതിന്റെ വൗച്ചറും ഹാജരാക്കിയിട്ടില്ല. ലിസ്റ്റ് പ്രകാരമുള്ള ഇനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | പദ്ധതി സമർപ്പണം | 5000 | പദ്ധതി സമർപ്പണം നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ജില്ലാ പഞ്ചായത്തിന്റെയും ചുമതലയിൽപ്പെട്ട കാര്യമാണ്. ആയതിന് പദ്ധതി നടപ്പിലാകുകുന്നതിന് ചുമതലപ്പെടുത്തിയ സ്വസ്തി ലേണിംഗ് ആന്റ് ലൈഫ് എൻടിച്ച്മെന്റ് സെന്റർ പൊൻകുന്നം എന്ന സ്ഥാപനത്തിലെ ജീവനക്കാരിക്ക് തുക നൽകിയത് അംഗീകരിക്കുന്നില്ല. |

| | | | |
|---|---|---|---|
| 2 | പരിശീലകരുടെ തെരഞ്ഞെടുപ്പ് | 2100 | പദ്ധതി നടപ്പിലാകുകുന്നതിന് ചുമതലപ്പെടുത്തിയ സ്വസ്തി ലേണിംഗ് ആന്റ് ലൈഫ് എൻട്രിച്ച്മെന്റ് സെന്റർ പൊൻകുന്നം എന്ന സ്ഥാപനത്തിനാണ്. യോഗ്യതയുള്ള പരിശീലകർ ഉണ്ട് എന്ന് ബോദ്ധ്യപ്പെടുത്തി ആയതിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിനെ പ്രോജക്ടിന്റെ നടത്തിപ്പ് ഏൽപ്പിച്ചത്. ഈ സാഹചര്യത്തിൽ പരിശീലകരുടെ തെരഞ്ഞെടുപ്പിന് തുക അനുവദിച്ചത് ക്രമപ്രകാരമല്ല. |
| 3 | അദ്ധ്യാപകർക്കുള്ള പരിശീലനം, പുസ്തകങ്ങൾ | 5400 | ട്രെയിനർമാർ സ്കൂളുകളിൽ യോഗ പരിശീലന ക്ലാസ്സുകൾ നടത്തുന്നതിന് അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നടത്തേണ്ട ആവശ്യമില്ലാത്തതിനാൽ ഈ ഇനത്തിൽ തുക അനുവദിച്ചത് ക്രമപ്രകാരമല്ല. |
| 4 | ഹാജർ ഷീറ്റുകളുടെയും റിപ്പോർട്ടുകളുടെയും തയ്യാറാക്കൽ | 1850 | പ്രത്യേകമായി തുക അനുവദിക്കേണ്ട ഇനമല്ല. പ്രോജക്റ്റ് നടത്തിപ്പ് ഏറ്റെടുത്ത സ്ഥാപനത്തിന്റെ ചുമതലയിൽ വരുന്ന കാര്യമാണ്. |
| 5 | എല്ലാ സ്കൂളുകളിലെയും ഫോട്ടോകൾക്ക് ചെലവായത് | 4600 | ചെലവ് സംബന്ധിച്ച ബില്ലുകളോ, വൗച്ചറുകളോ ലഭ്യമാക്കിയില്ല. |
| 6 | കൈപ്പുസ്തകങ്ങളുടെ സാമഗ്രി തയ്യാറാക്കൽ | 8400 | യോഗ പരിശീലന രംഗത്തെ പ്രശസ്ത സ്ഥാപനം എന്ന നിലയിലാണ് പ്രോജക്റ്റ് നടത്തിപ്പ് സ്വസ്തി ലേണിംഗ് ആന്റ് ലൈഫ് എൻട്രിച്ച്മെന്റ് സെന്റർ പൊൻകുന്നം എന്ന സ്ഥാപനത്തിനെ ഏൽപ്പിച്ചത്.യോഗ സംബന്ധിച്ച കൈപ്പുസ്തകങ്ങളുടെ സാമഗ്രി<br>പ്രത്യേകമായി തയ്യാറാക്കേണ്ട സാഹചര്യം ഇല്ല. അച്ചടിക്കൂലി 26000/രൂപ ചെലവഴിച്ചിട്ടുമുണ്ട് |
| 7 | പരിശീലനം നടന്ന സ്കൂളുകളിൽ പോയതിനും അധികൃതരുമായി ബന്ധപ്പെട്ട് ക്ലാസ്സ് ക്രമീകരണം നടത്തിയതും | 9200 | നിർവ്വഹണ ഉദ്യോഗസ്ഥൻ ചെയ്യേണ്ട പ്രവൃത്തി ആയതിനാൽ തുക അനുവദനീയമല്ല. |
| 8 | വിവരങ്ങൾ യഥാസമയം ജില്ലാ പഞ്ചായത്ത്, വിദ്യാഭ്യാസ വകുപ്പ് എന്നിവരെ അറിയിക്കുക | 5100 | തുക അനുവദിക്കേണ്ട ഇനമല്ല. |

| | | | |
|---|---|---|---|
| | | | |
| 9 | സ്കൂൾ അധികൃതരിൽ നിന്ന് ഫീഡ് ബാക്ക് എടുക്കുക, രേഖകൾ തയ്യാറാക്കുക റിപ്പോർട്ട് അധികൃതരുടെ മുമ്പാകെ സമർപ്പിക്കൽ | 8200 | പ്രോജക്ട് നടത്തിപ്പ് ഏറ്റെടുത്ത സ്ഥാപനത്തിന്റെ ചുമതലയിൽപ്പെട്ട കാര്യമാകയാൽ തുക അനുവദനീയമല്ല. (അധികൃതരുടെ മുമ്പാകെ സമർപ്പിച്ച എന്ന് പറയുന്ന റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.) |
| | ആകെ | 49850 | |

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 63 ന് മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ കോ-ഓർഡിനേറ്റർക്ക് ക്രമവിരുദ്ധമായി അനുവദിച്ച 30,000/ രൂപയിൽ 25,400 രൂപയുടെ ചെലവ് നിരാകരിക്കുന്നു. ചെലവ് രേഖകൾ ലഭ്യമല്ലാത്തതിനാൽ 4,600/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-52 മണ്ണാർക്കാട് റീജിയണൽ പൌൾട്രി ഫാം

ജില്ലാ പഞ്ചായത്തിന് കൈമാറി കിട്ടിയ സ്ഥാപനങ്ങളിൽ ഒന്നായ മണ്ണാർക്കാട് റീജിയണൽ പൌൾട്രി ഫാം മണ്ണാർക്കാട് പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു. രോഗ പ്രതിരോധ ശേഷിയുള്ളതും ഗുണമേന്മയുള്ളതുമായ കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് കർഷകർക്കും എഗ്ഗർ നഴ്സറികൾക്കും ലഭ്യമാക്കുക എന്നതാണ് സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം.

(1)സ്ഥാപനത്തിലെ അടിസ്ഥാന സൗകര്യങ്ങൾ - ജില്ലാ പഞ്ചായത്ത് പദ്ധതികൾ തയാറാക്കുന്നില്ല

1. സ്ഥാപനത്തിലെ പ്രധാന പ്രശ്നമായ ജലക്ഷാമം പരിഹരിക്കുന്നതിന് ആവശ്യമായ പ്രോജക്ടുകൾ ജില്ലാ പഞ്ചായത്തിൽ നിന്നും ആവിഷ്കരിച്ച് നടപ്പാക്കിയതായി കാണുന്നില്ല. ദിവസേന അയ്യായിരത്തോളം ലിറ്റർ ശുദ്ധ ജലം ആവശ്യമായി വരുന്ന സ്ഥാപനത്തിൽ വേനൽക്കാലത്ത് രൂക്ഷമായ ജല ദൌർലഭ്യം അനുഭവപ്പെടുന്നു. സ്വകാര്യ വ്യക്തികളിൽ നിന്നും വെള്ളം വിലയ്ക്ക് വാങ്ങിയാണ് പ്രശ്നം പരിഹരിച്ച് വരുന്നത്. ഏഴ് ഏക്കറോളം സ്ഥലത്ത് സ്ഥിതി ചെയ്യുന്ന സ്ഥാപനത്തിൽ ജല ക്ഷാമം പരിഹരിക്കുന്നതിന് ആവശ്യമായ വലിയ കിണറോ, ജല സംഭരണത്തിനും, റീ ചാർജിങ്ങിനും ഉപയോഗ്യമാകുന്ന കുളമോ നിർമിച്ച നൽകുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ ജില്ലാ പഞ്ചായത്തിൽ നിന്നും സ്വീകരിക്കേണ്ടതാണ്.

2. സ്ഥാപനത്തിലെ ഓഫീസ് കെട്ടിടം വളരെ പഴക്കമുള്ളതാണ്. ഇതിലെ ഇലക്ട്രിക്കൽ വയറിങ്ങ് സംവിധാനം കാലപ്പഴക്കം മൂലം തകരാറിൽ ആയതിനാൽ ഓഫീസിൽ സ്ഥിരമായി വൈദ്യുതി മുടങ്ങുന്നു. ഇത് ഓഫീസിൻറെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നു. ആയതിനാൽ ഓഫീസ് കെട്ടിടത്തിലെ വയറിങ്ങ് സംവിധാനം പരിഷ്കരിക്കുന്നതിനും, കമ്പ്യൂട്ടറുകൾക്ക് ആവശ്യമായ UPS ബാക്ക്അപ്പ് സംവിധാനം ഏർപ്പെടുത്തുന്നതിനും ആവശ്യമായ പദ്ധതികൾ നടപ്പാക്കേണ്ടതാതാണ്. മേൽ വിഷയത്തിലേയ്ക്ക് ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

(2)അടിസ്ഥാന വികസനത്തിനായി ലഭിച്ച സംസ്ഥാനാവിഷ്കൃത ഫണ്ട് നാളിതുവരെ വിനിയോഗിച്ചിട്ടില്ല

സ്ഥാപനത്തിലെ കോഴിക്കുഞ്ഞുങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി പുതിയ ലെയർ ബ്രീഡർ ഫാം സ്ഥാപിക്കുന്നതിന് 1,00,00,000/- രൂപ 2015-16 വർഷം (ഡി.ഡി. നം. 396911/20.11.15, 396912/20.11.15) സംസ്ഥാന സർക്കാരിൽ നിന്നും അനുവദിച്ചിരുന്നുവെങ്കിലും ടി തുക നാളിതുവരെ ഉപയോഗിക്കാതെ ജില്ലാ പഞ്ചായത്തിന്റെ ഫണ്ടിൽ തന്നെ അവശേഷിക്കുന്നു. ഈ വിഷയത്തിൽ നാളിതുവരെ തുടർ നടപടികൾ സ്വീകരിക്കാത്തത് ബന്ധപ്പെട്ട അധികാരികളുടെ ഭാഗത്തെ വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. തുകയുടെ വിനിയോഗ കാലാവധി കഴിഞ്ഞിട്ടുണ്ടെങ്കിൽ വിനിയോഗ കാലാവധി പുതുക്കി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അടിയന്തിരമായി പദ്ധതി നടപ്പാക്കേണ്ടതാണ്. മേൽ വിഷയത്തിലേയ്ക്ക് ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-53 കെട്ടിട നിർമ്മാണം ആവശ്യാധിഷ്ഠിതമല്ലാതെ ഫണ്ട് വിനിയോഗം മാത്രം ലക്ഷ്യമിട്ട്

## നടപ്പാക്കുന്നു

2015-16 വർഷവും മുൻവർഷങ്ങളിലായും ആസൂത്രണം ചെയ്ത് നടപ്പിലാക്കിയ കെട്ടിടനിർമ്മാണം സംബന്ധിച്ച പ്രോജക്ടുകൾ ലക്ഷ്യബോധമില്ലാതെ ഫണ്ട് വിനിയോഗം മാത്രം ലക്ഷ്യമിട്ട് ആസൂത്രണം ചെയ്ത് നടപ്പാക്കിയതായി ഓഡിറ്റ് വിലയിരുത്തുന്നു. സ്ഥലപരിശോധനയിൽ കണ്ടെത്തിയവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### 1) ചിറക്കടവ് പഞ്ചായത്തിലെ വാർഡ് 8ൽ പകൽവീട്

ചിറക്കടവ് ഗ്രാമപഞ്ചായത്തിൽ നം 96/15-16 ആയി തയ്യാറാക്കിയ പ്രോജക്ടിൽപ്പെടുത്തി 10,32,672/- രൂപ ചെലവഴിച്ച് നിലവിലുണ്ടായിരുന്ന പകൽവീടിന്റെ മുകൾനില പൂർത്തീകരിച്ചിരുന്നു. നിലവിൽ താഴെയും മുകളിലുമായി വലിയ രണ്ട് ഹാളുകൾ പണിപൂർത്തിയാക്കിയിട്ടുണ്ട്. ടോയ് ലറ്റ് ചുറ്റുമതിൽ എന്നിവ പണിതീർത്തിട്ടുണ്ട്. വൃദ്ധജനങ്ങൾക്ക് പകൽസമയം ചെലവഴിക്കുവാൻ ലക്ഷ്യമിട്ട് നിർമ്മാണം നടത്തിയ കെട്ടിടം പ്രോജക്റ്റ് പ്രകാരം വിഭാവനം ചെയ്ത ഉദ്ദേശലക്ഷ്യം കൈവരിച്ചിട്ടില്ലായെന്ന് കാണുന്നു. പ്രോജക്റ്റ് ലക്ഷ്യത്തിന് ഉതകുന്നരീതിയിൽ




സാദ്ധ്യതകൾ പരിശോധിക്കാതെ തന്നെ, കെട്ടിടനിർമ്മാണം നടത്തുക എന്ന ലക്ഷ്യം മാത്രം മുന്നിൽക്കണ്ട് നിർമ്മിച്ച കെട്ടിടമാണ് പകൽവീട്. നിലവിൽ നിർമ്മാണത്തിന് ശേഷം പ്രസ്തുത കെട്ടിടം യാതൊരു ആവശ്യത്തിനും ഉപയോഗിക്കാതെ അടച്ചുപൂട്ടിയ നിലയിലാണ്. പ്രസ്തുത കെട്ടിടം ഉപയുക്തമാക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുണ്ട്.

### 2) ജാതിക്കാമല എസ്.സി വനിതാതൊഴിൽപരിശീലനകേന്ദ്രം

മുളക്കുളം ഗ്രാമപഞ്ചായത്തിൽ പ്രോജക്റ്റ് നം 629/16 ആയി തയ്യാറാക്കിയ പ്രോജക്ടായിരുന്നു ജാതിക്കാമല എസ്.സി വനിതാ തൊഴിൽപരിശീലനകേന്ദ്രം നിർമ്മാണം. SCP ഫണ്ടിൽ നിന്നും 5,66,267/- രൂപ ചെലവഴിച്ച് കെട്ടിടത്തിന്റെ മുകൾനില പൂർത്തിയാക്കിയിട്ടുണ്ട്. താഴെയും മുകളിലുമായി രണ്ട് വലിയ ഹാളുകൾ ഉള്ള പ്രസ്തുത കെട്ടിടത്തിന് വൈദ്യുതകണക്ഷൻ, വാട്ടർകണക്ഷൻ എന്നിവ ലഭ്യമായിട്ടില്ല. SC വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് തൊഴിൽപരിശീലനം എന്ന ലക്ഷ്യം മുൻനിർത്തി പണിതീർത്ത കെട്ടിടത്തിൽ നാളിതുവരെ യാതൊരു പരിശീലനവും നടന്നിട്ടില്ല. പ്രസ്തുത കെട്ടിടം ഗ്രാമസഭായോഗങ്ങൾക്ക് ഉപയോഗിച്ച് വരുന്നതായി സമീപവാസികൾ അറിയിച്ചു. SCP ഫണ്ട് ഉപയോഗിച്ച് തൊഴിൽപരിശീലനത്തിനായി നിർമ്മിച്ച കെട്ടിടം പ്രസ്തുത ആവശ്യത്തിന് ഉപയോഗിക്കാതെ മറ്റ് ആവശ്യങ്ങൾക്ക്



ഉപയോഗിക്കുന്നത് ക്രമവിരുദ്ധമാണ്. SCP ഫണ്ട് ചെലവഴിക്കുക എന്ന ലക്ഷ്യം മാത്രം മുൻനിർത്തിയുള്ള നിർമ്മാണമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വൈദ്യുതകണക്ഷൻ, വാട്ടർകണക്ഷൻ എന്നിവ ലഭ്യമാക്കുന്നതിനും പ്രോജക്റ്റ് ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനും അടിയന്തിരനടപടപടികൾ സ്വീകരിക്കേണ്ടതാണ്.

കോട്ടയം ജില്ലാപഞ്ചായത്ത് 2015-16 വർഷം വിവിധ ഗ്രാമപഞ്ചായത്തുകളിൽ കുമാരീക്ഷേമകേന്ദ്രങ്ങളും സാംസ്കാരിക നിലയങ്ങളും സ്ഥാപിക്കുവാൻ വളരെയധികം തുക ചെലവഴിച്ചിരുന്നു. എന്നാൽ പ്രസ്തുത കെട്ടിടങ്ങൾ നിർദ്ദിഷ്ടആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നില്ലായെന്ന് കാണുന്നു. കുമാരീക്ഷേമകേന്ദ്രങ്ങളിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് യാതൊരു ധാരണയുമില്ലാതെയായിരുന്നു കെട്ടിടനിർമ്മാണം നടത്തിയത്. പല കെട്ടിടങ്ങളും അംഗൻവാടികൾക്ക് ഉപയോഗിക്കുന്നതായി സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. 2015-16 വർഷം നിർമ്മാണം നടത്തുകയും നിർദ്ദിഷ്ട ആവശ്യത്തിന് ഉപയോഗപ്രദമാക്കുകയും ചെയ്യാത്ത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോ.നം | പ്രോജക്റ്റ് | ചെലവഴിച്ച തുക |
|---|---|---|
| 102/16 | കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിൽ വാർഡ് 1ൽ കുമാരീക്ഷേമകേന്ദ്രം | 6,80,718 |

| | | |
|---|---|---|
| 170/16 | കടുത്തുരുത്തി ഗ്രാമപഞ്ചായത്തിൽ കൊരക്കാല കുമാരീക്ഷേമകേന്ദ്രം | 3,69,606 |
| 107/16 | കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിൽ വാർഡ് 10ൽ കുമാരീക്ഷേമകേന്ദ്രം | 8,10,101 |
| 166/16 | മേലുകാവ് ഗ്രാമപഞ്ചായത്തിൽ കുമാരീക്ഷേമകേന്ദ്രം | 4,31,861 |
| 172/16 | ചെമ്പ് ഗ്രാമപഞ്ചായത്തിൽ കുമാരീക്ഷേമകേന്ദ്രം | 9,15,051 |
| 173/16 | മണിമല ഗ്രാമപഞ്ചായത്തിൽ വാർഡ് 2ൽ കുമാരീക്ഷേമകേന്ദ്രം | 8,37,221 |
| 177/16 | കരൂർ ഗ്രാമപഞ്ചായത്തിൽ അന്ത്യാളം കുമാരീക്ഷേമകേന്ദ്രം | 9,22,035 |
| 179/16 | പൂഞ്ഞാർ ഗ്രാമപഞ്ചായത്തിൽ ചെറുകുന്നം കുമാരീക്ഷേമകേന്ദ്രം | 7,99,982 |

കെട്ടിടങ്ങൾ പ്രോജക്ടിലെ ഉദ്ദേശലക്ഷ്യത്തിനനുസൃതമായി ഉപയോഗപ്പെടുത്തുന്നതിന് പ്രസ്തുത കെട്ടിടങ്ങൾ അവ നിർമ്മാണം നടത്തിയ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറുന്നതിന് നടപടി സ്വീകരിക്കേണ്ടതും കെട്ടിടങ്ങൾഉപയോഗപ്രദമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## **3-54** <u>ഔദ്യോഗികവാഹനങ്ങളുടെ ഉപയോഗവും പരിപാലനവും-സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല.</u>

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ഔദ്യോഗിക വാഹനങ്ങളുടെ ഉപയോഗവും സംരക്ഷണവും സംബന്ധിച്ച സർക്കാർ ഉത്തരവനുസരിച്ച് ( 30-6-2007-ലെ ജി.ഒ.(എം.എസ്)170/07/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്) വാഹനങ്ങളുടെ ശരിയായ ഉപയോഗം ,സംരക്ഷണം, ഉപയോഗത്തിന്റെ നിയന്ത്രണം എന്നിവ കസ്റ്റോഡിയൻ ഓഫീസറുടെ ചുമതലയിൽപ്പെടുന്നു. 2015-16വർഷം ജില്ലാപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനങ്ങളുടെ ഉപയോഗവുമായി ബന്ധപ്പെട്ട് വിവിധ രേഖകൾ പരിശോധിച്ചതിൽ വാഹനങ്ങളുടെ ശരിയായ ഉപയോഗവും ഉപയോഗത്തിലെ നിയന്ത്രണവും ഉറപ്പുവരുത്തുന്നതിൽ മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചിട്ടില്ലായെന്നും ആയതിനാൽത്തന്നെ വാഹനസംരക്ഷണത്തിലും വാഹന ഉപയോഗത്തിലും ചെലവ് അധികരിച്ചിട്ടുള്ളതായും കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)10000/-രൂപയ്ക്ക് മേൽ ചെലവു വരുന്നഎല്ലാ അറ്റകുറ്റപ്പണികളും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കമ്മിറ്റിയുടെ /കൗൺസിലിന്റെ അംഗീകാരത്തിനു വിധേയമായി മത്സരസ്വഭാവമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ മാത്രമേ ചെയ്യിക്കാവൂ എന്നിരിക്കെ 2015-16വർഷം നടത്തിയ ചുവടെ ചേർക്കുന്ന എല്ലാ അറ്റകുറ്റപ്പണികളും മേൽനിർദ്ദേശത്തിനു വിരുദ്ധമായി ഒരു സ്ഥാപനത്തെക്കൊണ്ടാണ് ചെയ്യിച്ചിട്ടുള്ളത്.

2)വാഹനങ്ങൾക്ക് ആവശ്യമായിവരുന്ന റിപ്പയർപണികൾ സംബന്ധിച്ച് വാഹനത്തിന്റെ ഡ്രൈവർ റിപ്പോർട്ട് ചെയ്യേണ്ടതും കസ്റ്റോഡിയൻ ഓഫീസർ ചുമതലപ്പെടുത്തുന്ന എൻജിനീയർ ആയത് പരിശോധിച്ച് നൽകുന്ന എസ്സെൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.മേൽനടപടികൾക്കുശേഷം മാത്രം ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ അറ്റകുററപ്പണികൾ നടത്തേണ്ടതിനുപകരം വാഹനത്തിന് നടത്തുവാനുദ്ദേശിക്കുന്ന / നടത്തിയ പണികളുടെ ലിസ്റ്റ് ഉൾപ്പെടുത്തി പിന്നീട് സ്ഥാപനം തയ്യാറാക്കി നൽകുന്ന ഇൻവോയ്സിലാണ് മേൽപണികൾ വാഹനത്തിന് ആവശ്യമാണെന്ന് എൻജിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്

3)ലോഗ്ബുക്കിലെ രേഖപ്പെടുത്തലനുസരിച്ച് ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റിന്റെ ഔദ്യോഗികവാഹനമായ KL05-AE 9840നമ്പർ XYLO കാർ മിക്ക ദിവസങ്ങളിലും ഹെഡ്ക്വാർട്ടേഴ്സിൽനിന്ന് യാത്ര ആരംഭിക്കുകയോ ഹെഡ്ക്വാർട്ടേഴ്സിൽത്തന്നെ യാത്ര അവസാനിപ്പിക്കുകയോ ചെയ്തു കാണുന്നില്ല. മാത്രമല്ല പല ദിവസങ്ങളിലും വാഹനം ഹെഡ്കാവാർട്ടേഴ്സിൽ എത്തുന്നുമില്ല. വാഹനം പോകുന്ന സ്ഥലങ്ങൾ ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി സ്ഥലത്തേക്കുള്ള യാത്രയുടെ ഉദ്ദേശ്യം രേഖപ്പെടുത്തി യാത്ര ചെയ്യുന്ന ഉദ്യോസ്ഥൻ / ജനപ്രതിനിധി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഔദ്യോഗികവാഹനങ്ങളുടെ ഉപയോഗത്തിലും പരിപാലനത്തിലും ബന്ധപ്പെട്ട സർക്കാർ മാർഗ്ഗരേഖയിലെ നിർദേശങ്ങൾ പാലിക്കുന്നതിൽ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ശ്രദ്ധിക്കേണ്ടതും ഇതുമായി ബന്ധപ്പെട്ടുണ്ടാകുന്ന

ചെലവുകളുടെ സുതാര്യത ഉറപ്പാക്കുന്നതിലും അധികച്ചെലവുണ്ടാകാതിരിക്കുന്നതിലും കസ്റ്റോഡിയൻ ഓഫീസർ എന്ന നിലയിൽ സെക്രട്ടറി തന്റെ നിയമപരമായ ചുമതല നിറവേറ്റേണ്ടതുമാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക്/വൗച്ചർ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വിവിധ ഡിവിഷനുകളിൽ പൈപ്പ്ലൈൻ നീട്ടൽ- 28/16 | 882427,19.02.2016 | 49,000 | വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 49,000 |
| | | 882428, 19.02.2016 | 49,000 | " " | 49,000 |
| | | 882429, 19.02.2016 | 49,000 | " " | 49,000 |
| | | 882430, 19.02.2016 | 49,000 | " " | 49,000 |
| | | 882432, 19.02.2016 | 49,000 | " " | 49,000 |
| | | 882433, 19.02.2016 | 49,000 | " " | 49,000 |
| | | 882434, 19.02.2016 | 6,000 | " " | 6,000 |
| | | | | " " | |
| | | 882636, 25.02.2016 | 2,51,000 | " " | 25,10,000 |
| | | | | 28,10,000 | |
| " " | വാകത്താനം ഡിവിഷനിലെ മുതലപ്ര കോളനിയിൽ കുടിവെള്ള ലൈൻ പൂർത്തീകരണം- 781/16 | 96226, 11.04.2016 | 20,00,000 | വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 20,00,000 |
| " " | വെള്ളൂർ ഡിവിഷൻ തലയോലപ്പറമ്പ് പഞ്ചായത്ത് 4-ാം വാർഡിൽ | 880392, 18.01.2016 | 6,32,000 | വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 6,32,000 |

| | | | | | |
|---|---|---|---|---|---|
| | തിടാശ്ശേരി കോളനി പൈപ്പ്ലൈൻ എക്സ്റ്റൻഷൻ-825/16 | | | | |
| " " | തോട്ടക്കാട്ടുനിന്നും ഞാലിയാകുഴി കറുകച്ചാൽ റോഡിലേക്കുള്ള എ സി ഡിസ്ട്രിബ്യൂഷൻ കുടിവെള്ള പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കൽ-830/16 | 96225,11.04.2016 | 2,94,000 | വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 2,94,000 |
| " " | കടുത്തുരുത്തി ഡിവിഷനിൽ പൂവത്തോട്-പാലക്കര റോഡിലും തൊണ്ണാംകുഴി മാനാടിയിൽ റോഡിലും, കുടിവെള്ള പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കൽ-849/16 | 882287, 19.02.2016 | 5,00,000 | വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 5,00,000 |
| " " | കടുത്തുരുത്തി ഡിവിഷനിൽ കല്ലറ പഞ്ചായത്തിലെ 110 കോളനിയിൽ പൈപ്പ്ലൈൻ സ്ഥാപിക്കൽ-851/16 | 882690,29.02.2016 | 10,00,000 | വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 10,00,000 |
| കെ.എസ്.ഇ.ബി | വിവിധ | 860464,13.10.2015 | 3,02,480 | | |

| | | | | | |
|---|---|---|---|---|---|
| “ “ | ഡിവിനഷനുകലിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ- 27/16 | 880388,18.01.2016 | 2,99,992 | | |
| “ “ | | 882286, 19.02.2016 | 1,00,100 | | |
| “ “ | | 882691, 29.02.2016 | 2,79,000 | | |
| “ “ | | 883426,17.03.2016 | 10,06,100 | | |
| “ “ | | 883601, 17.03.2016 | 34,656 | | |
| “ “ | | 883427, 17.03.2016 | 99,190 | | |
| “ “ | | | 21,21,518 | 6,02,472 | 15,19,046 |
| “ “ | കടുത്തുരുത്തി ഡിവിഷനിൽ എഴുമാതുരുത്ത് കിഴക്കുംപുറം പാടശേഖരത്തിന് 3 ഫേസ് കണക്ഷൻ- 880/16 | 882627, 24.02.2016 | 1,12,166 | വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 1,12,166 |
| “ “ | നെടുംങ്കുന്നം പഞ്ചായത്തിലെ വിവിധ മേഖലകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ- 853/16 | 8833349/17.03.2016 | 4,77,179 | വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 4,77,179 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 24 | 2003-04 | 5-3(1) | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഡിക്ഷണറി വിതരണം ചെയ്തതിലെ ക്രമക്കേടുകൾ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണയിൽ ഉണ്ട് |
| 1998-99 | 7 | 2003-04 | 5-3(3) | വില കൊടുത്ത ബിറ്റുമിൻ യഥാസമയം ഏറ്റു വാങ്ങാതിരുന്നതിനാൽ നഷ്ടം സംഭവിച്ചു | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണയിൽ ഉണ്ട് |
| 1998-99 | 8 | 2003-04 | 5-3(4) | സർക്കാർ അനുമതിയില്ലാതെ 30% ൽ അധികം ടെണ്ടർ എക്സസ് നൽകി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണയിൽ ഉണ്ട് |
| 1998-99 | 3, 4, 5 | 2003-04 | 5-3(5) | സ്വാശ്രയ സംഘങ്ങൾക്ക് ധനസഹായം നൽകിയതിലെ അപാകതകൾ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണയിൽ ഉണ്ട് |
| 1999-00, 2000-01 | 23-1 | 2003-04 | 5-3(6) | കുടിവെള്ള പദ്ധതികൾ നടപ്പാക്കൽ അപാകതകൾ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണയിൽ ഉണ്ട് |
| 1999-00 മുതൽ 2001-02 വരെയുള്ള ജനകീയാസൂത്രണ ഓഡിറ്റ് | 2(ജെ) | 2003-04 | 5-3(8) | പദ്ധതി വിഹിതം സമയബന്ധിതമായി ചെലവഴിച്ചില്ല | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണയിൽ ഉണ്ട് |
| | 4 | 2003-04 | 5-3(9) | ജില്ലാ പഞ്ചായത്ത് ഭവൻ കെട്ടിടനിർമ്മാണം സർക്കാർ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ |

| | | | | | |
|---|---|---|---|---|---|
| | | | | നിർദ്ദേശങ്ങൾ ലംഘിക്കപ്പെട്ടു | പരിഗണയിൽ ഉണ്ട് |
| | 5 | 2003-04 | 5-3(10) | റബർ പാർക്ക് നിർമ്മാണം രൂപീകരണത്തിലെ അപാകതകൾ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണയിൽ ഉണ്ട് |
| | 6 | 2003-04 | 5-3(11) | പട്ടികജാതി വനിതകൾക്ക് തയ്യൽ മെഷീൻ വിതരണം ക്രമക്കേടുകൾ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണയിൽ ഉണ്ട് |
| | 7 | 2004-05 | 2-3 | യന്ത്രവത്കൃത ഡീഫൈബറിംഗ് യൂണിറ്റ് പ്രവർത്തനക്ഷമമായില്ല | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണയിൽ ഉണ്ട് |
| 2005-06 | 3-3 | 2007-08 | 3-38-1 | കണ്ണാടിച്ചാൽ പാലം അപ്രോച്ച് റോഡ് നിർമ്മാണം | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണയിൽ ഉണ്ട് |
| 2005-06 | 3-6 | 2007-08 | 3-38-2 | പെൺകുട്ടികൾക്ക് ഇംഗ്ലീഷ്, കണക്ക് വിഷയങ്ങളിൽ മെച്ചപ്പെട്ട നിലവാരം ഉയർത്തൽ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണയിൽ ഉണ്ട് |
| 2005-06 | 3-9 | 2007-08 | 3-38-3 | കമ്പ്യൂട്ടർ പരിശീലന പരിപാടി ക്രമക്കേടുകൾ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണയിൽ ഉണ്ട് |
| 2007-08 | പ്രോ.നം. 446/08 445/08 441/08 398/08 80/08 | 2009-10 | 2-8 | നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണയിൽ ഉണ്ട് |

| | | | | | |
|---|---|---|---|---|---|
| | 67/08<br>129/08<br>114/08<br>447/08<br>443/08<br>407/08<br>437/08<br>434/08<br>44/08<br>442/08 | | | | |
| 2008-09 | 3-21 | 2010-11 | 2-14 | നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണയിൽ ഉണ്ട് |
| 2008-09 | 3-2 | 2010-11 | 5-4-6(1) | സ്വാകാര്യ വ്യക്തിയുടെ അധീനതയിലുള്ള സ്ഥലത്ത് ജില്ലാ പഞ്ചായത്ത് കെട്ടിടം നിർമ്മിച്ചു | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണയിൽ ഉണ്ട് |
| 2010-11 | 3-6(2) | 2012-13 | | ഇടക്കുന്നം പഴമല പട്ടിക വർഗ്ഗ കോളനികളുടെ സമഗ്ര വികസനം ലക്ഷ്യം നേടിയില്ല | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണയിൽ ഉണ്ട് |
| | | 2013-14 | | ത.സ്വ.ഭ.വ. സ്ഥാപനങ്ങളും വിദ്യാഭ്യാസം മേഖലയും – പ്രവർത്തനക്ഷമതാ റിപ്പോർട്ട് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണയിൽ ഉണ്ട് |

## **4-8** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 69,57,64,381(മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 59,52,05,672 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 21,13,265 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,48,19,932 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 4610 | ശ്രീ.റ്റി.എസ്.അശോക്, സെക്രട്ടറി(ഇൻ ചാർജ്) |
| 3-7 | | 7853 | ശ്രീ.സി.എ.സന്തോഷ്, ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം |
| 3-12 | | 25,200 | ശ്രീ.പി.പി.പോൾ, ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം(അഡീഷണൽ ചാർജ്) |
| | | 1,47,600 | ശ്രീ.സി.എ.സന്തോഷ്, ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം |
| 3-15 | | 11,62,550 | ശ്രീ.സി.എ.സന്തോഷ്, ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം |
| 3-19 | | 365908 | ശ്രീമതി ജിജി സി.കെ., എക്സിക്യൂട്ടീവ് എൻജിനീയർ, എൽ എസ് ജി ഡി |
| 3-26 | | 16551 | ശ്രീമതി ജിജി സി.കെ., എക്സിക്യൂട്ടീവ് എൻജിനീയർ, എൽ എസ് ജി ഡി |
| 3-30 | | 24514 | ശ്രീമതി പ്രിയ ഫിലിപ്പ്, അസിസ്റ്റന്റ് എൻജിനീയർ, അതിരമ്പുഴ ഗ്രാമപഞ്ചായത്ത് |
| | | 24514 | ശ്രീ.റെജി ഫിലിപ്പ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് |
| | | 24514 | ശ്രീമതി ജിജി സി.കെ., എക്സിക്യൂട്ടീവ് എൻജിനീയർ, എൽ എസ് ജി ഡി |
| 3-31 | | 13,654 | ശ്രീമതി ജിജി സി.കെ., എക്സിക്യൂട്ടീവ് എൻജിനീയർ, എൽ എസ് ജി ഡി |
| 3-32 | | 7512 | ശ്രീമതി രാധാമണി, അസിസ്റ്റന്റ് എൻജിനീയർ, കുരോപ്പട ഗ്രാമപഞ്ചായത്ത് |
| | | 7512 | ശ്രീ.സുരേഷ് കുമാർ പി.കെ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് |
| | | 7512 | ശ്രീമതി ജിജി സി.കെ., എക്സിക്യൂട്ടീവ് എൻജിനീയർ, എൽ എസ് ജി ഡി |
| 3-33 | | 16318 | ശ്രീ.സോജൻ കെ.എസ്., അസിസ്റ്റന്റ് എൻജിനീയർ, മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്ത് |
| | | 16318 | ശ്രീ.സുരേന്ദ്രൻ പിള്ള, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, വൈക്കം ബ്ലോക്ക് പഞ്ചായത്ത് |

| | | | |
|---|---|---|---|
| | | 16318 | ശ്രീമതി ജിജി സി.കെ., എക്സിക്യൂട്ടീവ് എൻജിനീയർ, എൽ എസ് ജി ഡി |
| 3-34 | | 36,711 | ശ്രീമതി ജിജി സി.കെ., എക്സിക്യൂട്ടീവ് എൻജിനീയർ, എൽ എസ് ജി ഡി |
| 3-36 | | 36,250 | ശ്രീ.ദേവസ്യ, അസിസ്റ്റന്റ് എൻജിനീയർ, പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് |
| | | 36,250 | ശ്രീ.സന്തോഷ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് |
| | | 36,250 | ശ്രീമതി ജിജി സി.കെ., എക്സിക്യൂട്ടീവ് എൻജിനീയർ, എൽ എസ് ജി ഡി |
| 3-37 | | 13,880 | ഓഡിറ്റ് സമയത്ത് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ആദ്യ മറുപടിക്കൊപ്പം ലഭ്യമാക്കേണ്ടതാണ്. |
| | | 13,880 | ശ്രീ.സുരേന്ദ്രൻ പിള്ള, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ,വൈക്കം ബ്ലോക്ക് പഞ്ചായത്ത് |
| | | 13,880 | ശ്രീമതി ജിജി സി.കെ., എക്സിക്യൂട്ടീവ് എൻജിനീയർ, എൽ എസ് ജി ഡി |
| 3-41 | | 7807 | ശ്രീമതി ജിജി സി.കെ., എക്സിക്യൂട്ടീവ് എൻജിനീയർ, എൽ എസ് ജി ഡി |
| 3-46 | | 3997 | ശ്രീമതി ജിജി സി.കെ., എക്സിക്യൂട്ടീവ് എൻജിനീയർ, എൽ എസ് ജി ഡി |
| 3-51 | | 25,400 | ശ്രീ.സി.എ.സന്തോഷ്, ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം |
| ആകെ | | 21,13,265 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 159234 | ശ്രീ.റ്റി.എസ്.അശോക്, സെക്രട്ടറി (ഇൻ ചാർജ്) |
| 3-2 | 25,00,000 | ശ്രീ.റ്റി.എസ്.അശോക്, സെക്രട്ടറി(ഇൻ ചാർജ്) |
| 3-3 | 1,10,00,000 | ശ്രീ.റ്റി.എസ്.അശോക്, സെക്രട്ടറി(ഇൻ ചാർജ്) |
| 3-6 | 25,00,000 | ശ്രീ.ടോം സി. ആന്റണി, ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം |
| 3-10 | 687640 | ശ്രീ.സി.എ.സന്തോഷ്, ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം |
| 3-13 | 5,00,000 | ശ്രീ.സി.എ.സന്തോഷ്, ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം |
| 3-14 | 9,91,100 | ശ്രീ.സി.എ.സന്തോഷ്, ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം |
| 3-15 | 8361550 | ശ്രീ.സി.എ.സന്തോഷ്, ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം |
| 3-17 | 2,88,279 | ശ്രീമതി ജിജി സി.കെ., എക്സിക്യൂട്ടീവ് എൻജിനീയർ |
| 3-18 | 29,32,151 | ശ്രീമതി ജിജി സി.കെ., എക്സിക്യൂട്ടീവ് എൻജിനീയർ |
| 3-23 | 974962 | ശ്രീമതി ജിജി സി.കെ., എക്സിക്യൂട്ടീവ് എൻജിനീയർ |

| | | |
|---|---|---|
| 3-24 | 965332 | ശ്രീമതി ജിജി സി.കെ., എക്സിക്യൂട്ടീവ് എൻജിനീയർ |
| 3-28 | 81,751 | ശ്രീമതി ജിജി സി.കെ., എക്സിക്യൂട്ടീവ് എൻജിനീയർ |
| 3-29 | 9,52,270 | ശ്രീമതി ജിജി സി.കെ., എക്സിക്യൂട്ടീവ് എൻജിനീയർ |
| 3-39 | 4,75,000 | ശ്രീമതി റെജി മോൾ, അസിസ്റ്റന്റ് എൻജിനീയർ, കൊഴുവനാൽ ഗ്രാമപഞ്ചായത്ത് |
| 3-48 | 9946863 | ശ്രീ.റ്റി.എസ്.അശോക്, സെക്രട്ടറി(ഇൻ ചാർജ്) |
| 3-50 | 14,99,200 | ശ്രീ.സി.എ.സന്തോഷ്, ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം |
| 3-51 | 4,600 | ശ്രീ.സി.എ.സന്തോഷ്, ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം |
| ആകെ | 4,48,19,932 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഖ.3-7, ഇക : 1139, ശ്രീ.സി.എ.സന്തോഷ്, ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
3-9

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.റ്റി.എസ്.അശോക്, സെക്രട്ടറി(ഇൻ ചാർജ്) | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ശ്രീനിവാസ രാമാനുജ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക്ക് സയൻസ്, പാമ്പാടി | ലക്ഷ്മി നിവാസ്, പടിഞ്ഞാറ്റിൻകര പി.ഒ., കോട്ടയം, പിൻ- 686 571 |
| ശ്രീ.സി.എ.സന്തോഷ്, ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം | ശ്രീ.സി.എ.സന്തോഷ്, ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം, എറണാകുളം | ചെറുമറ്റത്ത് ഹൗസ്, കിഴുമറി പി ഒ, രാമമംഗലം, എറണാകുളം- 686663 |
| ശ്രീമതി സി.കെ.ജിജി , എക്സിക്യൂട്ടീവ് എൻജിനീയർ, എൽ എസ് ജി ഡി | ശ്രീമതി സി.കെ.ജിജി , എക്സിക്യൂട്ടീവ് എൻജിനീയർ, എൽ എസ് ജി ഡി | മിസ്പാ, മഞ്ചള്ളൂർ, പത്തനാപുരം, പിൻ- 689695 |
| ശ്രീ.പി.പി.പോൾ, ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം(അഡീഷണൽ ചാർജ്) | വിരമിച്ചു | കക്കാക്കുഴിയിൽ, പരിയാരം പി.ഒ., കോട്ടയം- 686021 |
| ശ്രീമതി പ്രിയ ഫിലിപ്പ്, അസിസ്റ്റന്റ് എൻജിനീയർ, അതിരമ്പുഴ ഗ്രാമപഞ്ചായത്ത് | ലഭ്യമല്ല | പുത്തൻപറമ്പിൽ, അമലഗിരി പി.ഒ., കോട്ടയം |
| ശ്രീ.റെജി ഫിലിപ്പ്, അസിസ്റ്റന്റ് | ലഭ്യമല്ല | മറ്റത്തിൽ, ഒളശ്ശ പി.ഒ., |

| | | |
|---|---|---|
| എക്സിക്യൂട്ടീവ് എൻജിനീയർ, ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് | | കോട്ടയം |
| ശ്രീമതി രാധാമണി, അസിസ്റ്റന്റ് എൻജിനീയർ, കുരോപ്പട ഗ്രാമപഞ്ചായത്ത് | ലഭ്യമല്ല | കാർത്തിക, കരിയം, പൗഡിക്കോണം പി.ഒ., തിരുവനന്തപുരം |
| ശ്രീ.സുരേഷ് കുമാർ പി കെ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | ലഭ്യമല്ല | ശാലിനി സദനം, കല്ലുമല പി.ഒ., മാവേലിക്കര- 690110 |
| ശ്രീ.സോജൻ കെ എസ്, അസിസ്റ്റന്റ് എൻജിനീയർ, മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്ത് | ലഭ്യമല്ല | കല്ലറക്കൽ ഹൗസ്, പാലാ പി.ഒ., കോട്ടയം |
| ശ്രീ.സുരേന്ദ്രൻ പിള്ള, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ,വൈക്കം ബ്ലോക്ക് പഞ്ചായത്ത് | ലഭ്യമല്ല | വിഷ്ണുകൃപ, മായിത്തറ പി.ഒ., ചാരാമംഗലം, ചേർത്തല |
| ശ്രീ.ദേവസ്യ, അസിസ്റ്റന്റ് എൻജിനീയർ, പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് | ലഭ്യമല്ല | വട്ടകുളം ഹൗസ്, കോതനല്ലൂർ പി.ഒ., കോട്ടയം- 686632 |
| ശ്രീ.സന്തോഷ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | ലഭ്യമല്ല | സവല്യ, റ്റി സി 5/1808(1), പേരൂർക്കട പി.ഒ., തിരുവനന്തപുരം |

## **4-9** <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 94-95 | എൽ.എഫ്.കെ.പി2/598 /98/ അദാ/14/28.11.14 |
| 95-96 | എൽ.എഫ്.കെ.പി5/224/98/അദാ/14/28.11.14 |
| 96-97 | എൽ.എഫ്.കെ.പി5/744/98/അദാ/14/28.11.14 |
| 99-2000 | എൽ.എഫ്.കെ.പി5/146/02 20.06.02/10.06.03 |
| 2000-01, 2001-02 | എൽ.എഫ്.കെ.പി5/14/04 20.12.04/1.1.15 |
| 2001-02 | എൽ.എഫ്.കെ.പി5/832/05 16.6.06 |
| 2002-03 | എൽ.എഫ്.കെ.പി5/774/06 30.06.09/06.10.09 |

| | |
|---|---|
| 2003-04 | എൽ.എഫ്.കെ.പി5/82/08 12.12.08 |
| 2004-05 | എൽ.എഫ്.കെ.പി5/83/08 22.12.08 |
| 2005-06 | എൽ.എഫ്.കെ.പി5/196/10/27.7.10/10.12.10 |
| 2006-07 | എൽ.എഫ്.കെ.പി5/97/10(1)/7.8.12 |
| 2007-08 | എൽ.എഫ്.കെ.പി5/154/11(1)/3.8.12/11.9.12 |
| 2008-09 | എൽ.എഫ്.കെ.പി5/46/11(1)/3.8.12/12.9.12 |
| 2009-10 | എൽ.എഫ്.കെ.പി9/47/11/3.8.12/10.9.12 |
| 2010-11, 2011-12 | എൽ.എഫ്.കെ.പി9/1173/13 /4.6.14 |
| 2012-13 | എൽ.എഫ്.കെ.പി9/674(4)/3.8.15 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി- 9/3/16, 09.02.16 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം 1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-കെ.ടി.എം.പി18/430/17 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.
ഫോൺ: 04812564886
doktm.ksad@kerala.gov.inഇ-മെയിൽ:

തീയതി:29.3.17

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോട്ടയം ജില്ലാപഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റ് നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 2.1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഉള്ളതിനാൽ കോട്ടയം

ജില്ലാപഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യ പത്രിക ജില്ലാപഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുവാൻ സാധിക്കുകയില്ല.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം